JEEVA MOZHIKAL RNI/KERBIL/-2003/21404
October 2011 www.jeevamozhikal.org

Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

## ജീവനെ നൽകുന്ന സ്നേഹം

**"ഞാൻ** പ്രസംഗിക്കുന്നതിനു മുൻപ് നന്നേ ചെറുപ്പം മുതൽ എനിക്ക് പരിചയമുള്ള ഈ പ്രിയ അപ്പച്ചൻ അല്പസമയം സംസാരിക്കും" സഭാ പാസ്റ്റർ അങ്ങനെ പ്രസ്താവിച്ചു.

തുടർന്നു പ്രായമുള്ള ആ പിതാവ് പ്രസംഗവേദിയിലേക്കു കയറി. അദ്ദേഹം സദസ്സിനോട് ഒരു കഥ പറഞ്ഞു. "ഒരു പിതാവ് തന്റെ ഏക മകനും മകന്റെ കൂട്ടുകാരനുമൊത്ത് ഒരു കൊച്ചുബോട്ടിൽ സമുദ്രത്തിൽ ഉല്ലാസ യാത്ര നടത്തുകയാണ്. പെട്ടെന്നു കടൽ ക്ഷോഭിച്ചു. തിരമാലകൾ ആർത്തലച്ചുവന്നു. ബോട്ടുമറിഞ്ഞു."

അദ്ദേഹം ഒരു നിമിഷം നിർത്തി. സദസ്സിൽ തന്നെ ഇമവെട്ടാതെ നോക്കിക്കൊണ്ടിരിക്കുന്ന കൗമാരക്കാരായ രണ്ടു കുട്ടികളെ നോക്കിക്കൊണ്ട് അദ്ദേഹം തുടർന്നു.

"മൂന്നുപേരും കടലിൽ വീണു. ആ പിതാവ് പരിചയ സമ്പന്നനായ നീന്തൽക്കാരനായിരുന്നു. എന്നിട്ടും രണ്ടു കുട്ടികളെയും കൊണ്ട് നീന്തികേറ്റാൻ പ്രയാസമാണെന്ന് അയാൾക്കു മനസ്സിലായി. തന്റെ മകൻ യേശുവിനെ രക്ഷകനായി സ്വീകരിച്ചിട്ടുണ്ടെന്നും എന്നാൽ മകന്റെ കൂട്ടുകാരൻ രക്ഷിക്കപ്പെട്ടതല്ലെന്നും ആ പിതാവിനറിയാം. അതുകൊണ്ട് പിതാവ് മകന്റെ കൂട്ടുകാരന്റെ കയ്യിൽ പിടിച്ചു. സ്വന്തം മകനോട് വിളിച്ചു പറഞ്ഞു. "മോനേ ഞാൻ നിന്നെ സ്നേഹിക്കുന്നു". ഒരു നിമിഷം. ആർത്തലച്ചു വന്ന ഒരു തിരമാല ആ മകനെ കടലിലേക്കു വലിച്ചെടുത്തു. പിന്നെ അവന്റെ ജഡംപോലും കിട്ടിയിട്ടില്ല. തന്റെ മകൻ യേശുവിനെ സ്വീകരിച്ചിട്ടുള്ളതു കൊണ്ട് നിത്യതയിൽ കാണുമെന്ന ഉറപ്പുണ്ടായിരുന്ന ആ പിതാവ് മകന്റെ കൂട്ടുകാരനെ രക്ഷിച്ചു കരയിലേക്കു നീന്തി".

പിതാവു തുടർന്നു: " ദൈവവും ഇതുപോലെയാണു നമ്മോടു പെരുമാറിയത്. നമ്മെ നരകത്തിൽ നിന്നു രക്ഷിപ്പാനായി സ്വന്തം മകനെ മരണത്തിനു ഏൽപ്പിച്ചു കൊടുത്തു. ഈ സ്നേഹത്തെ നിങ്ങൾ അംഗീകരിക്കുമോ?."

യോഗാനന്തരം സദസ്സിൽ പിതാവിനെ കേട്ടിരുന്ന രണ്ടു കുട്ടികളും ആ അപ്പച്ചനെ സമീപിച്ച് ഇങ്ങനെ പറഞ്ഞു.

"അപ്പച്ചാ, കഥ ഞങ്ങൾക്ക് ഇഷ്ടമായി. പക്ഷേ ആരെങ്കിലും സ്വന്തം മകനെ ഉപേക്ഷിച്ച് മകന്റെ കൂട്ടുകാരനെ രക്ഷിക്കുമോ?"

അപ്പച്ചൻ പുഞ്ചിരിച്ചു. അല്പനേരം അദ്ദേഹം എന്തോ ഓർത്തിരുന്നു. പിന്നെ ശബ്ദം താഴ്ത്തി ഇങ്ങനെ പറഞ്ഞു: "കുഞ്ഞുങ്ങളെ, മകനെ കടലിൽ ഉപേക്ഷിച്ച ആ പിതാവ് ഞാനാണ്. ഞാൻ രക്ഷിച്ച എന്റെ മകന്റെ കൂട്ടുകാരൻ മറ്റാരുമല്ല, നിങ്ങളുടെ പാസ്റ്ററാണ്".

ആ കുഞ്ഞുങ്ങൾ പിന്നെ മടിച്ചുനിന്നില്ല. യേശുവിന്റെ സ്നേഹത്തെ അവരും സ്വീകരിച്ചു.

"അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വെച്ചുകൊടുത്തതിനാൽ നാം സ്നേഹമെന്ത് എന്നറിഞ്ഞിരിക്കുന്നു.........(1യോഹ.3: 16)

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 9 - ലക്കം 10 ഒക്ടോബർ 2011 Rs. 7.00



**എഡിറ്റോറിയൽ**

# സഭയുടെ പരമ പ്രാധാന്യം



"താങ്കളെ എനിക്കു വളരെ ഇഷ്ടമാണ്; എന്നാൽ താങ്കളുടെ ഭാര്യയെ ഞാൻ വെറുക്കുന്നു" എന്നൊരാൾ പറഞ്ഞാൽ തന്നെ നമുക്ക് ഒരസാധാരണത്വം തോന്നും. എന്നാൽ ഒരു പടികൂടി കടന്ന് "താങ്കളെ ഞാൻ അംഗീകരിക്കുന്നു; എന്നാൽ താങ്കളുടെ ശരീരത്തെ ഞാൻ നിഷേധിക്കുന്നു" എന്നു പറഞ്ഞാലോ? അതെങ്ങനെ കഴിയും എന്നു നാം അമ്പരക്കും. എന്നാൽ ഇന്നു ക്രിസ്തീയഗോളത്തിൽ പലരുടെയും നിലപാട് അതാണ്. "യേശുവേ, അങ്ങയെ എനിക്കു വലിയ ഇഷ്ടമാണ്; എന്നാൽ അങ്ങയുടെ മണവാട്ടിയെ എനിക്ക് ഇഷ്ടമില്ല. അങ്ങയുടെ ശരീരത്തെ ഞാൻ അംഗീകരിക്കുന്നില്ല"- ഇതാണ് അവർ പറയുന്നത്. യേശുവിന്റെ മണവാട്ടി, യേശുവിന്റെ ശരീരം, മറ്റാരുമല്ല- അതു സഭയാണ്. യേശുവിനെ സ്നേഹിക്കുകയും അതേസമയം ദൈവസഭയെ ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്നതു തികച്ചും അസാധാരണവും അമ്പരപ്പിക്കുന്നതുമായ കാര്യമാണ്. എന്നാൽ എത്രപേർ സഭയുടെ ഈ അതുല്യത കണ്ടിട്ടുണ്ട്?.

ബൈബിൾ, പഴയ പുതിയ നിയമങ്ങൾ, വായിക്കുമ്പോൾ നാം ചിലപ്പോൾ ചിന്തിക്കും- ദൈവം ആത്യന്തികമായി എന്തിന്റെ പിന്നാലെയാണ്?. ദൈവത്തിന് എന്താണ് ആവശ്യം?. നല്ല പ്രവർത്തനങ്ങളാണോ അവിടുന്ന് ആഗ്രഹിക്കുന്നത്?. പാപത്തിന്റെ മേൽ ജയമുള്ള ആളുകളെയാണോ അവിടുത്തേക്ക് ആവശ്യം?. ഇതെല്ലാം നല്ലതു തന്നെ. എന്നാൽ ദൈവം ആത്യന്തികമായി ഉന്നം വയ്ക്കുന്നതു തന്റെ പുത്രന് ഒരു കാന്തയെയാണ്. ദൈവത്തിന്റെ പ്രാഥമിക ലക്ഷ്യം തന്റെ ശരീരമായ സഭയുടെ പണിയാണ്.

ദൈവത്തിന്റെ പ്രവർത്തനങ്ങൾ എല്ലാം സഭയ്ക്കു വേണ്ടിയാണ്. കർത്താവിന്റെ മരണം സഭയ്ക്കു വേണ്ടിയായിരുന്നു. (ക്രിസ്തു സഭയെ സ്നേഹിച്ചു തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചുകൊടുത്തു- എഫേസ്യർ 5:25-27). ക്രിസ്തുവിനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിച്ച് എല്ലാ വാഴ്ചകൾക്കും അധികാരങ്ങൾക്കും മേലെ ഇരുത്തിയത് സഭയ്ക്ക് തലയാകുവാൻ വേണ്ടിയാണ്. (അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ച് അവനെ ........ ഉയിർപ്പിക്കുകയും സ്വർഗ്ഗത്തിൽ തന്റെ വലത്തു ഭാഗത്ത് എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർതൃത്വത്തിനും ........ അത്യന്തം മീതെ ഇരുത്തുകയും ............... സർവ്വത്തിനും മീതെ തലയാക്കി ................. ശരീരമായ സഭയ്ക്കു കൊടുക്കുകയും ചെയ്തിരിക്കുന്നു എഫേസ്യ. 1:20-23). അവിടുത്തെ പ്രവൃത്തി സഭയുടെ പണിയാണ് (ഞാൻ എന്റെ സഭയെ പണിയും-മത്തായി 16:18; ദൈവത്തിന്റെ നിവാസമാകേണ്ടതിന് ............ പണിതുവരുന്നു- എഫേസ്യ2:22). കഴിഞ്ഞ രണ്ടായിരം വർഷമായി പരിശുദ്ധാത്മാവു ചെയ്യുന്നതും സഭയുടെ പണി തന്നെ. ദൈവം അപ്പോസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ എന്നിവരെ നിയമിച്ചിരിക്കുന്നതും സഭയ്ക്കുവേണ്ടി. (എഫേസ്യ 4:11; 1 കൊരി. 12:28)........ നോക്കുക: എല്ലാം സഭയ്ക്കുവേണ്ടി.

എന്നാൽ ദൈവത്തിന്റെ പ്രവർത്തനത്തിന്റെ കേന്ദ്രീകൃതമായ ഊന്നൽ ഇന്ന് എത്രപേർ കാണുന്നുണ്ട്?. വാച്ച്മാൻ നീയുടെ ഇതേപ്പറ്റിയുള്ള നിരീക്ഷണം ഇങ്ങനെ? "ഇന്നു സാത്താൻ പലതരം പ്രവർത്തനങ്ങൾ ദൈവസഭയുടെ പണിക്കു പകരം വയ്ക്കുന്നു. ആദിമുതൽ അവസാനം വരെ ദൈവത്തിന്റെ ലക്ഷ്യം സഭയാണ്. എന്നാൽ ദൈവത്തിന്റെ ഈ പ്രവൃത്തിയെ തകിടം മറിക്കാനാണ് സാത്താൻ ശ്രമിക്കുന്നത്. ഇതു മൂലം ദൈവസഭയ്ക്കു പകരം പല പ്രവർത്തനങ്ങളെ പിൻതുടരുവാൻ ക്രിസ്ത്യാനികളെ അവൻ പ്രേരിപ്പിക്കുന്നു".

സഭയ്ക്കു ക്രിസ്തുവുമായുള്ള ബന്ധം ശരീരം, മണവാട്ടി എന്നീ നിലയിലാണ്. സഭയുടെ ഈ ദ്വിമുഖമായ ബന്ധം വിശദീകരിക്കുന്ന വേദഭാഗമാണ് എഫേസ്യർ 5:25-30. ഈ വചനം ശ്രദ്ധയോടെ ധ്യാനിച്ചാൽ അതു നമുക്കു ക്രിസ്തു, ശരീരം, മണവാട്ടി എന്നീ മൂന്നു ഘടകങ്ങൾക്കുള്ള അന്യോന്യബന്ധം സംബന്ധിച്ചു പുതിയ വെളിച്ചം നൽകും.

"ഭർത്താന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവൻ അവളെ വചനത്തോടു കൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും കറ, ചുളുക്കം മുതലായത് ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കുതന്നെ തേജസ്സോടെ മുൻനിറുത്തേണ്ടതിനും തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചു കൊടുത്തു.

അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്തശരീരങ്ങളെപ്പോലെ സ്നേഹിക്കേണ്ടതാകുന്നു. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു. ആരും തന്റെ ജഡത്തെ ഒരുനാളും പകച്ചിട്ടില്ലല്ലോ. ക്രിസ്തുവും സഭയെ ചെയ്യുന്നതുപോലെ അതിനെ പോറ്റി പുലർത്തുകയത്രെ ചെയ്യുന്നത്" (എഫെസ്യ.5:25-29).

ഈ വേദഭാഗത്തെ മൊത്തത്തിൽ രണ്ടായിത്തിരിക്കാം. ആദ്യത്തെ മൂന്നു വാക്യങ്ങൾ ('ഭർത്താക്കന്മാരെ' .......... എന്നു തുടങ്ങി 'ഏൽപ്പിച്ചു കൊടുത്തു' എന്നതു വരെയുള്ള ഭാഗം) സഭയെ ഒരു മണവാട്ടിയായി ചിത്രീകരിക്കുന്നു. അടുത്ത രണ്ടു വാക്യങ്ങൾ ('അവ്വണ്ണം ഭർത്താക്കന്മാരും'..... എന്നു തുടങ്ങി 'പോറ്റി പുലർത്തുകയത്രെ ചെയ്യുന്നത്' എന്നു വരെയുള്ള ഭാഗം) സഭയെ ഒരു ശരീരം എന്ന നിലയിൽ പരാമർശിക്കുന്നു. ഇതിൽ ശരീരമായി ചിത്രീകരിക്കുന്ന ഭാഗത്തു ക്രിസ്തു ചെയ്യുന്ന 'പോറ്റുന്നു' 'പുലർത്തുന്നു' തുടങ്ങിയ ക്രിയകൾക്കു വർത്തമാനകാല രൂപമാണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ മണവാട്ടിയായി പരാമർശിക്കുന്ന ഭാഗത്ത് 'തനിക്കു തന്നെ തേജസ്സോടെ മുൻനിറുത്തേണ്ടതിന്' എന്നു പറയുമ്പോൾ അതു ഭാവികാലമാണ്. ചുരുക്കത്തിൽ സഭ ഇന്നു ക്രിസ്തുവിന്റെ ശരീരമാണ്; നാളെ മണവാട്ടിയായി തീരുകയും ചെയ്യും. ഇന്നു ശരീരമായി തീരുന്നതാണു നാളെ മണവാട്ടിയായി മാറുന്നത്. വർത്തമാനകാലത്തെ സഭയുടെ പ്രസക്തിയിലേക്കാണ് ഇതുവിരൽ ചൂണ്ടുന്നത്.

ഒരിക്കൽ ശരീരത്തിന്റെ ഭാഗമായതു പിന്നീടു മണവാട്ടിയാകുന്നതിനുള്ള ഏറ്റവും നല്ല ഉദാഹരണം ബൈബിളിൽ കാണുന്നതു ഹവ്വയാണ്. ഹവ്വ ഒരിക്കൽ ആദമിന്റെ ശരീരമായിരുന്നു. ആദമിന്റെ ശരീരത്തിൽ നിന്നു വാരിയെല്ലെടുത്തു പിന്നീടു ഹവ്വയെ സൃഷ്ടിക്കുകയായിരുന്നു. ഇങ്ങനെ സൃഷ്ടിച്ചതിനു ശേഷം ഹവ്വയെ ദൈവം വീണ്ടും ആദമിനു തന്നെ ഭാര്യയായി നൽകുന്നു. അപ്പോൾ ആദം, 'ഇവൾ എന്റെ അസ്ഥിയിൽ നിന്ന് അസ്ഥിയും എന്റെ മാംസത്തിൽ നിന്നു

(ശേഷം പേജ് 38 ൽ)

സന്ദേശം

# സഭയെ വിലമതിക്കുക

**ക്രി**സ്തുവും സഭയെ സ്നേഹിച്ചതുപോല അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും കറ, ചുളുക്കം മുതലായ ഒന്നുമില്ലാതെ സഭയെ ശുദ്ധവും നിഷ്കളങ്കയുമാക്കി തനിക്കുതന്നെ തേജസ്സോടെ മുൻനിറുത്തേണ്ടതിനും തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചുകൊടുത്തു. (എഫെ.5:25:27) നാം നമ്മുടെ ജീവിതം ആർക്കെങ്കിലും വേണ്ടിയോ എല്ലാവർക്കും വേണ്ടിയോ കൊടുക്കുകയില്ല. എന്നാൽ ചിലർക്കുവേണ്ടി നാം നമ്മുടെ സ്വന്തജീവൻ പോലും കൊടുക്കും.

ഉദാഹരണത്തിന് നിങ്ങളുടെ കുഞ്ഞ് മരിക്കാൻ പോകുകയാണ് നിങ്ങളുടെ വൃക്ക കൊടുക്കേണ്ട ആവശ്യം വന്നാൽ ജീവൻ അപകടത്തിലാകാൻ സാധ്യത ഉണ്ടെങ്കിലും തീർച്ചയായും നിങ്ങൾ വൃക്ക കൊടുക്കാൻ തയ്യാറാകും. കുഞ്ഞിന്റെ ജീവൻ രക്ഷിക്കാൻ സന്തോഷത്തോടെ സ്വന്തജീവൻ നിങ്ങൾ ത്യജിക്കും. എന്നാൽ ഒരു അപരിചിതനുവേണ്ടി നിങ്ങൾ അങ്ങനെ ചെയ്യുകയില്ല. നിങ്ങളുടെ ഏറ്റവും അടുത്ത അയൽക്കാരനാണെങ്കിൽ പോലും അങ്ങനെ ചെയ്യുമോ? നാം ആർക്കെങ്കിലും വേണ്ടി എന്തെങ്കിലും ചെയ്യുന്നത് നാം അവരെ വിലമതിക്കുന്നതിന്റെ അളവിന് അനുസരിച്ചാണ്.

മുകളിൽ കൊടുത്ത വാക്യത്തിൽ



*ഭൂമിയിൽ മഹത്തായ മൂല്യമുള്ളതൊന്നും സ്വർഗത്തിൽ വിലയുള്ളതല്ല എന്നു നാം ഓർക്കേണ്ടതാണ്. ഭൂമിയിൽ മൂല്യമുള്ള എന്തെങ്കിലും നഷ്ടപ്പെട്ടാൽ അത് നിത്യതയിൽ സാരമില്ലാത്ത കാര്യമാണ്.*

*അവിടുത്തെ സഭയിലുള്ള ഓരോരുത്തരെയും സ്നേഹിച്ച് അവർക്കുവേണ്ടി സ്വന്തജീവൻപോലും കൊടുക്കുവാൻ തയ്യാറാകുന്ന തലത്തിൽ ഭൂമിയിൽ യേശുവിനെ അനുഗമിക്കാൻ നമുക്കു തുടങ്ങരുതോ? തെക്കേ അമേരിക്കയോ, റഷ്യയോ പോലുള്ള വിദൂരസ്ഥലങ്ങളിലെ സഹോദരന്മാരെയും സഹോദരികളെയും സ്നേഹിക്കുന്നത് വളരെ എളുപ്പമാണ്. എന്തുകൊണ്ടെന്നാൽ നാം അവരെ ഒരിക്കലും കാണുന്നില്ല. അവരിലാരും നമ്മുടെ ക്ഷമയെ പരീക്ഷിക്കയുമില്ല!!*

നാം വായിക്കുന്നത് ക്രിസ്തു സഭയെ സ്നേഹിച്ചു-സഭ എന്നത് ഞാനും നിങ്ങളുമാണ്. അവിടുത്തെ ജീവനും നമുക്കുവേണ്ടിയായിരുന്നു. നാം അവിടുത്തേക്ക് വിലയേറിയവരായി തോന്നിയതിനാൽ അവിടുന്ന് അവിടുത്തെ വൃക്കമാത്രമല്ല, മുഴു ജീവനും നമുക്കുവേണ്ടി നല്കുവാൻ മനസ്സുള്ളവനായിരുന്നു.

നാമെല്ലാം പറയാറുണ്ട്. നമുക്ക് യേശുവിനെ അനുഗമിക്കാൻ ആഗ്രഹമുണ്ടെന്ന്. എന്നാൽ നാം എങ്ങനെയാണ് തന്നെ അനുഗമിക്കുന്നത്? നിത്യതമുഴുവൻ യേശുവിനോടു കൂടെ വസിക്കുവാൻ സ്വർഗത്തിലേക്കു പോകുന്നതു മാത്രമാണോ നാം ചിന്തിക്കുന്നത്? ഒന്നാമതായി അവിടുത്തെ സഭയിലുള്ള ഓരോരുത്തരെയും സ്നേഹിച്ച് അവർക്കുവേണ്ടി സ്വന്തജീവൻപോലും കൊടുക്കുവാൻ തയ്യാറാകുന്ന തലത്തിൽ ഭൂമിയിൽ യേശുവിനെ അനുഗമിക്കാൻ നമുക്കു തുടങ്ങരുതോ? തെക്കേ അമേരിക്കയോ റഷ്യയോ പോലുള്ള വിദൂരസ്ഥലങ്ങളിലെ സഹോദരന്മാരെയും സഹോദരികളെയും സ്നേഹിക്കുന്നത് വളരെ എളുപ്പമാണ്. എന്തുകൊണ്ടെന്നാൽ നാം അവരെ ഒരിക്കലും കാണുന്നില്ല. അവരിലാരും നമ്മുടെ ക്ഷമയെ പരീക്ഷിക്കയുമില്ല!! നമുക്കവരെ കാണാൻ സാധിക്കാത്തതുകൊണ്ട് അവർക്കുവേണ്ടി നമ്മുടെ ജീവനെ വെച്ചുകൊടുക്കുവാൻ കഴിയുകയില്ല.

നമ്മെ താൻ അളവുകൂടാതെ സ്നേഹിക്കുന്നു എന്നൊരു സന്ദേശം യേശുസ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ട് അയച്ചുതരികയായിരുന്നില്ല. അവിടുന്നു ഭൂമിയിലേക്കു വന്ന് തന്റെ ജീവൻ വച്ചുകൊണ്ട് തന്റെ സ്നേഹം നമ്മെ കാണിക്കുകയായിരുന്നു. സഭയോടുള്ള നമ്മുടെ സ്നേഹം വാക്കുകളാലല്ല നാമും പ്രകടിപ്പിക്കേണ്ടത്. മറിച്ചു നമ്മോടുകൂടെ അവിടുന്ന് ആക്കി വച്ചിട്ടുള്ളവർക്കുവേണ്ടി നമ്മുടെ ജീവനെ വെച്ചുകൊടുക്കുന്നതിൽകൂടിയാണതു കാണിക്കുവാൻ കഴിയുക.

നമ്മുടെ ബഹുമാനം, അന്തസ്സ്, അവകാശങ്ങൾ, പ്രതീക്ഷകൾ തുടങ്ങിയവയെല്ലാം പ്രാദേശികസഭയിൽ നമ്മോടു കൂടെ ദൈവം ആക്കിയിരിക്കുന്ന സഹോദരന്മാർക്കും സഹോദരിമാർക്കും വേണ്ടി ത്യജിക്കുവാൻ നാം തയ്യാറാണോ? നാം അങ്ങനെ ആണെങ്കിൽ മാത്രമേ യേശു കർത്താവിന് നമ്മിൽ കൂട്ടായ്മയും ആത്മാവിലുള്ള ഐക്യവും കാണുവാൻ കഴിയുകയുള്ളു.

മാനസാന്തരപ്പെട്ടുവെങ്കിലും കർത്താവിനു വേണ്ടി പൂർണ്ണഹൃദയത്തോടെ ജീവിക്കാതിരുന്ന ഒരു ചെറുപ്പക്കാരനെപ്പറ്റി ഞാൻ വായിച്ചിട്ടുണ്ട്. ഒരുദിവസം അവനുണ്ടായ സ്വപ്നത്തിൽ അവൻ മരിക്കുന്നതും സ്വർഗത്തിൽ പ്രവേശിക്കുന്നതുമായി അവൻ കണ്ടു. അവിടെ അവന്റെ ജീവിതത്തിന്റെ പുസ്തകത്തിൽ 'ക്ഷമിച്ചിരിക്കുന്നു'എന്ന് എഴുതിയിരിക്കുന്നതു കണ്ടു.





തന്നോട് ക്ഷമിച്ചിരിക്കുന്നതിലും സ്വർഗത്തിൽ ആയിരിക്കുന്നതിലും അവൻ വളരെ സന്തോഷിച്ചു.

എന്നാൽ സ്വർഗത്തിൽ ചില വിശ്വാസികളെ തേജസിന്റെ ഒരു പ്രത്യേക പരിവേഷത്തോടുകൂടി അവൻ കണ്ടു. അവർ ഭൂമിയിൽ കർത്താവിനു വേണ്ടി തങ്ങളുടെ ജീവൻ വച്ച രക്തസാക്ഷികൾ ആയിരുന്നു. അവർ കർത്താവിനു വേണ്ടിയും അവിടുത്തെ സഭയ്ക്കുവേണ്ടിയും എല്ലാ ഉപേക്ഷിച്ചവരായിരുന്നു. അവർ പണവും സ്ഥാനവും മാനവും ലോകം വിലമതിച്ചിരുന്നതുമെല്ലാം കർത്താവിനുവേണ്ടി ത്യജിച്ചവരായിരുന്നു.

സ്വർഗത്തിൽ അവരുടെ വലിയ തേജസ്കണ്ട് ഈ ചെറുപ്പക്കാരൻ അസൂയപ്പെട്ടു. അപ്പോൾ സ്വപ്നത്തിൽ യേശു അവന്റെ അടുത്തു വന്നു പറഞ്ഞു:' അവൻ ഇപ്പോൾ കണ്ട ഈ തേജസ്സേറിയ മനുഷ്യരുമായി ചേർന്നു പോകുവാൻ അവന് അസാധ്യമായിരിക്കും. എന്തുകൊണ്ടെന്നാൽ അവരെപ്പോലെയല്ല മറിച്ച് ഭൂമിയിൽ അവനു വേണ്ടി മാത്രമാണ് അവൻ ജീവിച്ചത്.' ഇതു കേട്ട് അവന്റെ ഹൃദയം തകർന്നു. അവന്റെ സ്വാർത്ഥത നിറഞ്ഞ ജീവിതത്തിന്റെ ഓർമ്മയിൽ നിത്യതമുഴുവൻ ജീവിക്കേണ്ടിവരും എന്ന് തിരിച്ചറിഞ്ഞു. ഒരു രണ്ടാം അവസരം നൽകാനായി അവൻ കർത്താവിനോടു അഭ്യർത്ഥിച്ചു. എന്നാൽ കർത്താവ്, മരണശേഷം രണ്ടാമതൊരു അവസരമില്ല എന്ന് അവനോട് പറഞ്ഞു.

അപ്പോൾ അവൻ ഉണർന്നു. ജീവനോടിരിക്കുന്നതിന് അവൻ നന്ദി പറയുകയും താൻ കണ്ടതെല്ലാം സ്വപ്നമായിരുന്നു എന്നു തിരിച്ചറിയുകയും ചെയ്തു. അതിനുശേഷം തന്റെ ശേഷിച്ച ജീവിതം മുഴുവനായി കർത്താവിനായി ജീവിച്ച് ഒരു വലിയ ദൈവമനുഷ്യനായിത്തീരുവാനും അവൻ തീരുമാനിച്ചു.

*നമ്മെ താൻ അളവുകൂടാതെ സ്നേഹിക്കുന്നു എന്നൊരു സന്ദേശം യേശുസ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ട് അയച്ചുതരികയായിരുന്നില്ല. അവിടുന്നു ഭൂമിയിലേക്കു വന്ന് തന്റെ ജീവൻ വച്ചുകൊണ്ട് തന്റെ സ്നേഹം നമ്മെ കാണിക്കുകയായിരുന്നു. സഭയോടുള്ള നമ്മുടെ സ്നേഹം വാക്കുകളാലല്ല നാമും പ്രകടിപ്പിക്കേണ്ടത്. മറിച്ചു നമ്മോടുകൂടെ അവിടുന്ന് ആക്കി വച്ചിട്ടുള്ളവർക്കുവേണ്ടി നമ്മുടെ ജീവനെ വെച്ചുകൊടുക്കുന്നതിൽകൂടിയാണതു കാണിക്കുവാൻ കഴിയുക.*

നാം മരിക്കുമ്പോൾ പെട്ടെന്ന് യേശുവിന്റെ ഒരു പൂർണഹൃദയശിഷ്യനായി രൂപാന്തരം പ്രാപിക്കാൻ നമുക്ക് കഴിയുകയില്ല. എന്തുകൊണ്ടെന്നാൽ ദൈവം ആരെയും സ്വന്തഇഷ്ടത്തിനെതിരായി രൂപാന്തരപ്പെടുത്തുകയില്ല. ആത്മാവിന്റെ പ്രവൃത്തിയുമായി ഇപ്പോൾ നാം ഹൃദയത്തിൽ അവിടുത്തോട് സഹകരിക്കുവാൻ തയ്യാറാണെങ്കിൽ മാത്രമേ അവിടുന്നു നമ്മിൽ മാറ്റം വരുത്തുകയുള്ളു. പരിശുദ്ധാത്മാവ് വന്നത് ദിവ്യസ്വഭാവത്തിൽ നമ്മെ കൂടുതൽ കൂടുതൽ പങ്കാളികളാക്കുവാനാണ്.

ഭൂമിയിൽ മഹത്തായ മൂല്യമുള്ളതൊന്നും സ്വർഗത്തിൽ വിലയുള്ളതല്ല എന്നു നാം ഓർക്കേണ്ടതാണ്. ഭൂമിയിൽ മൂല്യമുള്ള എന്തെങ്കിലും നഷ്ടപ്പെട്ടാൽ അത് നിത്യതയിൽ സാരമില്ലാത്ത കാര്യമാണ്. അതുപോലെ ഭൂമിയിൽ വളരെ വിലപ്പെട്ടതായ എന്തെങ്കിലും നിങ്ങൾ നേടിയാൽ അത് സ്വർഗ്ഗത്തിൽ ഒരു പ്രയോജനവും ചെയ്യുന്നതല്ല.

പ്രത്യേകിച്ച് യുവാക്കളോട് ഞാൻ

> *വർഷങ്ങളായി സഭയിൽ നിന്നും നിങ്ങൾക്കു ലഭിച്ച ആത്മീയഭക്ഷണത്തെ നിങ്ങൾ വിലമതിക്കുന്നുണ്ടെങ്കിൽ സഭയെ നിങ്ങൾ വളരെയധികം പ്രശംസിക്കും. നിങ്ങളെ ഒരു ഭക്ഷണത്തിന് ക്ഷണിച്ച ഒരുവനോട് നിങ്ങൾ എത്ര നന്ദിയുള്ളവനാണെന്ന് ആലോചിച്ചു നോക്കുക. ഒരു സഭയിൽ നിന്നു വർഷങ്ങളായി സ്ഥിരമായി ലഭിച്ചുകൊണ്ടിരുന്ന ആത്മീയഭക്ഷണത്തിന് നിങ്ങൾ എത്രയധികം നന്ദിയുള്ളവരായിരിക്കണം!*

പറയട്ടെ, നിങ്ങളുടെ സ്നേഹിതരുടെ ഇടയിൽ നിങ്ങൾക്കുള്ള ജനപ്രീതി സ്വർഗത്തിൽ ഒരു വിലയും ഉള്ളതല്ല.

നിങ്ങളുടെ പരീക്ഷകൾക്കു വേണ്ടി നിങ്ങൾ കഠിനമായി പഠിച്ചേ പറ്റുകയുള്ളൂ. എന്നാൽ നല്ല മാർക്ക് നിത്യതയിൽ നിങ്ങളുടെ തേജസ് വർദ്ധിപ്പിക്കുകയില്ല. നിങ്ങൾ പൂർണഹൃദയത്തോടെ ദൈവത്തിനായി ജീവിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങളുടെ മാർക്കുകൾ എന്തുതന്നെ ആയിരുന്നാലും നിങ്ങളുടെ അയോഗ്യതകൾ എന്തുതന്നെ ആയിരുന്നാലും ഒരു ജോലിക്കുവേണ്ടി ശരിയായ വാതിൽ തന്നെ കർത്താവ് നിങ്ങൾക്കുവേണ്ടി തുറക്കും.

നിങ്ങൾ കണക്കിന് മിടുക്കന്മാരല്ലാതിരുന്നതുകൊണ്ട് ദൈവഹിതം കൈവിട്ടുപോകുക അസാധ്യമാണ്. എന്നാൽ നിങ്ങൾക്കു മറ്റുള്ളവരോടു ക്ഷമിക്കാൻ കഴിയുമെങ്കിൽ, നിങ്ങൾക്കു ദോഷം ചെയ്യുന്നവർക്കു നന്മ ചെയ്യുമെങ്കിൽ, നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുമെങ്കിൽ, യേശുവിനെ അനുഗമിക്കുകയും അവിടുത്തെ സഭ പണിയുവാൻ ശ്രമിക്കുകയും ചെയ്യുമെങ്കിൽ, നിങ്ങളുടെ ഭൂമിയിലെ ജീവിതത്തിനാവശ്യമായ ഭൗതികമായ എല്ലാ വസ്തുക്കളും അവിടുന്നു നിങ്ങൾക്കു നൽകുന്നതായി കാണാൻ കഴിയും.

വർഷങ്ങളായി സഭയിൽ നിന്നും നിങ്ങൾക്കു ലഭിച്ച ആത്മീയഭക്ഷണത്തെ നിങ്ങൾ വിലമതിക്കുന്നുണ്ടെങ്കിൽ സഭയെ നിങ്ങൾ വളരെയധികം പ്രശംസിക്കും. നിങ്ങളെ ഒരു ഭക്ഷണത്തിന് ക്ഷണിച്ച ഒരുവനോട് നിങ്ങൾ എത്ര നന്ദിയുള്ളവനാണെന്ന് ആലോചിച്ചു നോക്കുക. ഒരു സഭയിൽ നിന്നു വർഷങ്ങളായി സ്ഥിരമായി ലഭിച്ചുകൊണ്ടിരുന്ന ആത്മീയ ഭക്ഷണത്തിന് നിങ്ങൾ എത്രയധികം നന്ദിയുള്ളവരായിരിക്കണം!

അല്ലെങ്കിൽ ഈ കാര്യം വേറൊരു വഴിയിൽ ചിന്തിക്കുക. ഇങ്ങനെ സങ്കൽപിക്കുക: നിങ്ങളുടെ കുഞ്ഞുങ്ങളെ നോക്കിയിരുന്ന ഒരാൾ എല്ലാ ആപത്തുകളിൽ നിന്നും അവരെ കാത്തു സൂക്ഷിച്ചു. അവർ രോഗികളായിരുന്നപ്പോൾ അവരെ ശുശ്രൂഷിച്ചു. അവർ നിരാശയായിരുന്നപ്പോൾ അവരെ ഉത്സാഹിപ്പിച്ചു. അവരുടെ പഠിത്തകാര്യങ്ങളിൽ അവരെ സഹായിച്ചതുകൊണ്ട് നല്ല മാർക്കുകൾ കിട്ടി. ഈ മനുഷ്യൻ ഇതെല്ലാം ചെയ്തത് ഒന്നോ രണ്ടോ ദിവസത്തേക്കല്ല. എന്നാൽ അനേകവർഷങ്ങൾ ഇങ്ങനെ ചെയ്തതായി വിചാരിക്കുക. നിങ്ങൾ അയാളോട് നന്ദിയുള്ളവനായിരിക്കയില്ലയോ?

നിങ്ങളുടെ കുഞ്ഞുങ്ങളെ സംരക്ഷിച്ചതിന് അത്രയുമെങ്കിലും നന്ദി നിങ്ങൾക്ക് സഭയോട് ഇല്ലേ? അനേക വിശ്വാസികളും ആത്മീയമായി വളരാത്തതിന്റെ കാരണം അവർ സഭയിൽ നിന്നും ലഭിച്ചവയ്ക്കായി സഭയോട് നന്ദിയുള്ളവരായിരിക്കുന്നില്ല എന്നതാണ്. സഭയിൽ നിന്നു വീണുപോയ പലരും അനേകവർഷങ്ങളായി സഭയിൽ നിന്നു സൗജന്യമായി ലഭിച്ചതി





നെല്ലാം പൂർണമായ നന്ദികേട് കാണിച്ചവരാണ്.

ലൂക്കോസ് 17:15 ൽ സൗഖ്യം പ്രാപിച്ച 10 കുഷ്ഠരോഗികളെപ്പറ്റി നാം വായിക്കുന്നു. എന്നാൽ അവരിൽ ഒരുവൻ മാത്രമേ കർത്താവിന്റെ അടുത്തേക്ക് നന്ദിപറയാനും ദൈവത്തെ മഹത്വപ്പെടുത്താനും മടങ്ങി വന്നുള്ളു. അവർക്ക് ആവശ്യം ഉണ്ടായിരുന്നപ്പോൾ അവരെല്ലാവരും ശബ്ദമുയർത്തി കരുണയ്ക്കുവേണ്ടി യാചിച്ചിരുന്നു. എന്നാൽ അവർ സൗഖ്യമായ ശേഷം ഒൻപതുപേർ അവർക്കു ലഭിച്ച നന്മയ്ക്കു നന്ദിയില്ലാത്തവരായി. ഒരാൾമാത്രമേ നന്ദിപറയാനായി ശബ്ദം ഉയർത്തിയുള്ളു. അന്നു പലസ്തീനിൽ മറ്റുള്ള ആയിരിക്കണക്കിന് ആളുകളും സൗഖ്യം പ്രാപിച്ചിട്ടുണ്ട്. എന്നാൽ അവരിൽ മിക്കവരും ഒരിക്കലും കർത്താവിന് നന്ദി പറഞ്ഞിട്ടില്ല.

എന്നാൽ ഈ ശമര്യക്കാരൻ തിരികെ വന്ന് കർത്താവിനു നന്ദി പറഞ്ഞു. അവൻ കർത്താവിനോട് ഇങ്ങനെ പറഞ്ഞുകാണും:"കർത്താവേ, അവിടുന്ന് ഇപ്പോൾ എന്നെ തൊട്ടതുമൂലം എന്തു വ്യത്യാസപ്പെട്ട ഒരു ജീവിതമായിരിക്കും എനിക്ക് ഭാവിയിൽ ഉണ്ടാകാൻ പോകുന്നത്. എനിക്ക് പട്ടണത്തിനുള്ളിൽ പോകാം. എനിക്ക് എന്റെ കുടുംബത്തിലേക്കു മടങ്ങിപ്പോകാം. അവിടുന്ന് എന്റെ ജീവിതത്തിലേക്കു സന്തോഷം കൊണ്ടുവന്നു. ഈ അനുഗ്രഹങ്ങൾ ഒന്നും തന്നെ തനിയേ സംഭവിച്ചതായി ഞാൻ എടുക്കുന്നില്ല. ഞാൻ എല്ലാറ്റിനും അങ്ങേക്ക് കടപ്പെട്ടിരിക്കുന്നു. എന്റെ ജീവിതത്തിലെ എല്ലാ അനുഗ്രഹങ്ങൾക്കായും കർത്താവേ ഞാൻ ആഴമായി നന്ദിയുള്ളവനാണ്."

അവൻ പ്രകടമാക്കിയ നന്ദിയുടെ ആത്മാവിനെ യേശു അഭിനന്ദിച്ചു.

> *കർത്താവ് തന്റെ സഭയുടെ മദ്ധ്യേയുണ്ട്. അതവിടുത്തെ ഭൂമിയിലെ ശരീരമാണ്. നാം കർത്താവിനോടുള്ള കടപ്പാട് കാണിക്കുന്നത് അവിടുത്തെ ശരീരത്തെ വിലമതിക്കുന്നതിനാലാണ്. നിങ്ങൾ സഭയെ വിവേചിച്ചറിയുകയും വിലമതിക്കുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കായിരിക്കും നഷ്ടം; സഭയ്ക്കല്ല.*

അപ്പോൾ യേശു ചിലതുകൂടി അവനു കൊടുത്തു. അവിടുന്ന് അവനോട് 'നിന്റെ വിശ്വാസമാണ് നിന്നെ രക്ഷിച്ചത്' എന്നു പറഞ്ഞു. സൗഖ്യമായ ആ കുഷ്ഠരോഗിക്ക് സൗഖ്യത്തേക്കാൾ കൂടിയ എന്തോ ഒന്നു കർത്താവിൽ നിന്നു ലഭിച്ചു. അവന് സൗഖ്യം ലഭിച്ചുകഴിഞ്ഞിരുന്നു. എന്നാൽ അവൻ നന്ദിയുള്ളവൻ ആയിരുന്നതുകൊണ്ട് അവന് രക്ഷയും ലഭിച്ചു. സ്വർഗത്തിൽ ചെല്ലുമ്പോൾ ഈ ശമര്യക്കാരനെ ഞാൻ അവിടെ കാണുമെന്ന് എനിക്ക് നിശ്ചയമുണ്ട്. എന്നാൽ മറ്റേ ഒൻപതു പേരിൽ ആരെയെങ്കിലും അവിടെ കാണുമോ എന്നെനിക്കു നിശ്ചയമില്ല. നിങ്ങൾ കർത്താവിനു നന്ദിപറയുവാൻ വരുമ്പോൾ മറ്റുള്ളവർക്ക് ലഭിക്കുന്നതിൽ അധികം നിങ്ങൾക്കു ലഭിക്കുന്നു.

കർത്താവ് തന്റെ സഭയുടെ മദ്ധ്യേയുണ്ട്. അതവിടുത്തെ ഭൂമിയിലെ ശരീരമാണ്. നാം കർത്താവിനോടുള്ള കടപ്പാട് കാണിക്കുന്നത് അവിടുത്തെ ശരീരത്തെ വിലമതിക്കുന്നതിനാലാണ്.

നിങ്ങൾ സഭയെ വിവേചിച്ചറിയുകയും വിലമതിക്കുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കായിരിക്കും നഷ്ടം;

> *ആളുകൾക്ക് സ്വന്തം കണ്ണിൽ എന്തെങ്കിലും പ്രശ്നമുള്ളപ്പോൾ അവരുടെ കണ്ണിനുമുമ്പിൽ എല്ലാസമയത്തും പാടുകൾ ഉള്ളതായി അവർ കാണും. ചില ആളുകളുടെ കണ്ണിൽ എല്ലാ സഹോദരന്മാരുടെയും സഹോദരിമാരുടെയും മുഖം പാടുള്ളതാണ്. നിങ്ങളുടെ കാര്യം അങ്ങനെ ആണെങ്കിൽ പ്രശ്നം ആ സഹോദരന്മാരുടെയും സഹോദരിമാരുടെയും ആയിരിക്കുകയില്ല. പ്രശ്നം നിങ്ങളുടെ സ്വന്തം കണ്ണുകളിൽ ആയിരിക്കും.*

സഭയ്ക്കല്ല. സഭയെ വിലമതിച്ചിട്ടുള്ളവരെയും സഭയിൽനിന്നു ലഭിച്ചവയ്ക്കായി നന്ദി പറഞ്ഞവരെയും സമൃദ്ധിയായി ദൈവം അനുഗ്രഹിച്ചിട്ടുണ്ട്.

നമ്മുടെ കുഞ്ഞുങ്ങളെ ലോകത്തിൽ നിന്നും സംരക്ഷിച്ചതിനായി നാം സഭയോട് എത്രമാത്രം നന്ദിയുള്ളവരായിരിക്കണമെന്ന് ചിന്തിച്ചുനോക്കുക! വ്യക്തിപരമായി എനിക്കിതെക്കുറിച്ച് സാക്ഷ്യം പറയുവാൻ കഴിയും. എന്റെ മൂത്തമകന് ആറുവയസ്സായപ്പോൾ മുതൽ എന്റെ നാലു മക്കളും സഭയിലെ ചെറുപ്പക്കാരായ സഹോദരന്മാരുടെ മദ്ധ്യത്തിലാണു വളർന്നുവന്നത്. ഈ വിശേഷഭാഗ്യത്തിനായി ദൈവത്തോടു നന്ദി പ്രകടിപ്പിക്കുവാൻ എനിക്കു വാക്കുകളില്ല. ഈ ചെറുപ്പക്കാരായ സഹോദരന്മാർ പൂർണരല്ലായിരുന്നു. അവർക്ക് അനേക ബലഹീനതകളുണ്ടായിരുന്നു. എന്നാൽ ഇങ്ങനെയൊക്കെ ആയിരുന്നിട്ടും എന്റെ മക്കളെല്ലാം അവരാൽ സഹായിക്കപ്പെട്ടു. എന്തുകൊണ്ടെന്നാൽ ആ സഹോദരന്മാർ ആത്മാർത്ഥത ഉള്ളവരായിരുന്നു. മാതാപിതാക്കൾക്കു തനിയെ ആ ജോലി ചെയ്യാൻ കഴിയുകയില്ല. കുഞ്ഞുങ്ങളെ വളർത്തിക്കൊണ്ടുവരുന്നതിന് സഭയിലെ സഹോദരന്മാരുടെയും സഹോദരികളുടെയും സഹായം നമുക്കാവശ്യമാണ്.

നിർഭാഗ്യവശാൽ അനേകരും തങ്ങളുടെ സ്ഥലം സഭയെ വിലമതിക്കുന്നത് അവർ അതു വിട്ടുപോകുമ്പോൾ മാത്രമാണ്. ദാവീദ് ഒരിക്കൽ തന്റെ സ്വന്തം പട്ടണമായ ബെത്‌ലഹേമിലെ കിണറ്റിൽ നിന്നും കുറച്ചുവെള്ളം കുടിക്കുവാൻ ആഗ്രഹിച്ചു. മറ്റേതെങ്കിലും സ്ഥലത്തെ വെള്ളത്തിനില്ലാത്ത ഒരു രുചി അതിനുണ്ടെന്ന് അവൻ കണ്ടെത്തി. നാം സഭയിലെ യോഗങ്ങൾക്കുവേണ്ടി ആഗ്രഹിക്കുന്നത് അവിടെനിന്നും സ്ഥലംമാറിപ്പോയ ശേഷമോ ദൂരെയുള്ള സ്ഥലത്തേക്ക് പോകേണ്ടിവരുമ്പോഴോ ആണ്. സഭയിലുള്ള സഹോദരന്മാരെയും സഹോദരികളെയും വിലമതിക്കുന്നതിനും വിവേചിച്ചറിയുന്നതിനും വേണ്ടി നിങ്ങൾ ഭവനത്തിൽ നിന്നും ദൂരെ പോകുന്നതുവരെ കാത്തിരിക്കേണ്ട ആവശ്യമില്ല. നിങ്ങൾക്ക് അത് ഇപ്പോൾ തന്നെ ചെയ്യാം.

എന്തുകൊണ്ടാണ് നിങ്ങളുടെ പ്രാദേശികസഭയിലെ സഹോദരീസഹോദരന്മാരെ വിലമതിക്കാൻ നിങ്ങൾക്കു പ്രയാസം തോന്നുന്നത്?അവരിൽ അനേകം തെറ്റുകൾ കാണുന്നു എന്നു നിങ്ങൾ പറഞ്ഞേക്കാം.

ആളുകൾക്ക് സ്വന്തം കണ്ണിൽ എന്തെങ്കിലും പ്രശ്നമുള്ളപ്പോൾ അവരുടെ കണ്ണിനുമുമ്പിൽ എല്ലാസമയത്തും പാടുകൾ ഉള്ളതായി അവർ കാണും. ചില ആളുകളുടെ കണ്ണിൽ എല്ലാ സഹോദരന്മാരുടെയും സഹോദരിമാരുടെയും മുഖം പാടുള്ളതാണ്. നിങ്ങളുടെ കാര്യം അങ്ങനെ ആണെങ്കിൽ പ്രശ്നം ആ സഹോദരന്മാരുടെയും

*ശേഷം പേജ് 18 ൽ*





## ദൈവസാന്നിധ്യ പരിശീലനം-5

## ബ്രദർ ലോറൻസിന്റെ കത്തുകൾ

# മറഞ്ഞിരിക്കുന്ന നിക്ഷേപം

**ആറാമത്തെ കത്ത്**

എന്റെ ബഹുമാന്യയും ഏറ്റവും ആദരണീയയുമായ മാതാവേ,

അങ്ങേക്കുവേണ്ടിയുള്ള എന്റെ പ്രാർത്ഥനകൾ, അവ വളരെ വിലകുറഞ്ഞവയാണെങ്കിൽ പോലും, ഒരിക്കലും ഞാൻ അങ്ങേക്കു മുടക്കുകയില്ല. ഇക്കാര്യം ഞാൻ വാഗ്ദാനം ചെയ്തിട്ടുള്ളതാണല്ലോ. അതിൽ ഞാൻ വാക്കു പാലിക്കും. സുവിശേഷത്തിൽ പറഞ്ഞിട്ടുള്ള നിക്ഷേപം നമുക്കു കണ്ടെത്തുവാൻ കഴിഞ്ഞാൽ നാമെത്ര ഭാഗ്യശാലികളായിരിക്കും! മറ്റുള്ളതെല്ലാം നമുക്ക് വിലകുറഞ്ഞവതന്നെ. ആ നിക്ഷേപം അതിരറ്റതാകയാൽ നാമെത്ര കുഴിച്ചു നോക്കുന്നുവോ അത്രയധികം സമ്പത്ത് അതിൽ കണ്ടെത്തുവാൻ കഴിയും. നമുക്ക് നിറുത്താതെ അതിനായി അന്വേഷിക്കാം. അതു കണ്ടെത്തുന്നതുവരെയും നാം ക്ഷീണിക്കരുത്.

ഒടുവിലായി പറയട്ടെ. ബഹുമാന്യമാതാവേ, എനിക്ക് എന്തു സംഭവിക്കുമെന്ന് ഞാൻ അറിയുന്നില്ല. ഞാൻ ഉറക്കത്തിലായിരിക്കുമ്പോൾ സമാധാനവും സ്നേഹവും വിശ്രമവും എനിക്കു ലഭിക്കുന്നു. കഷ്ടത സഹിക്കുവാൻ എനിക്കു കഴിവുണ്ടായിരുന്നെങ്കിൽ എനിക്ക് ഒന്നും ഉണ്ടാവുകയില്ലായിരുന്നു. എനിക്ക് അനുവാദം ലഭിച്ചിരുന്നെങ്കിൽ ആ ശുദ്ധീകരണ പരിപാടിക്ക് ഞങ്ങൾ സന്തോഷപൂർവ്വം കീഴടങ്ങുമായിരുന്നു. അവിടെ എന്റെ പാപങ്ങൾക്കു പരിഹാരം വരുമാറ് ഞാൻ കഷ്ടത സഹിക്കുകയായിരുന്നു. എന്താണ് ദൈവം എനിക്കുവേണ്ടി ഒരുക്കിയിട്ടുള്ളതെന്ന് ഞാൻ അറിയുന്നില്ല. ഒന്നും ഭയപ്പെടാനില്ലാത്തവിധം അതിമഹത്തായ ശാന്തതയിൽ ഞാൻ ജീവിക്കുന്നു. ഞാൻ ദൈവത്തോടുകൂടെ ആയിരിക്കയും എനിക്കു കഴിയുന്ന വിധത്തിൽ ഞാൻ എന്നെത്തന്നെ സൂക്ഷിക്കയും ചെയ്യുന്നുവെങ്കിൽ എനിക്ക് എന്താണ് ഭയപ്പെടാനുള്ളത്? അവിടുന്നു സകലരാലും സ്തുതിക്കപ്പെടുമാറാകട്ടെ. ആമേൻ.

അവിടത്തെ ദാസൻ

(തീയതിയില്ല; അപൂർണ്ണം; ഇടയ്ക്കുണ്ടായിരുന്ന ചില കാര്യങ്ങൾ സമ്പാദകനാലോ മാഡം അവർകളാലോ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു)

**ഏഴാമത്തെ കത്ത്**

മാഡം എൻ പേർക്ക്

മാഡം,

ആന്തരികനന്മയോടുകൂടിയ ഒരു ദൈവം നമുക്കുണ്ട്. നമുക്കെന്താവശ്യമെന്ന് അവിടുന്ന് അറിയുന്നു. അവിടുന്നു നിങ്ങളെ അന്തിമപീഡനത്തിലേക്ക് നയിക്കുമെന്ന് എപ്പോഴും ഞാൻ വിശ്വസിച്ചിരുന്നു. നിങ്ങൾ ഒരിക്കലും പ്രതീക്ഷിക്കാതിരിക്കെ തന്റെ നല്ല സമയത്ത് അവിടുന്ന് വരും. എന്നത്തേതിലുമധികം അവിടുത്തേക്കായി പ്രത്യാശിക്കുക. അവിടുന്നു നിങ്ങളോടു കാണിക്കുന്ന ഔദാര്യത്തിനായി, വിശിഷ്യ നിങ്ങളുടെ പീഡനസമയത്ത് അവിടുന്ന് നൽകുന്ന ശക്തിക്കും ക്ഷമയ്ക്കുമായി അവിടുത്തെ സ്തുതിക്കുക. ഇതു നിങ്ങളെക്കുറിച്ചുള്ള അവി

*സുവിശേഷത്തിൽ പറഞ്ഞിട്ടുള്ള നിക്ഷേപം നമുക്കു കണ്ടെത്തുവാൻ കഴിഞ്ഞാൽ നാമെത്ര ഭാഗ്യശാലികളായിരിക്കും! മറ്റുള്ളതെല്ലാം നമുക്ക് വിലകുറഞ്ഞവതന്നെ. ആ നിക്ഷേപം അതിരറ്റതാകയാൽ നാമെത്ര കുഴിച്ചു നോക്കുന്നുവോ അത്രയധികം സമ്പത്ത് അതിൽ കണ്ടെത്തുവാൻ കഴിയും. നമുക്ക് നിറുത്താതെ അതിനായി അന്വേഷിക്കാം. അതു കണ്ടെത്തുന്നതുവരെയും നാം ക്ഷീണിക്കരുത്.*

ടുത്തെ കരുതലിന്റെ ഒരു വ്യക്തമായ ലക്ഷണമാണ്. അതിനാൽ ആ ദൈവത്തിൽ ആശ്വാസം പ്രാപിക്കയും എല്ലാറ്റിനും വേണ്ടി അവിടത്തെ സ്തുതിക്കയും ചെയ്ക.

മോൺസിഞ്ഞോർ എൻ–ന്റെ ശക്തിയെയും ധൈര്യത്തെയും ഞാൻ അഭിനന്ദിക്കുന്നു. ദൈവം അദ്ദേഹത്തിന് ഒരു നല്ല മനോഭാവവും സന്മനസ്സും നൽകിയിട്ടുണ്ട്. എങ്കിലും അതിൽ ലോകത്തിന്റേതായ ഒരംശവും യൗവനത്തിന്റെ വളരെയധികം അംശവും അടങ്ങിയിട്ടുണ്ട്. ദൈവം അദ്ദേഹത്തിന് നൽകിയിരിക്കുന്ന പീഡനം നന്മയ്ക്കായുള്ള ഒരൗഷധമായി ഉപകരിക്കുമെന്നും തന്റെ ആന്തരിക വ്യക്തിത്വത്തിലേക്കു കടക്കുവാൻ പ്രയോജനപ്പെടുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. എപ്പോഴും തന്നോടുകൂടെ ഇരിക്കുന്നവനിൽ തന്റെ മുഴുആശ്രയവും വയ്ക്കുവാൻ ഒരവസരമായി അതു തീരട്ടെ. അവിടുത്തെപ്പറ്റി തനിക്കു കഴിയുമ്പോഴെല്ലാം അദ്ദേഹം ചിന്തിക്കട്ടെ. സർവ്വോപരി തന്റെ ഏറ്റവും വലിയ വിപത്തുകളിൽ അദ്ദേഹം അപ്രകാരം ചെയ്യട്ടെ.

ഹൃദയത്തെ അല്പമായി ദൈവത്തിങ്കലേക്കുയർത്തുന്നത്, ദൈവത്തെ അല്പമെങ്കിലും സ്മരിക്കുന്നത്, ഹൃദയത്തെ ആരാധനയിലൂടെ പെട്ടെന്നായാലും വാൾ കൈയിലേന്തിക്കൊണ്ടായാലും ഓർക്കുന്നത്– ഇതെല്ലാം എത്ര ഹ്രസ്വമായിരുന്നാലും ദൈവത്തിനു പ്രസാദകരമായിരിക്കും. യുദ്ധത്തിലേർപ്പെട്ടിരിക്കുന്നവരുടെ ധൈര്യത്തെ അതു ഹനിക്കുകയില്ല. ഏറ്റവും ആപൽക്കരമായ സന്ദർഭങ്ങളിലും അത് അവരെ ധൈര്യശാലികളാക്കും. ഇത് തനിക്ക് ഇഷ്ടമുള്ളപ്പോഴെല്ലാം അവരെ ചെറുതെങ്കിലും വിശുദ്ധമായ ഒരു ധൈര്യത്തിങ്കലേക്കു നയിക്കട്ടെ. അത് ആരും കാണുന്നില്ലെങ്കിൽത്തന്നെയും ദിവസം മുഴുവൻ ചെറിയ ആരാധനാ കർമ്മങ്ങളായിത്തീരട്ടെ. ദൈവത്തെ അനുസ്മരിക്കുവാൻ തനിക്ക് കഴിയുമ്പോഴെല്ലാം ഇത് അദ്ദേഹത്തെ സഹായിക്കട്ടെ. ദിനം തോറും തന്റെ ജീവിതത്തിൽ ആപത്തുകളെ അഭിമുഖീകരിക്കേണ്ടിവരുന്ന ഒരു ഭടനുപോലും രക്ഷയ്ക്ക് ഏറ്റവും പറ്റിയ ഒരു മാർഗ്ഗമാണിത്. ദൈവം അയാളെയും അയാളുടെ കുടുംബത്തെയും ഇതിനായി സഹായിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അങ്ങനെയുള്ള ഒരുവന് ഞാൻ അഭിവാദ്യങ്ങൾ അർപ്പിക്കുന്നു.

എല്ലാ വിധത്തിലും ഏറ്റവും വിനീതനായ താങ്കളുടെ മിത്രം.

**എട്ടാമത്തെ കത്ത്**

ബഹുമാന്യയും ഏറ്റവും ആദരണീയയുമായ പ്രിയ മാതാവേ,

അങ്ങ് എന്നോടു പറയുന്നത് പുതിയൊരു കാര്യമല്ല. സ്വന്തം ചിന്തകളാൽ വ്യാകുലയായിത്തീരുന്ന ഒരേയൊരു വ്യക്തിയുമല്ല താങ്കൾ. എപ്പോഴും അലഞ്ഞുതിരിയുന്ന സ്വഭാവത്തോടുകൂടിയ ഒന്നാണ് നമ്മുടെ മനസ്സ്. എങ്കിലും





നമ്മുടെ ഇച്ഛാശക്തി നമ്മുടെ എല്ലാ കഴിവുകളുടെയും യജമാനത്തിയാകയാൽ അതു മനസ്സിനെ തിരിയെ വരുത്തുകയും നമ്മുടെ അന്തിമലക്ഷ്യമായ ദൈവത്തിങ്കലേക്ക് അതിനെ അടുപ്പിക്കയും ചെയ്യേണ്ടതാണ്.

നേരത്തേതന്നെ നിയന്ത്രിതമായിട്ടില്ലാത്ത മനസ്സ് അനിയന്ത്രിതസഞ്ചാരവും അശ്രദ്ധയുമാക്കുന്ന തെറ്റായ ശീലങ്ങൾ വളർത്തിക്കഴിയുമ്പോൾ അതിനെ നിയന്ത്രിക്കുക എന്നത് ദുഷ്ക്കരമാണ്. അത് സാധാരണയായി ലോകകാര്യങ്ങളിലേക്ക് നമ്മെ ആകർഷിക്കുക സഹജം തന്നെ.

ഇതിനുള്ള പരിഹാരമാർഗ്ഗം നമ്മുടെ എല്ലാ തെറ്റുകളെയും ഏറ്റുപറകയും ദൈവമുമ്പാകെ നമ്മെത്തന്നെ വിനയപ്പെടുത്തുകയുമാണ്. പ്രാർത്ഥനാസമയത്ത് അധികം സംസാരിക്കുവാൻ ഞാൻ അങ്ങയെ ഉത്സാഹിപ്പിക്കുന്നില്ല. കാരണം, അധികമായ ഭാഷണം മനസ്സിനെ അധിരം അലഞ്ഞുതിരിയാൻ അനുവദിക്കുക മാത്രമേ ചെയ്യൂ. സഹായമറ്റ ഒരു ബധിരയെപ്പോലെ ദൈവമുമ്പാകെ താങ്കളെത്തന്നെ നിറുത്തിക്കൊൾക. മനസ്സിനെ ദൈവസന്നിധിയിൽ തളച്ചിടുവാൻ ശ്രദ്ധിക്കുക. ചിലപ്പോൾ മനസ്സ് അലഞ്ഞു തിരിയുകയും ദൈവത്തിൽ നിന്നകലുകയും ചെയ്താൽ അതുകൊണ്ട് വ്യാകുലപ്പെടാതിരിക്കുക. മനസ്സിലെ പര്യാകുലമാക്കുന്നത് അതിനെ നിയന്ത്രിക്കുന്നതിലധികം വഴിതെറ്റിക്കു മാത്രമേ ചെയ്യൂ. ഇച്ഛാശക്തി അതിനെ ശാന്തമായി ദൈവത്തിങ്കലേക്കു തിരിക്കണം. ഇതിനായി താങ്കൾ പരിശ്രമിക്കുന്നപക്ഷം ദൈവം താങ്കളോടു ദയ കാണിക്കും.

പ്രാർത്ഥനാസമയത്തു മനസ്സിനെ ഉറപ്പിച്ചുനിറുത്താനുള്ള ഒരു മാർഗ്ഗം. അതിന് അധികമധികം വിശ്രാന്തി നൽകുക എന്നതാണ്. പകൽനേരത്ത് അധികമായി അലഞ്ഞുതിരിയാൻ അതിനെ അനുവദിക്കാതിരിക്കുക. അതിനെ ബലമായി ദൈവസാന്നിധ്യത്തിൽ നിറുത്തിക്കൊള്ളണം. കൂടെക്കൂടെ ദൈവത്തെ സ്മരിക്കുന്ന ശീലം വളർത്തിയാൽ പ്രാർത്ഥനാ സമയങ്ങളിൽ പ്രശാന്തതയോടെ തുടരുക എളുപ്പമായിത്തീരും. കുറഞ്ഞപക്ഷം മനസ്സിന്റെ അലഞ്ഞുതിരിയുന്ന ശീലം അവസാനിപ്പിക്കുവാൻ കഴിയും.

ഇപ്രകാരം ദൈവസാന്നിധ്യം പരിശീലിക്കുന്നതിന്റെ പ്രയോജനത്തെക്കുറിച്ച് എന്റെ മറ്റു ലേഖനങ്ങളിൽ അധികം വിശദമായി ഞാൻ എഴുതിയിട്ടുണ്ടല്ലോ. ഈ കാര്യം നമുക്കു ഗൗരവപൂർവം പരിഗണിക്കയും അന്യോന്യം ഓർത്തു പ്രാർത്ഥിക്കയും ചെയ്യാം. സിസ്റ്റർ എൻ, ബഹുമാന്യയായ മദർ എൻ എന്നിവരുടെ പ്രാർത്ഥനയ്ക്കായി ഞാൻ അഭ്യർത്ഥിക്കുന്നു. കർത്താവിൽ ഞാൻ നിങ്ങളുടെയെല്ലാം വിശ്വസ്തദാസനായിത്തുടരുന്നു.

തീയതിയില്ല

താങ്കളുടെ വിനീതൻ

**ഒമ്പതാമത്തെ കത്ത്**

അതേ വ്യക്തിക്കുതന്നെ എഴുതുന്നത്

നമ്മുടെ നല്ല സഹോദരി 'എൻ' പക്കൽനിന്ന് എനിക്കു ലഭിച്ച കത്തിന്റെ മറുപടിയാണിത്. ദയവായി ഈ കത്ത് അവർക്കു നൽകുക അവരെ എല്ലാ നന്മയും നിറഞ്ഞ ഒരുവളായി ഞാൻ മനസ്സിലാക്കുന്നു. കൃപയേക്കാൾ മുമ്പിൽക്കടന്നു ജീവിക്കുവാനും അവർ ആഗ്രഹിക്കുന്നു. നമുക്ക് ഒറ്റയടിക്കു വിശുദ്ധിപ്രാപിക്കുക സാദ്ധ്യമല്ല. അവരെ ഞാൻ അങ്ങയുടെ പക്കൽ ഏല്പിക്കുന്നു. നാം നമ്മുടെ ഉപദേശം കൊണ്ടും അതിലുമധികം നമ്മുടെ നല്ല ജീവിതദൃഷ്ടാന്തം കൊണ്ടും അന്യോന്യം സഹായിക്കണം. അവർ കൂടുതൽ തീക്ഷ്ണതയോ കൂടുതൽ അനുസരണമോ ഉള്ളവരായിരിക്കുന്നതിനെപ്പറ്റിയുള്ള വാർത്തകൾ അതാതു സമയത്തു ലഭിച്ചുകൊണ്ടിരിക്കുവാൻ

ഞാൻ ആഗ്രഹിക്കുന്നു.

എന്റെ പ്രിയമാതാവേ, ഈ ജീവിതത്തിൽ നമ്മുടെ മുഴുവൻ പ്രവൃത്തിയും ദൈവത്തെ പ്രസാദിപ്പിക്കുക എന്നതാണെന്ന് നമുക്ക് ഓർക്കാം. അതൊഴിച്ചുള്ളവയെല്ലാം ഭോഷത്തമോ ദുരഭിമാനമോ അല്ലാതെ മറ്റെന്താണ്? ഒരു മതസമൂഹത്തിൽ നാല്പതുവർഷത്തിലധികമായി നാം ജീവിച്ചുപോരുന്നു. ഈ വർഷങ്ങൾ ദൈവത്തെ സേവിക്കുവാനും ശുശ്രൂഷിക്കുവാനുമോ നാം ഉപയോഗിച്ചത്? തന്റെ കരുണയിൽ അതിനായി അവിടുന്നു നമ്മെ വിളിച്ചുവല്ലോ. ഒരുവശത്ത് ദൈവം നമ്മുടെ മേൽ വർഷിച്ച വലിയ കൃപകളും മറുവശത്ത് അവയെ നാം ദുരുപയോഗപ്പെടുത്തിയതും ഓർക്കുമ്പോൾ ലജ്ജയാലും മാനസികാസ്വസ്ഥതയാലും നിറഞ്ഞവളായി ഞാൻ തീരുന്നു. പരിപൂർണ്ണതയുടെ മാർഗ്ഗത്തിൽ എത്ര കുറച്ചു പുരോഗതി മാത്രമാണ് നാം പ്രാപിച്ചിട്ടുള്ളത്.!

തന്റെ കരുണയാൽ വീണ്ടും അല്പസമയം ദൈവം നമുക്ക് അനുവദിച്ചു തരുമ്പോൾ എല്ലാ താൽപര്യത്തോടും നഷ്ടപ്പെട്ടുപോയ സമയം വീണ്ടെടുക്കുവാനും സ്നേഹവും ദയയും നൽകുന്ന ദൈവത്തിങ്കലേക്കു പൂർണ്ണ വിശ്വാസത്തോടെ മടങ്ങിവരുവാനും നമുക്കാരംഭിക്കാം. എപ്പോഴും സ്നേഹത്തോടെ നമ്മെ സ്വാഗതം ചെയ്യുവാൻ ദൈവം സന്നദ്ധനാണല്ലോ. എന്റെ പ്രിയമാതാവേ, അവിടത്തേതല്ലാത്ത സകലത്തെയും മുഴുഹൃദയത്തോടും നമുക്ക് ഉപേക്ഷിക്കാം. അവിടുന്ന് അതിലും ഏറ്റവുമധികം ലഭിക്കുവാൻ അർഹതയുള്ളവൻതന്നെ. നിറുത്തൽ കൂടാതെ നമുക്ക് അവിടുത്തെപ്പറ്റി ചിന്തിക്കാം. നമ്മുടെ എല്ലാ ആശ്രയവും ആ പിതാവിൽ അർപ്പിക്കാം. ഇപ്രകാരം ചെയ്യുന്നതിന്റെ മുഴുവൻ ഫലവും നമുക്കു ലഭിക്കുമെന്ന കാര്യത്തിൽ എനിക്കൊരു സംശയവുമില്ല. എല്ലാ കാര്യവും ചെയ്യുന്നതിന് സമൃദ്ധിയായ കൃപയും നാം പ്രാപിക്കും. അങ്ങനെ പ്രാപിക്കാതിരുന്നാൽ നമുക്കു പാപം ചെയ്വാനേ കഴിയൂ.

ദൈവത്തിന്റെ യഥാർത്ഥവും നിരന്തരവുമായ സഹായമില്ലെങ്കിൽ ഈ ജീവിതത്തിൽ നിറഞ്ഞിരിക്കുന്ന ആപത്തുകളും പോരായ്മകളും ഒഴിവാക്കുവാൻ നമുക്കു സാധ്യമല്ല. ആ സഹായം ലഭിക്കുവാൻ വേണ്ടി നമുക്കു നിറുത്താതെ അവിടുത്തോട് അപേക്ഷിക്കാം. അവിടുത്തെ സാന്നിധ്യം നമ്മോടൊപ്പമില്ലാതെ ഇതു നമുക്ക് എങ്ങനെയാണ് അപേക്ഷിക്കുവാൻ കഴിയുക? അവിടുത്തെക്കുറിച്ച് ചിന്തിക്കാതെ ഈ സാന്നിധ്യബോധം എങ്ങനെയാണ് നമുക്കുണ്ടാവുക? ഇപ്രകാരം ചെയ്വാനുള്ള ഒരു വിശുദ്ധശീലം വളർത്താതെ എപ്പോഴും അവിടുത്തെപ്പറ്റി ചിന്തിക്കുവാൻ നമുക്കെങ്ങനെ കഴിയും? ഇതേകാര്യം ഞാൻ എപ്പോഴും പറയുന്നുവെന്നു നിങ്ങൾ എന്നോടു പറയും. അതു സത്യമാണ്. അതിനെക്കാൾ പ്രയാസം കുറഞ്ഞതും മെച്ചവുമായ ഒരു മാർഗ്ഗം ഞാൻ കാണുന്നില്ല. ഈ കാര്യം ഞാൻ പരിശീലിച്ചു പോരുന്നതിനാൽ എല്ലാവരും ഇതു ചെയ്യണമെന്നു ഞാൻ നിർബന്ധിക്കുകയാണ്. നാം അവിടുത്തെ സ്നേഹിക്കുന്നതിനു മുൻപ് അവിടുത്തെ നാം അറിയേണ്ടതുണ്ട്. അവിടുത്തെ അറിയുന്നതിലേക്കു നാം കൂടെക്കൂടെ അവിടുത്തെപ്പറ്റി ചിന്തിക്കണം. നാം അവിടുത്തെ സ്നേഹിക്കുമ്പോൾ അധികമധികമായി അവിടുത്തെപ്പറ്റി നാം ചിന്തിക്കും. കാരണം നമ്മുടെ നിക്ഷേപം ഇരിക്കുന്നിടത്തു നമ്മുടെ ഹൃദയവും ഇരിക്കും. അതിനാൽ നമുക്കെപ്പോഴും ഈ കാര്യം ചിന്തിക്കാം. ഈ കാര്യം ഫലപ്രദമായിത്തന്നെ ചിന്തിക്കാം.

1689 മാർച്ച് 28

*ശേഷം പേജ് 20 ൽ*





**വിശുദ്ധരുടെ കാലൊച്ച**

# അസീസിയിലെ ഫ്രാൻസിസ് : സമ്പന്നമായ ദാരിദ്ര്യം

ഒരു ചിത്രം ആയിരം വാക്കുകളെക്കാൾ വാഗ്മിത്വം ഉള്ളതെങ്കിൽ ഒരു മുഴുജീവിതം തന്നെ നമ്മുടെ കൺമുമ്പിൽ വരച്ചുകിട്ടിയാൽ എത്രയധികം വാഗ്മിത അതിനുണ്ടായിരിക്കും! നമ്മുടെ ജീവിതത്തിലെ വഴിത്തിരിവുകളെപ്പറ്റി തിരിഞ്ഞു നോക്കുമ്പോൾ നമ്മെ 'ജീവിക്കാൻ' പഠിപ്പിച്ച ഏതെങ്കിലും ഒരു വ്യക്തിയെപ്പറ്റിയാവും നമുക്ക് ഓർക്കാൻ കഴിയുക. ക്രിസ്തീയ ചരിത്രത്തിൽ നന്നേ ചുരുക്കം ആത്മീയഗുരുക്കൾ മാത്രമേ ഈ സത്യം ഗ്രഹിക്കുകയും അവരുടെ ജീവിതം തന്നെ ഒരു സന്ദേശമായി നൽകുകയും ചെയ്തിട്ടുള്ളൂ. ജീവിതമാണ് പ്രസംഗത്തെക്കാൾ പ്രസക്തമെന്ന ഈ ദർശനത്തിന്റെ മഹനീയ മാതൃക നമുക്ക് അസ്സീസിയിലെ ഫ്രാൻസിസിൽ കണ്ടെത്താൻ കഴിയും.



ജിയോവന്നി ഫ്രാൻസിസ്കോ ബെർണ്ണാർഡൺ- ഇതായിരുന്നു അസ്സീസിയിലെ ഫ്രാൻസിസിന്റെ (1181-1226) യഥാർത്ഥനാമം. പന്ത്രണ്ടാം നൂറ്റാണ്ടിൽ സമ്പന്നമായ ഒരു ഇറ്റാലിയൻ കുടുംബത്തിൽ മിടുക്കനെങ്കിലും തന്നിഷ്ടക്കാരനായ ഒരു കുട്ടിയായിട്ടായിരുന്നു അസ്സീസി വളർന്നു വന്നത്. പിതാവ് വസ്ത്രവ്യാപാരിയായിരുന്നു. തന്റെ മകൻ ഭാവിയിൽ തന്റെ വസ്ത്രവ്യാപാരം വിപുലീകരിച്ച് മുമ്പോട്ട് കൊണ്ടുപോകും എന്ന സ്വപ്നം താലോലിച്ച് ആ പിതാവ് ജീവിച്ചു. എന്നാൽ സമ്പത്ത് പരിത്യജിച്ച് ദാരിദ്ര്യത്തിന്റെ മഹത്വം പ്രസംഗിക്കാൻ തീരുമാനിച്ച മകന്റെ ജീവിതം ആ പിതാവിന്റെ സ്വപ്നങ്ങളെ നിരാശയുടെ പേടിസ്വപ്നമായി മാറ്റുകയാണ് ചെയ്തത്.

സ്വഭവനം വിട്ടിറങ്ങിയ ഫ്രാൻസിസിന് കുറെ അനുയായികളുണ്ടായി. ദരിദ്രരോടുള്ള അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾക്ക് വലിയ ആകർഷണശക്തിയുണ്ടായിരുന്നു. തന്റെ സഹപ്രവർത്തകർ ഉൾപ്പെടുന്ന ആ നവസമൂഹം 'ഫ്രയെഴ്സ് മൈനർ' എന്നപേരിൽ അറിയപ്പെട്ടു തുടങ്ങി. ഭിക്ഷാടനം കൊണ്ട് പ്രസംഗശുശ്രൂഷ നിർവ്വഹിച്ച ഒരു സന്യാസസമൂഹമായിരുന്നു ഫ്രാൻസിസിന്റേത്. യേശുവും ശിഷ്യന്മാരും ജീവിച്ചിരുന്നത് ഈ വിധമായി

> ഉത്തമമായത് സ്വയത്തെ കീഴടക്കുന്നതും കഷ്ടതകളും, അപമാനങ്ങളും നിന്ദയും, ദുർഘടങ്ങളും ക്രിസ്തുവിനോടുള്ള സ്നേഹം നിമിത്തം സഹിക്കുന്നതും ആണ്. പരിശുദ്ധാത്മാവു നൽകുന്ന അത്ഭുതകരമായ കൃപാവരങ്ങളെ ചൊല്ലി നമുക്ക് ഒട്ടും പ്രശംസിക്കാനില്ല; കാരണം അവ നമ്മുടേതല്ല ദൈവത്തിന്റേതത്രേ. അപ്പൊസ്തലൻ പറയുന്നതു പോലെ 'ലഭിച്ചതല്ലാതെ നിനക്ക് എന്തുള്ളു?'

രുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു. ഇന്ന് അവരുടെ പിൻതലമുറക്കാരെ നാം 'ഫ്രാൻസിസ്ക്കൻസ്' എന്നാണ് വിളിക്കുന്നത്.

ഫ്രാൻസിസിന്റെ രചനകൾ ഒന്നും തന്നെ നമുക്ക് ലഭിച്ചിട്ടില്ല. എഴുത്തുകാരുടെ തിന്മകൾ അദ്ദേഹത്തിന് നന്നായി അറിയാമായിരുന്നു. വിനയത്തിലും ദാരിദ്ര്യത്തിലും ആനന്ദം കണ്ടെത്തിയ അദ്ദേഹത്തിന്റെ ജീവിതമായിരുന്നു നമുക്കുള്ള സന്ദേശം. ദരിദ്രരെ സേവിക്കുകയും കുഷ്ഠരോഗികളെ ചുംബിക്കുകയും, മൃഗങ്ങളോട് സംസാരിക്കുകയും കാറ്റിന്റെയും സൂര്യന്റെയും നന്മകളെക്കുറിച്ച് പാടുകയും ചെയ്ത ആ ജിവിതം ധന്യമായിരുന്നു. 'മരണം എന്ന സഹോദരിക്ക്' കീഴടങ്ങിയശേഷം ഫ്രാൻസിസിന്റെ അനുയായികൾ തന്റെ ജീവിതത്തിൽ നിന്നുള്ള അനുഭവങ്ങൾ പ്രസിദ്ധമാക്കാൻ തുടങ്ങി. ജീവചരിത്ര സ്വഭാവമുള്ള ഈ കൊച്ചുകൊച്ച് കഥകൾ 'ചെറുപുഷ്പങ്ങൾ' എന്നപേരിൽ അറിയപ്പെടുന്നു. വസ്തുതകളും കേട്ടുകേൾവിയും കൂടിക്കലർന്ന 'ചെറുപുഷ്പങ്ങൾ' ഇറ്റാലിയൻ ഭാഷയിലാണ് ആദ്യം പ്രചരിപ്പിച്ചത്. പ്രാരംഭകാല ഫ്രാൻസിസ്ക്കൻ സമൂഹത്തിൽ നിലനിന്ന ജീവിതശൈലിയുടെ യഥാർത്ഥചിത്രമായി ചരിത്രകാരന്മാർ ഈ സംഭവകഥകളെ വിലയിരുത്തുന്നു. എങ്കിലും അവ വായിക്കുമ്പോൾ ചരിത്രത്തെക്കാൾ ഈ സന്യാസസമൂഹത്തിന്റെ മുഖമുദ്രകളായിരുന്ന താഴ്മ, ലാളിത്യം, ദാരിദ്ര്യം, പ്രാർത്ഥന എന്നിവയാണ് നമ്മെ സ്പർശിക്കുന്നത്. നൂറുകണക്കിന് ചെറുപുഷ്പങ്ങളിൽ നിന്നും മാതൃകയായി ഒരെണ്ണം താഴെ ചേർക്കുന്നു.

**നിന്ദിക്കപ്പെടുന്നതിന്റെ മഹത്വം**

ശീതകാലത്ത് ഒരുദിവസം ഫ്രാൻസിസ് തന്റെ സന്യാസസമൂഹത്തിലെ ബ്രദർലിയൊ അല്പം മുമ്പെ നടക്കുമ്പോൾ അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു. "സഹോദരാ, ഓരോ രാജ്യത്തും ഉള്ള നമ്മുടെ സന്യാസസമൂഹത്തിലെ അന്തേവാസികൾ മുഴുവനും വിശുദ്ധിയുടെയും, സത്യസന്ധതയുടെയും, ആത്മീയതയുടെയും മഹനീയമായ മാതൃക കാണിച്ചാലും നിറഞ്ഞ സന്തോഷം അതിലൊന്നും അല്ല എന്ന കാര്യം പ്രത്യേകമായി ശ്രദ്ധിക്കയും എഴുതിവയ്ക്കുകയും ചെയ്യുക."

അല്പം കൂടെ മുമ്പോട്ട് നടന്ന് ഫ്രാൻസിസ് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. "സഹോദരാ ലിയോ! നമ്മുടെ ഒരു സന്യാസി എല്ലാ ഭാഷകളും എല്ലാ ശാസ്ത്രവും, തിരുവെഴുത്തുകളും പഠിച്ചാലും, മറ്റുള്ളവരുടെ മനസ്സാക്ഷിയുടെ രഹസ്യങ്ങൾ പോലും വെളിപ്പെടുത്തുവാൻ കഴിയുമാറ് പ്രവചനശുശ്രൂഷ ചെയ്താലും നിറഞ്ഞ സന്തോഷം അതിലൊന്നും ലഭ്യമല്ല എന്ന കാര്യം ശ്രദ്ധിക്കുക എഴുതിവയ്ക്കുക."

ഏതാണ്ട് രണ്ടുമൈൽ ദൂരം ഇരു





വരും നടക്കുകയും അസ്സീസി ഇപ്രകാരം പലകാര്യങ്ങൾ പറയുകയും ചെയ്തശേഷം, ലിയോ അത്ഭുതത്തോടെ ഗുരുവിനോട് ചോദിച്ചു. 'ദൈവനാമത്തിൽ ഞാൻ അങ്ങയോട് ചോദിക്കുന്നു. നിറഞ്ഞ സന്തോഷത്തിന്റെ രഹസ്യം എന്താണ്?'

ഫ്രാൻസിസ് ശാന്തമായി മറുപടി പറഞ്ഞു. "മഴയിൽ കുതിർന്ന് തണുത്തുവിറച്ച് ദേഹമാകെ ചെളിപുരണ്ട് വിശപ്പുകൊണ്ട് വലഞ്ഞ് നമ്മൾ പട്ടണകവാടത്തിൽ എത്തുമ്പോൾ കാവൽക്കാരൻ ചോദിക്കുന്നു. 'നിങ്ങൾ ആരാണ്?' നാം മറുപടി പറയുന്നു:'താങ്കളുടെ രണ്ട് എളിയ സഹോദരന്മാർ.' നമ്മുടെ വാക്ക് വിശ്വസിക്കാതെ അയാൾ പ്രതികരിക്കുന്നു:'നിങ്ങൾ സത്യമല്ല പറയുന്നത്. പാവങ്ങൾക്ക് കൊടുക്കുന്നത് അപഹരിക്കുകയും മറ്റുള്ളവരെ വഞ്ചിക്കുകയും ചെയ്യുന്ന തെമ്മാടികളാണ് നിങ്ങൾ. വേഗം സ്ഥലം വിടുക.' നമുക്കുവേണ്ടി വാതിൽ തുറക്കാതെ മഴയിലും കോച്ചുന്ന തണുപ്പിലും നമ്മെ വെളിയിൽ നിറുത്തി. രാത്രിവരെ പീഡിപ്പിക്കുന്നു. വിശന്നുപൊരിഞ്ഞ് തണുത്തുവിറച്ച്, സകലവിധത്തിലുമുള്ള നിന്ദ്യമായ ക്രൂരതയും സഹിച്ച് അവിടെ നിൽക്കുമ്പോൾ പരാതിയില്ലാതെ, പരിഭവമില്ലാതെ, താഴ്മയുള്ള മനസ്സുമായി നിൽക്കാൻ കഴിഞ്ഞാൽ, ആ കാവൽക്കാരന് നമ്മുടെ യഥാർത്ഥഹൃദയാവസ്ഥ അറിയാമെന്നും, ദൈവമാണ് അപ്രകാരം സംസാരിക്കാൻ അയാളെ അനുവദിച്ചത് എന്ന തിരിച്ചറിവിൽ ആയിരിക്കാൻ കഴിഞ്ഞാൽ, അതാണ് നിറഞ്ഞ സന്തോഷം!

വിശപ്പും കഠിനമായ ശൈത്യവും മൂലം കഷ്ടപ്പെട്ട് രാത്രിവൈകുമ്പോൾ വീണ്ടും നമ്മൾ വാതിലിൽ മുട്ടുമ്പോൾ നിലവിളിക്കുമ്പോൾ ദൈവസ്നേഹം ഓർത്ത് വാതിൽ തുറക്കാൻ യാചിക്കുമ്പോൾ കാവൽക്കാരൻ കൂടുതൽ

> നമുക്ക് കഷ്ടതകളുടെയും പീഡകളുടെയും കുരിശിനെ ചൊല്ലി പ്രശംസിക്കാൻ കഴിയും. കാരണം ആ കുരിശ് നമ്മുടെ സ്വന്തമാണ്. അതുകൊണ്ടാണ് അപ്പൊസ്തലനായ പൗലോസ് ഇപ്രകാരം പറയുന്നത്. എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിക്കാൻ ഇടവരരുത്.

ക്രുദ്ധനായി പറയുന്നു. "ഇവർ നാണമില്ലാത്ത ബോധമില്ലാത്ത തെമ്മാടികളാണ്. അവർ അർഹിക്കുന്നതു തന്നെ ഞാൻ അവർക്ക് കൊടുക്കും." ഉടൻതന്നെ ലാത്തിപോലുള്ള ഒരായുധവും കൈയിലേന്തി നമ്മുടെ തലപ്പാവുകളിൽ പിടിച്ചുവലിച്ച് നമ്മെ നിലത്തുതള്ളിയിടുകയും, മഞ്ഞിലും ചെളിയിലും വീണുകിടക്കുന്ന നമ്മെ ആ ലാത്തികൊണ്ട് പൊതിരെ തല്ലി ശരീരമാസകലം മുറിവേൽപ്പിക്കുകയും ചെയ്യുമ്പോൾ ഇതെല്ലാം സന്തോഷത്തോടും ക്ഷമയോടും സഹിക്കുകയും വാഴ്ത്തപ്പെട്ട കർത്താവിനോടുള്ള സ്നേഹം മൂലം ഈ കഷ്ടങ്ങൾ എല്ലാം സഹിക്കേണ്ടതാണെന്ന ചിന്തഹൃദയത്തെ ഭരിക്കയും ചെയ്താൽ സഹോദരാ, എഴുതുക: ഇതാണ് നിറഞ്ഞ സന്തോഷം!

അല്ലയോ ലിയോ, സഹോദരാ, കാര്യത്തിന്റെ പരിസമാപ്തി എന്താണെന്ന് ശ്രദ്ധിക്കുക. പരിശുദ്ധാത്മാവിന്റെ കൃപകളും വരങ്ങളും ക്രിസ്തു അവിടുത്തെ സ്നേഹിതന്മാർക്ക് നൽകുന്നവയത്രേ. എന്നാൽ ഇവയെ

# സഭയെ വിലമതിക്കുക

*10-ാം പേജിൽ നിന്നു തുടർച്ച*

സഹോദരിമാരുടെയും ആയിരിക്കുകയില്ല. പ്രശ്നം നിങ്ങളുടെ സ്വന്തം കണ്ണുകളിൽ ആയിരിക്കും. യേശു നിങ്ങളുടെ കണ്ണു സൗഖ്യമാക്കുന്നതുവരെ നിങ്ങളുടെ കാഴ്ച തെളിവുള്ളതായിരിക്കില്ല.

യേശു തന്റെ ശിഷ്യന്മാരുടെ കൂറ് വളരെ ഉന്നതമായ രീതിയിൽ വിലമതിച്ചിരുന്നു. ഒരിക്കൽ അവിടുന്നു തന്റെ ശിഷ്യന്മാരോടു പറഞ്ഞു അവരെല്ലാവരും തന്നെ തള്ളിക്കളഞ്ഞാലും അവിടുന്നു തനിയെ ആയിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ തന്റെ പിതാവ് തന്നോടുകൂടെ ഉണ്ടായിരുന്നു. (യോഹ16.32) വാസ്തവത്തിൽ യേശുവിന് ആ ശിഷ്യന്മാരുടെ ആവശ്യമില്ലായിരുന്നു. എന്നിട്ടും ലൂക്കോസ്22.28ൽ അവിടുന്നു പറഞ്ഞു അവർ അദ്ദേഹത്തോടു കൂടെ നിന്നതിനായി അവിടുന്ന് നന്ദിയുള്ളവനാണെന്ന്. അവിടുന്നു മഹത്വത്തിന്റെ കർത്താവായിരുന്നു. അദ്ദേഹത്തിന് തന്നോടുകൂടെ ആരും നില്ക്കേണ്ട ആവശ്യം ഇല്ലായിരുന്നു. എന്നാൽ അവരുടെ സഹായം ആവശ്യമില്ലായിരുന്നെങ്കിൽപോലും അവിടുന്ന് അവരുടെ കൂറിനെ അഭിനന്ദിച്ചു. അവിടുന്ന് അവരോട് ഇങ്ങനെ പറയുമായിരുന്നു:"നിങ്ങൾ ഈ പഴയ യഹൂദസമ്പ്രദായത്തിൽനിന്നു പുറത്തുവരികയും പഴയ തുരുത്തി ഉപേക്ഷിക്കുകയും ചെയ്തു. മണവാട്ടിയുടെ ആത്മാവും വേശ്യയുടെ ആത്മാവും തമ്മിലുള്ള വ്യത്യാസം നിങ്ങൾ കണ്ടു. നിങ്ങൾ പുറത്ത് വന്ന് എന്നോടുകൂടെ നിൽക്കുകയും എന്തു വിലയും കൊടുക്കാൻ സമ്മതം നൽകുകയും ചെയ്തു."

നാം കർത്താവിനോടുകൂടെ നിന്നുക്കാൾ എല്ലാം ഉത്തമമായത് സ്വയത്തെ കീഴടക്കുന്നതും കഷ്ടതകളും, അപമാനങ്ങളും നിന്ദയും, ദുർഘടങ്ങളും ക്രിസ്തുവിനോടുള്ള സ്നേഹം നിമിത്തം സഹിക്കുന്നതും ആണ്. പരിശുദ്ധാത്മാവു നൽകുന്ന അത്ഭുതകരമായ കൃപാവരങ്ങളെ ചൊല്ലി നമുക്ക് ഒട്ടും പ്രശംസിക്കാനില്ല; കാരണം അവ നമ്മുടേതല്ല, ദൈവത്തിന്റേതത്രേ. അപ്പൊസ്തലൻ പറയുന്നതുപോലെ 'ലഭിച്ചതല്ലാതെ നിനക്ക് എന്തുള്ളൂ?'

എന്നാൽ നമുക്ക് കഷ്ടതകളുടെയും പീഡകളുടെയും കുരിശിനെ ചൊല്ലി പ്രശംസിക്കാൻ കഴിയും. കാരണം ആ കുരിശ് നമ്മുടെ സ്വന്തമാണ്. അതുകൊണ്ടാണ് അപ്പൊസ്തലനായ പൗലോസ് ഇപ്രകാരം പറയുന്നത്. എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിക്കാൻ ഇടവരരുത്.

അവൻ എന്നോട്. എന്റെ കൃപ നിനക്കുമതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു എന്നുപറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിന് ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

അതുകൊണ്ട് ക്രിസ്തുവിനുവേണ്ടി ബലഹീനത, കൈയേറ്റം, ബുദ്ധിമുട്ട്, ഉപദ്രവം, ഞെരുക്കം എന്നിവ സഹിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. ബലഹീനനായിരിക്കുമ്പോൾ തന്നെ ഞാൻ ശക്തനാകുന്നു.

(2 കോരി. 12:9-10)

സമ്പാദകൻ - **മാത്യുജോർജ്ജ്**

കടപ്പാട് (All the Saints Adore Thee -Bruce Shelly)

❖





എന്നുംഅവിടുത്തെപ്പറ്റി ലജ്ജിച്ചില്ല എന്നും നമ്മെ ആക്കിവച്ചിരുന്ന സഭയെ നാം സ്നേഹിച്ചെന്നും അതിനുവേണ്ടി നമ്മെത്തന്നെ ഏല്പിച്ചു കൊടുത്തെന്നും മറ്റ് അനേകരെപ്പോലെ സഭയെ കുറ്റം പറയുന്നവർ അല്ലായിരുന്നു എന്നും അവസാനദിവസം കർത്താവിന് നമ്മെപ്പറ്റിയും പറയുവാൻ കഴിയും എന്നു ഞാൻ പ്രത്യാശിക്കുന്നു.

സഹോദരിസഹോദരന്മാരെ, നമുക്കും നമ്മുടെ കുഞ്ഞുങ്ങൾക്കും ലഭിച്ച വിലയേറിയ കരുതലിനെ നമുക്കു വിവേചിച്ചറിയാം.

യുവാക്കളേ, സഭ നിങ്ങളെ എത്രമാത്രം ആപത്തുകളിൽ നിന്നും അപകടങ്ങളിൽ നിന്നും പാപത്തിൽ നിന്നും സംരക്ഷിച്ചു എന്നു നിങ്ങൾ ഒരിക്കലും തിരിച്ചറിയുന്നില്ല. കർത്താവിന്റെ മുമ്പിൽ നിൽക്കുമ്പോൾ മാത്രമേസഭയിലെ കർശനമായ നിലവാരം എങ്ങനെ നിങ്ങളെ ലോകത്തിലേക്കു വഴിതെറ്റിപ്പോകുന്നതിൽ നിന്നും നിങ്ങളെത്തന്നെ നശിപ്പിക്കുന്നതിൽ നിന്നും സൂക്ഷിച്ചുവെന്ന് നിങ്ങൾ തിരിച്ചറിയുകയുള്ളൂ.

വളരെ വർഷങ്ങൾക്കു മുമ്പ് സഭയിൽ കേട്ട ചില കാര്യങ്ങൾ പിന്നീട് ആപത്തിൽ നിന്നു സംരക്ഷിച്ചത് എങ്ങനെ എന്ന് ആ ദിവസത്തിലേ നമുക്ക് മനസ്സിലാകുകയുള്ളൂ. എത്ര ആപത്തുകളിൽ നിന്നും നിങ്ങളുടെ കുഞ്ഞുങ്ങളെ അവർ സഭയിൽ കേട്ട കാര്യങ്ങളാൽ രക്ഷിച്ചുവെന്നത് ആ ദിവസം കർത്താവ് നിങ്ങളെ കാണിക്കും.

നിങ്ങൾ മറ്റുള്ളവർക്ക് അനുഗ്രഹമാകുന്ന സ്ഥാനം വരെ പുരോഗതി നേടുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഒന്നാമതായി കർത്താവു നിങ്ങൾക്കു ചെയ്തതിനും നിങ്ങൾ തന്നെ സഭയ്ക്കു ചെയ്തതിനും അവിടുത്തോടു നന്ദി നിറഞ്ഞവരായിരിക്കുവാൻ പഠിക്കുക. സഭയെ സ്വാഭാവികമായി ലഭിച്ചതെന്നനിലയിൽ വിലകുറച്ചു കാണരുത്.

നമ്മിൽ പലരും കുട്ടികളെപ്പോലെയാണ് തങ്ങളുടെ മാതാപിതാക്കളുടെ മരണശേഷം മാത്രമേ അവരുടെ യഥാർത്ഥ വില കുട്ടികൾ തിരിച്ചറിയുകയുള്ളൂ. സഭയിൽ ഒരാൾ മറ്റൊരാളോട് ഇപ്പോൾ നന്ദി നിറഞ്ഞവനാകുവാനും അത് വൈകിപ്പോകുന്നതിനു മുമ്പ് നന്ദി കാണിക്കുവാനും കർത്താവു നമ്മെ പഠിപ്പിക്കട്ടെ.

**മൊഴിമാറ്റം.വി.എം വർഗീസ്**

❖


## 'Now, you can pay your subscription, online!'.

**Jeevamozhikal - Direct Fund transfer Details**

Account Name: JEEVAMOZHIKAL
Account No. : 67074193088
Bank & Branch: SBT, Kumaranalloor, Kottayam
Bank IFSC CODE : SBTR0000677

**Note:**
Immediately after the fund transfer, kindly email to jeevamozhikal@gmail.com with the **transaction details, your address, phone number and the subscription reference number**.

# ദൈവസാന്നിധ്യപരിശീലനം

*14-ാം പേജിൽ നിന്നു തുടർച്ച*

**പത്താമത്തെ കത്ത്**

മാഡം 'എൻ' ന്റെ പേർക്ക്

മോൺ സിഞ്ഞോർ ഡി.എൻ-ന്റെ പേർക്ക് കത്തെഴുതുവാൻ വേണ്ടി മനസ്സിനെ സജ്ജീകരിക്കുവാൻ എനിക്കു വളരെ പ്രയാസം ഉണ്ടായി. താങ്കൾ, മാഡം ഡി.എൻ- ഈ രണ്ടുപേരും അതാഗ്രഹിക്കുന്നതിനാൽ ഞാൻ ഇപ്പോൾ എഴുതുകയാണ്. ഈ കത്ത് അദ്ദേഹത്തിന്റെ അഡ്രസ്സിൽ അയയ്ക്കുവാൻ ദയ തോന്നുക. ദൈവത്തിൽ നിങ്ങൾക്കുള്ള വിശ്വാസമോർത്ത് ഞാൻ അത്യന്തം സന്തോഷിക്കുന്നു. അവിടുന്ന് അത് ഇനിയും അധികമധികം വർദ്ധിപ്പിക്കട്ടെ എന്നാണ് എന്റെ ആഗ്രഹം. ഇത്രമാത്രം നല്ലവനും വിശ്വസ്തനുമായ ഒരു സ്നേഹിതനിൽ ആവശ്യത്തിലധികം വിശ്വാസമുള്ളവരാകുവാൻ നമുക്കു സാധ്യമല്ല. ഈ ലോകത്തിലോ വരുവാനുള്ളതിലോ അവിടുന്ന് ഒരിക്കലും നമ്മെ കൈവിടുകയില്ല.

തനിക്കു സംഭവിച്ച നഷ്ടത്തിൽ നിന്നു പ്രയോജനം വരുത്തുവാൻ മോൺ സിഞ്ഞോർ ഡി. എൻ-ന് കഴിയുമെങ്കിൽ, തന്റെ മുഴുവൻ വിശ്വാസവും അദ്ദേഹം ദൈവത്തിൽ വയ്ക്കുമെങ്കിൽ, അവിടുന്ന് വേഗം തന്നെ അദ്ദേഹത്തിന് കൂടുതൽ ശക്തനും ഉത്തമ താൽപര്യമുള്ളവനുമായ മറ്റൊരു സ്നേഹിതനെ നൽകും. താൻ ഇച്ഛിക്കുന്ന വിധത്തിൽ അവിടുന്ന് ഹൃദയങ്ങളോട് ഇടപെടുന്നു. ഒരുപക്ഷേ തനിക്കു നഷ്ടപ്പെട്ട ആ വ്യക്തിയോട് അദ്ദേഹത്തിന് ആവശ്യത്തിലധികം മാനുഷ്കമായ മമതാബന്ധം ഉണ്ടായിരുന്നിരിക്കാം. നമ്മുടെ സ്നേഹിതന്മാരെ നാം സ്നേഹിക്കേണ്ടതുതന്നെ. എന്നാൽ അതു ദൈവസ്നേഹത്തെ ബാധിക്കുന്ന വിധത്തിലാവരുത്. പ്രഥമസ്ഥാനം എപ്പോഴും ദൈവത്തിനായിരിക്കണം.

ഞാൻ എന്തു പ്രേരണയാണ് താങ്കളുടെ മേൽ ചുമത്തിയതെന്ന കാര്യം ഓർക്കുക. കൂടെക്കൂടെ, എന്നല്ല, രാവും പകലും, നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളിലും എല്ലാ ആധ്യാത്മിക കൃത്യങ്ങളിലും, എല്ലാ വിനോദങ്ങളിൽപോലും ദൈവത്തെ സ്മരിക്കുക. അവിടുന്നു എപ്പോഴും താങ്കളുടെ വലത്തു ഭാഗത്തുണ്ട്. അവിടുത്തോടുള്ള സംസർഗ്ഗത്തിൽ കുറവുള്ളവനായിത്തീരരുത്. താങ്കളെ സന്ദർശിച്ച ഒരു സ്നേഹിതനെ അവഗണിക്കുക എന്നതു മര്യാദകേടാണെന്നു താങ്കൾ കരുതുമല്ലോ. ആ സ്ഥിതിക്ക് ദൈവത്തെ അവഗണിക്കുകയും വിട്ടുകളയുകയും ചെയ്യുന്നതെന്തിന്? അതിനാൽ അവിടുത്തെ മറക്കരുത്. എപ്പോഴും അവിടുത്തെപ്പറ്റി ചിന്തിക്കുക. എല്ലാപ്പോഴും അവിടുത്തെ ആരാധിക്കുക. അവിടുത്തോടൊപ്പം ജീവിക്കുകയും മരിക്കയും ചെയ്ക. ഇതാണ് ക്രിസ്ത്യാനിയുടെ അഭികാമ്യമായ കർത്തവ്യം. ഒറ്റവാക്കിൽപ്പറഞ്ഞാൽ ഇതാണ് നമ്മുടെ വിളി. ഇതു നാമറിയുന്നില്ലെങ്കിൽ, നാം അത് അഭ്യസിച്ചേ മതിയാവൂ. ഇതിനായി എന്റെ പ്രാർത്ഥനകളിൽ ഞാൻ താങ്കളെ സഹായിക്കാം.

കർത്താവിൽ താങ്കളുടെ സ്വന്തം

പാരിസ്,

1689 ഒക്ടോബർ 29 **(തുടരും)**

**മൊഴിമാറ്റം: വി.ഐ**

❖





# തിരുത്തലും ശാസനയും

**ന**മ്മോടു പാപം ചെയ്ത സഹോദരനെ ശാസിക്കുന്നതിനെപ്പറ്റി ചിന്തിക്കാം. ആത്മാർത്ഥമായി സ്നേഹമുള്ള ഒരു വ്യക്തിക്കു മാത്രമേ ശരിയായ തരത്തിൽ ശാസിക്കുവാൻ കഴിയുകയുള്ളു (വെളി. 3:9 കാണുക). യേശു നമ്മെ വളരെയധികം സ്നേഹിച്ചു. നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ രക്ഷിക്കുവാൻ വേണ്ടി മരിക്കുവാൻ അവിടുന്നു തയ്യാറായി. അതുകൊണ്ടുതന്നെ നമ്മെ ശാസിക്കുവാനുള്ള അവകാശം അവിടുന്നു നേടിയെടുത്തു.

മറ്റുള്ളവരെ ശാസിക്കുവാനുള്ള അവകാശം നാമും നേടിയെടുക്കേണ്ടതുണ്ട്. മറ്റു വിശ്വാസികളിൽ നാം കാണുന്ന പാപത്തിൽനിന്ന് അവരെ രക്ഷിക്കുവാൻ വേണ്ടി നമ്മുടെ ജീവൻ വച്ചുകൊടുക്കുവാൻ തക്ക സ്നേഹം അവരോട് ഉണ്ടെങ്കിൽ മാത്രമേ അവരെ ശാസിക്കുവാൻ നമുക്ക് അവകാശം ഉണ്ടായിരിക്കുകയുള്ളു (യോഹ. 3:16 കാണുക) "ശാസിക്കുക" എന്നത് "തെറ്റുതിരുത്തുക" എന്നതിനേക്കാൾ ശക്തിയേറിയ പ്രയോഗമാണ്.

യേശുവിനെപ്പോലെ വേറൊരാൾക്കു വേണ്ടി സ്വന്തജീവൻ വച്ചുകൊടുക്കുവാൻ ഒരാൾക്കു മനസ്സില്ല എങ്കിൽ അവൻ അയാളെ ശാസിക്കുവാൻ തികച്ചും അയോഗ്യനാണ്. അത്തരക്കാരനായ ഒരു വിശ്വാസി ആദ്യം തന്നെ പഠിക്കേണ്ടതു മറ്റുള്ളവരെ ഉത്സാഹിപ്പിക്കുവാൻ ആണ്. അത് താഴ്ന്ന ക്ലാസ്സിലെ പഠനമാണ്. അവൻ ആ ക്ലാസ്സിൽ നിന്ന് ജയിച്ചശേഷം തെറ്റു ചെയ്തവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ പഠിക്കുന്ന അടുത്ത ക്ലാസ്സിലേക്കാണ് പോകേണ്ടത്. അതിനുശേഷം അതിലും ഉയർന്ന ക്ലാസ്സിൽ ചെന്ന് തെറ്റു ചെയ്തവരെ സ്നേഹത്തിലും, സൗമ്യതയിലും തിരുത്തുന്നത് എങ്ങനെയെന്നു പഠിക്കണം. അതിനുശേഷം മാത്രമേ മറ്റുള്ളവരെ സ്നേഹത്തിൽ എങ്ങനെ ശാസിക്കണം എന്നു പഠിക്കുന്ന ഉയർന്ന ക്ലാസ്സിലേക്ക് അവന് ക്ലാസ്സുകയറ്റം കിട്ടുകയുള്ളു.

ക്രിസ്തീയ ജീവിതത്തിൽ ഇത്തരത്തിലുള്ള ഉന്നത നിലവാരത്തിൽ എത്തിച്ചേർന്നവർക്കു മാത്രമേ സഹോദരന്മാരെ ശാസിക്കുവാൻ അവകാശമുള്ളു. ഒരു പക്ഷേ പതിനായിരം വിശ്വാസികളിൽ ഒരാൾക്കു മാത്രമേ ശാസിക്കുവാൻ കഴിവുണ്ടാകുകയുള്ളു. വീണ്ടും ജനനം പ്രാപിക്കുന്ന സമയത്ത് നമുക്ക് സ്നേഹത്തിന്റെ പാഠശാലയിലേക്കാണ് പ്രവേശനം ലഭിക്കുന്നത്.

മിക്ക വിശ്വാസികളും ഈ പാഠശാലയിലെ അധികം ഉയർന്ന ക്ലാസ്സുകളിലേക്കൊന്നും എത്തിച്ചേരുന്നില്ല. അനേകരും നേഴ്സറി ക്ലാസ്സിൽത്തന്നെ എപ്പോഴും കഴിഞ്ഞുകൂടുന്നു. അതിൽ കൂടുതൽ ആളുകളും പിന്മാറി നേഴ്സറിയിൽനിന്നുപോലും പൊഴിഞ്ഞുപോകുന്നു. അവർ പരാതിയിലും ക്ഷമിക്കുവാൻ കഴിയാത്ത മനോഭാവത്തിലും അസൂയയിലും എല്ലാം അകപ്പെട്ട് അത്തരത്തിൽ തുടർന്ന് ജീവിക്കുന്നു. ഇതാണ് മിക്ക വിശ്വാസികളുടേയും പരിതാപകരമായ അവസ്ഥ.

നാം ജീവിച്ചിരിക്കുമ്പോൾത്തന്നെ സ്നേഹത്തിന്റെ ഈ പാഠശാലയിൽ മുന്നേറുന്ന കാര്യം ഗൗരവമായി എടുക്കണം. എങ്കിൽ മാത്രമേ ഒരുനാൾ ദൈവരാജ്യത്തിൽ വാഴുവാൻ നാം യോഗ്യരായിത്തീരുകയുള്ളു. ദൈവരാജ്യത്തിൽ സ്നേഹത്തിൻ നിയമം എന്ന ഒരൊറ്റ നിയമമേ ഉള്ളു എന്നു നമുക്ക് ഓർക്കാം.

❖



# ബൈബിളിലൂടെ...

## യോഹന്നാന്റെ സുവിശേഷം

**സാക്പുന്നൻ**

**അധ്യായം ഒന്ന്**

ഉൽപത്തി 1:1ൽ 'ആദിയിൽ' എന്നു പ്രസ്താവിച്ചിരിക്കുന്ന ആരംഭത്തിനു മുമ്പുള്ള യഥാർത്ഥ ആരംഭത്തെക്കുറിച്ചാണ് യോഹന്നാൻ1:1ൽ പ്രസ്താവിച്ചിരിക്കുന്നത്. അവിടെ പറഞ്ഞിരിക്കുന്ന "വചനം" യേശുക്രിസ്തുവിനെക്കുറിക്കുന്നു. എന്നു മാത്രമല്ല, തന്നെ "ദൈവ"മെന്നു തന്നെ വിളിച്ചിരിക്കുന്നു. യേശുക്രിസ്തുവിന്റെ ദിവ്യത്വത്തിലാണു യോഹന്നാന്റെ ഊന്നൽ. നിത്യതമുതൽക്കേ യേശുക്രിസ്തു ദൈവമായിരുന്നു. ഒരുനാൾ വചനം ജഡമായിത്തീർന്നു(1:14) നമ്മുടേതുപോലുള്ള ജഡത്തിൽ ഈ ഭൂമിയിൽ സഞ്ചരിക്കുമ്പോഴും അവിടുന്നു ദൈവമായിരുന്നു. ഇന്നും അവിടുന്നു ദൈവമാണ്. അതുകൊണ്ട് നാം അവിടുത്തെ ആരാധിക്കുകയും അവിടുത്തോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു. മത്തായി 4:10-ൽ യേശു തന്നെ പറയുന്നു. "ദൈവത്തെ മാത്രമേ ആരാധിക്കാവൂ." എന്ന്. ഈ ഭൂമിയിലായിരിക്കുമ്പോൾ തന്നെ ആളുകൾ ആരാധിച്ചപ്പോൾ യേശു അതു സ്വീകരിച്ചിരുന്നു.

എന്തുകൊണ്ടാണ് സുവിശേഷകൻ വചനമെന്ന് അവിടുത്തെ വിളിച്ചിരിക്കുന്നത്.? അതിൽ തത്ത്വശാസ്ത്രപരമോ സങ്കീർണ്ണമോ ആയ അർത്ഥതലങ്ങളൊന്നുമില്ല. ബൈബിൾ തികച്ചും ലളിതമായ ഒരു ഗ്രന്ഥമാണ്. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ, പണ്ഡിതന്മാർ അതിനെ വ്യാഖ്യാനം കൊണ്ടു സങ്കിർണ്ണമാക്കി. ബൈബിൾ ഗ്രഹിക്കുവാനാവശ്യം ബുദ്ധിചാതുര്യമല്ല ശിശുവിന്റേതുപോലെ ആർജ്ജവമുള്ള മനസ്സാണ്. (മത്താ. 11:25) ഈ സുവിശേഷം എഴുതിയ യോഹന്നാൻ പണ്ഡിതനായ തത്വചിന്തകനായിരുന്നില്ല. വെറും പാമരനായ മുക്കുവനായിരുന്നു. നിരക്ഷരനായ ഈ മുക്കുവന്റെ ലിഖിതങ്ങളെക്കുറിച്ച് ആളുകൾ ബൈബിൾ സെമിനാരികളിൽ വലിയ തീസിസുകൾ ചമച്ചുണ്ടാക്കി ഡോക്ടറേറ്റുകൾ സമ്പാദിക്കുന്നു. യോഹന്നാന് ഒരിക്കലും ലഭിക്കാൻ കഴിയാത്ത ഡോക്ടറേറ്റ്!

അദൃശ്യമായ ചിന്തയുടെ ദൃശ്യമായതോ ശ്രവ്യമായതോ ആയ ആവിഷ്ക്കാരമാണ് പറയപ്പെട്ടതോ എഴുതപ്പെട്ടതോ ആയ വാക്ക് അഥവാ വചനം. നമ്മുടെ ചിന്തകളെ വാക്കുകളിലൂടെ അവതരിപ്പിക്കുമ്പോൾ മാത്രമാണ് അന്യർക്ക് നമ്മുടെ ചിന്തയെ ഗ്രഹിക്കാൻ കഴിയുക. ദൈവം സ്വർഗ്ഗത്തിൽത്തന്നെ വസിക്കയോ കേവലം ഒരു ആത്മാവായി ഈ ഭൂമിയിലേക്കു വരികയോ ചെയ്തിരുന്നുവെങ്കിൽ നമുക്ക് അവിടുത്തെ മനസ്സിലാക്കാൻ കഴിയില്ലായിരുന്നു. എന്നാൽ അവിടുന്ന് യേശുവിന്റെ രൂപത്തിൽ വന്നു. അതുകൊണ്ടു നാം അവിടുത്തെ അറിയുവാനിടയായി. അതുകൊണ്ടാണ് യേശുവിനെ വചനം എന്നു വിളിക്കുന്നത്. അവിടുന്ന് അദൃശ്യനായ ദൈവത്തിന്റെ ദൃശ്യവും ശ്രവ്യവുമായ രൂപമാണ്. അവിടുത്തേക്കല്ലാതെ മറ്റാർക്കും ആ വിശേഷണം നൽകിക്കൂടാ.







എത്ര ചെറിയ വിള്ളലിൽ കൂടിയും ഉള്ളിലേക്കു കടക്കാൻ വെളിച്ചത്തിനു വെമ്പലുണ്ട്. യേശുവിന്റെ ജീവനും അപ്രകാരമാണ്. നിങ്ങളുടെ ഹൃദയത്തിലേക്കു കടന്നുവരാനും നിറയുവാനും അത് ആകാംക്ഷയോടെ കാത്തിരിക്കുന്നു.

"അവനിൽ (യേശുവിൽ) ജീവനുണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. "(1:4) വെളിച്ചം ഇരുളിനെ പുറത്താക്കുന്നു. യേശുവിന്റെ ജീവൻ എല്ലായിടത്തും ചെയ്യുന്ന പ്രവൃത്തി അതാണ്. നാം അനുവദിക്കുമെങ്കിൽ യേശുവിന്റെ ജീവൻ നമ്മിലേക്കു കടന്നു വരുമ്പോഴും അതു തന്നെ സംഭവിക്കും. അതു നമ്മിലെ ഇരുളിനെ പുറത്താക്കും. പുറത്തു മുഴുവനും പകൽ വെളിച്ചമുള്ള സമയത്തും നിങ്ങൾ മുറിയുടെ ജനലും വാതിലുമൊക്കെ അടച്ചാണിരിക്കുന്നതെങ്കിൽ ഉള്ളിൽ ഇരുട്ടുതന്നെ ആയിരിക്കും. ഏറ്റവും ചെറിയ വാതായനമെങ്കിലും തുറന്നാൽ പെട്ടെന്ന് വെളിച്ചം ഉള്ളിലേക്കു വരും. ജാലകത്തിലൊരു വിള്ളലുണ്ടെങ്കിൽ പോലും വെളിച്ചം ഉള്ളിലേക്കു വരും. എത്ര ചെറിയ വിള്ളലിൽ കൂടിയും ഉള്ളിലേക്കു കടക്കാൻ വെളിച്ചത്തിനു വെമ്പലുണ്ട്. യേശുവിന്റെ ജീവനും അപ്രകാരമാണ്. നിങ്ങളുടെ ഹൃദയത്തിലേക്കു കടന്നുവരാനും നിറയുവാനും അത് ആകാംക്ഷയോടെ കാത്തിരിക്കുന്നു. അവിടുന്നു വാതിൽക്കൽ നിന്ന് മുട്ടുന്നു. നിങ്ങൾ എത്രമാത്രം നിങ്ങളുടെ ഹൃദയത്തെ തുറന്നുകൊടുക്കുന്നുവോ അത്രമാത്രം ജീവന്റെ പ്രവാഹം നിങ്ങളിലേക്ക് അവിടുന്നു നൽകും. യേശു തന്റെ ശിഷ്യന്മാരോട് (നമ്മോടും) പറഞ്ഞു. 'നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു." (മത്താ. 5.14) പഴയനിയമത്തിൽ ദൈവത്തിന്റെ എഴുതപ്പെട്ട വചനമായിരുന്നു വെളിച്ചം." നിന്റെ വചനം എന്റെ കാലുകൾക്ക് ദീപവും പാതയ്ക്കു പ്രകാശവും ആകുന്നു.' (സങ്കീ. 119.105). ദൈവത്തിന്റെ പ്രമാണങ്ങൾ മാത്രമായിരുന്നു ആ കാലഘട്ടത്തിൽ അവർക്കു ലഭ്യമായിരുന്ന ഒരേ ഒരുവെളിച്ചം. ഇന്ന് ബൈബിളല്ല ദൈവത്തിന്റെ വെളിച്ചം. ജഡമായിത്തീർന്ന

*ദൈവം സ്വർഗ്ഗത്തിൽത്തന്നെ വസിക്കയോ കേവലം ഒരു ആത്മാവായി ഈ ഭൂമിയിലേക്കു വരികയോ ചെയ്തിരുന്നു എങ്കിൽ നമുക്ക് അവിടുത്തെ മനസ്സിലാക്കാൻ കഴിയില്ലായിരുന്നു. എന്നാൽ അവിടുന്ന് യേശുവിന്റെ രൂപത്തിൽ വന്നു. അതുകൊണ്ടു നാം അവിടുത്തെ അറിയുവാനിടയായി. അതുകൊണ്ടാണ് യേശുവിനെ വചനം എന്നു വിളിക്കുന്നത്. അവിടുന്ന് അദൃശ്യനായ ദൈവത്തിന്റെ ദൃശ്യവും ശ്രവ്യവുമായ രൂപമാണ്. അവിടുത്തേക്കല്ലാതെ മറ്റാർക്കും ആ വിശേഷണം നൽകിക്കൂടാ.*

വചനമാണ് ഇന്നു വെളിച്ചം. യേശു ആണ് ഇന്നു വെളിച്ചം. എന്റെ ഉപദേശങ്ങളാണു വെളിച്ചം എന്നല്ല യേശു പറഞ്ഞത്; ഞാൻ വെളിച്ചമാകുന്നു എന്നാണ്. അതുകൊണ്ടു തന്നെ നമ്മുടെ ഉപദേശങ്ങളല്ല വെളിച്ചം; നാം തന്നെയാണ്. 'നിങ്ങൾ വെളിച്ചമാകുന്നു' എന്നത്രേ യേശു പറഞ്ഞത്. നിങ്ങളുടെ ജീവിതം വെളിച്ചമായിരിക്കുന്നില്ല എങ്കിൽ അത്ഭുതകരമായ കാര്യങ്ങൾ നിങ്ങൾ സംസാരിക്കുമ്പോഴും ഒരു കാപട്യക്കാരനായിരിക്കുവാൻ മാത്രമേ നിങ്ങൾക്കുകഴിയൂ. ആ പുളിപ്പ് നിങ്ങളെ നശിപ്പിക്കും. നാം പഠിപ്പിക്കുന്ന കാര്യങ്ങളെ സമർത്ഥിക്കുന്നതായിരിക്കണം നമ്മുടെ ജീവിതം. യേശുവിന്റെ ജീവൻ നമ്മുടെ ചിന്തകളെയും പണമിടപാടുകളെയും സ്വാധീനിക്കണം.കുടുംബജീവിതത്തിലും സഹപ്രവർത്തകരോടുള്ള പെരുമാറ്റത്തിലും യേശുവിന്റെ ജീവന്റെ സ്വാധീനം പ്രതിഫലിക്കണം. സഭയിലെ സഹോദരങ്ങളോടുള്ള സമീപനത്തിലും അങ്ങനെ തന്നെ. യേശുവിന്റെ ജീവൻ തന്നെയാണു വെളിച്ചം. അതുതന്നെയാണ് ഇന്നു നമ്മുടെ രാജ്യത്തിലും വന്നിട്ടുള്ള കുറവ്.

"തന്നെ സ്വീകരിച്ച് തന്റെ നാമത്തിൽ വിശ്വസിച്ച ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം നൽകി" (യോഹ1:12) യേശുവിനെ നാം കർത്താവായി സ്വീകരിക്കുമ്പോഴാണു നാം ദൈവമക്കളായിത്തീരുന്നത്. മക്കൾ എന്ന ഇവിടുത്തെ പ്രയോഗത്തിന്നർത്ഥം നവജാതശിശുക്കൾ എന്നത്രേ. പുത്രൻ എന്ന പദം 'മുതിർന്ന' 'പക്വത പ്രാപിച്ച' എന്നൊക്കെ അർത്ഥം വരുന്ന പദപ്രയോഗമാണ്. നിങ്ങൾ യേശുവിനെ സ്വീകരിക്കുമ്പോൾ നിങ്ങൾ ഒരു നവജാതശിശുമാത്രമാണ്. മുതിർന്ന പുത്രനല്ല. എന്നാൽ പക്വത പ്രാപിച്ചു പുത്രത്വത്തിലേക്കു വളരേണ്ടതുണ്ട്.

യേശു ഈ ഭൂമിയിൽ വചനമായി അവതരിച്ചപ്പോൾ ശിഷ്യന്മാർ ദൈവതേജസ്സ് അവനിൽ കണ്ടു. കൃപയുടെയും സത്യത്തിന്റെയും നിറവോടെ. (1.14) യേശു വെളിപ്പെടുത്തിയ തേജസ്സിന് ഒരു സന്തുലിതാവസ്ഥയുണ്ടായിരുന്നു. "സത്യം" "സത്യമാണ്" "സത്യമായി" ഇപ്രകാരമുള്ള പ്രയോഗങ്ങൾ എഴുപതിലധികം പ്രാവശ്യം ഈ സുവിശേഷത്തിൽ കടന്നുവരുന്നു. യോഹന്നാന്റെ പ്രമുഖമായ പ്രതിപാദ്യവിഷയങ്ങളിലൊന്നാണിത്.

എന്നാൽ ആ സത്യം (കല്പനകളും നിയമങ്ങളും പ്രമാണങ്ങളും) ആളുകൾക്ക് ആകർഷകമായിത്തീരണമെങ്കിൽ കൃപയുടെ ആവരണം അതിന്മേലുണ്ടാവണം. നമ്മുടെ ശരീരത്തിൽ അസ്ഥിയും (സത്യത്തിന് ദൃഷ്ടാന്തം) മാംസവും (കൃപയ്ക്ക് ദൃഷ്ടാന്തം) ഉണ്ട്. അസ്ഥികൂടത്തിൽ മാംസം പൊതിഞ്ഞിരിക്കുന്നില്ലെങ്കിൽ എന്തുഭംഗിയുണ്ടാവും നമ്മുടെ ശരീരത്തിന്? ഒരു അസ്ഥികൂടം നമ്മുടെ അടുത്തേക്കു നടന്നു വരുന്നതുകണ്ടാൽ നമുക്കു ഭയം തോന്നും. നാം ഓടിപ്പോ





*ചില ക്രിസ്ത്യാനികൾ സത്യത്തിനു മാത്രം പ്രാധാന്യം നൽകുകയും നിയമങ്ങളും ചട്ടങ്ങളും കടുകിടെ വ്യത്യാസം കൂടാതെ ഉപദേശിക്കുകയും ചെയ്യുന്നവരാണ്. അത് ആളുകളെ മടുപ്പിക്കുന്നു. യേശുവിൽ അസ്ഥികൾ ഉണ്ടായിരുന്നു. പക്ഷേ മാംസം പൊതിഞ്ഞിരുന്നു. സത്യം കൃപയിൽ പൊതിഞ്ഞിരുന്നതിനാൽ അധമ പാപികൾക്കുപോലും അവിടുത്തെ സമീപം വരുവാൻ പ്രയാസമുണ്ടായില്ല.*

കും. അതുകൊണ്ടായിരുന്നു പരീശനമാരിൽ നിന്നും ആളുകൾ അകന്നുമാറിയിരുന്നത്. അവർ സത്യം മുറുകെപ്പിടിച്ചിരുന്നു. പക്ഷേ കൃപ അല്പവും ഉണ്ടായിരുന്നില്ല. ചില ക്രിസ്ത്യാനികൾ സത്യത്തിനു മാത്രം പ്രാധാന്യം നൽകുകയും നിയമങ്ങളും ചട്ടങ്ങളും കടുകിടെ വ്യത്യാസം കൂടാതെ ഉപദേശിക്കുകയും ചെയ്യുന്നവരാണ്. അത് ആളുകളെ മടുപ്പിക്കുന്നു. യേശുവിൽ അസ്ഥികൾ ഉണ്ടായിരുന്നു. പക്ഷേ മാംസം പൊതിഞ്ഞിരുന്നു. സത്യം കൃപയിൽ പൊതിഞ്ഞിരുന്നതിനാൽ അധമപാപികൾക്കുപോലും അവിടുത്തെ സമീപം വരുവാൻ പ്രയാസമുണ്ടായില്ല. നമ്മിലധികം പേരും നമ്മുടെ രക്ഷിക്കപ്പെടാത്ത ബന്ധുക്കളെ സത്യത്താൽ അകറ്റി നിർത്തുന്നു അവർ നമ്മിൽ അസ്ഥികൂടം മാത്രം കണ്ടു ഭയന്ന് നമ്മിലെ വ്യാജക്രിസ്തുവിൽ നിന്നും ഓടി മാറുന്നു.

മറുവശത്ത് കൃപയ്ക്കു മാത്രം പ്രാധാന്യം കൊടുക്കുന്ന ഒരുകൂട്ടം ആളുകൾ ഉണ്ട്. നമ്മുടെ ശരീരത്തിൽ അസ്ഥി ഇല്ലാത്ത അവസ്ഥയെക്കുറിച്ചു ചിന്തിക്കുക. നമുക്കു നിൽക്കാൻ കഴിയില്ല. മുള്ളില്ലാത്ത ഒരു തരം മീനിനെപ്പോലെ. ചില പ്രയോജനങ്ങളൊക്കെയുണ്ടതിന്. എവിടെയും നുഴഞ്ഞുകയറാം. ഏതു രൂപവും സ്വീകരിക്കാം. ചില ക്രിസ്ത്യാനികൾ അങ്ങനെയുള്ളവരാണ്. യാതൊരു ഉപദേശങ്ങളെ സംബന്ധിച്ചും അവർക്ക് വ്യക്തമായ ബോദ്ധ്യങ്ങളില്ല. ഏതു സംഘടനയിലും കയറിപ്പറ്റി അതിനോടു താദാത്മ്യം പ്രാപിക്കാൻ അവർക്കു പ്രയാസമില്ല. അവർ ഓന്തുകളെപ്പോലെ തങ്ങളുടെ ചുറ്റുപാടുകൾക്കനുസരിച്ചു മാറാൻ കഴിവുള്ളവരാണ്.

ക്രിസ്തുവിനെ ലോകത്തിനു ശരിയായ നിലയിൽ കാണിച്ചുകൊടുക്കാൻ കൃപയും സത്യവും ഒരുപോലെ എത്ര മാത്രം ആവശ്യമാണെന്നു നാം കണ്ടു.

ഈ മേഖലയിൽ നമ്മിലാരും തന്നെ പൂർണ്ണമായ സന്തുലിതാവസ്ഥ പ്രാപിച്ചിട്ടില്ല. അതുകൊണ്ടാണു ദൈവം ക്രിസ്തുവിന്റെ ശരീരത്തെ നമുക്ക് തന്നത്. സത്യത്തിന്റെ കാര്യത്തിൽ നാം ശക്തരാകുമ്പോൾ കൃപയുടെ കാര്യത്തിൽ ശക്തരായ മറ്റു ചില സഹോദരങ്ങളെ ദൈവം നമുക്ക് നൽകുന്നു. അങ്ങനെ നമ്മെക്കൂടാതെ അവർക്കോ അവരെക്കൂടാതെ നമുക്കോ ദൈവമഹത്വം വെളിപ്പെടുത്തുക അസാദ്ധ്യമായിത്തീരുന്നു. നാം ഒരുമിച്ചു ക്രിസ്തുവിനെ ഉയർത്തുന്നു. നാം എത്ര അസന്തുലിതരാണെന്നും എന്നും ഒരേ കാര്യങ്ങൾ മാത്രമേ നാം ഉയർത്തിപ്പിടിച്ചിട്ടുള്ളു എന്നും ജീവിതാന്ത്യത്തിൽ നാം തിരിച്ചറിയുന്നു. എന്നാൽ ശരീരത്തിലെ മറ്റ് അവയവങ്ങളുമായുള്ള ബന്ധത്തിലൂടെ നമ്മുടെ രക്ഷ ദൈവം ഉറപ്പാക്കിത്തന്നിരിക്കുന്നു. ക്രിസ്തു ശരീരത്തിന്റെ പൂർണത യേശുക്രിസ്തുവിൽ മാത്രമാണ് നാം കണ്ടെത്തുന്നത്. അവിടുത്തേക്കു മാത്രമേ പൂർണ്ണമായ സന്തുലിതാവസ്ഥ വെളിപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളു. നാം അവിടുത്തെ ശരീരത്തിന്റെ ഒരുഭാഗം മാത്രമാണ്. അതു

*ഇക്കാലത്ത് അമേരിക്കയിൽ നിന്നും ഇന്ത്യയിലേക്കു വരുന്ന ധാരാളം പ്രസംഗകരെ കാണുവാൻ കഴിയും. അത്തരമൊരു വ്യക്തി അമേരിക്കയിലെ തന്റെ കുടുംബത്തിൽ ഭാര്യയോടൊത്ത് എങ്ങനെ വസിക്കുന്നു എന്നും അയാൾ വിവാഹമോചനം നടത്തിയ ഒരാളാണോ എന്നും മക്കളെ എങ്ങനെ വളർത്തി എന്നും എങ്ങനെയുള്ള സഭയാണ് അയാളുണ്ടാക്കിയതെന്നും ഒക്കെ അറിയാൻ കഴിയുന്നില്ലെങ്കിൽ ഞാൻ അയാളെ എന്റെ സഭയിൽ ശുശ്രൂഷിക്കുവാൻ അനുവദിക്കില്ല.*

കൊണ്ടുതന്നെ വ്യത്യസ്തമായ കാര്യങ്ങൾക്കു പ്രാധാന്യം നൽകുന്ന മറ്റുള്ളവരെയും നാം ക്രിസ്തുശരീരമെന്ന നിലയിൽ സ്വീകരിക്കേണ്ടതാണ്.

ന്യായപ്രമാണം മോശെയിലൂടെ ലഭിച്ചു. കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു (1.17) യേശു വരുന്നതുവരെ കൃപ ലോകത്തിലേക്കു വന്നിരുന്നില്ല എന്നാണ് ആ വാക്യം നമ്മെ പഠിപ്പിക്കുന്നത്. ന്യായപ്രമാണം മോശെ മുഖാന്തരം വന്നു. അതായിരുന്നു പഴയ ഉടമ്പടി. അതിൽ കൃപ ഉണ്ടായിരുന്നില്ല. പഴയ ഉടമ്പടിയിൽ കൃപയുടെ പരാമർശം പോലുമില്ല. അതു പുതിയ ഉടമ്പടിയിൽ മാത്രമാണു നാം കണ്ടെത്തുന്നത്. ഉൽപത്തി 6:8 ൽ നാം കാണുന്ന കൃപ എന്ന പദം ഭാഷാന്തരത്തിൽ വന്ന പിശകുതന്നെയാണ്. ന്യൂ അമേരിക്കൻ സ്റ്റാൻഡേർഡ് ബൈബിളിൽ "പ്രീതി" "സൗമനസ്യം" എന്നൊക്കെ അർത്ഥം വരുന്ന favour എന്ന പദമാണ് സ്വീകരിച്ചിരുന്നത്. അതു തികച്ചും ശരിയാണ്. കൃപ എന്ന പദത്തിന്റെ അർത്ഥം എന്താണ്? വ്യാപകമായി അംഗീകരിച്ചിരിക്കുന്ന "അനർഹമായ പ്രസാദം" എന്ന അർത്ഥം ശരിയല്ല. ഒരു കണക്കിൽ പറഞ്ഞാൽ എല്ലാ മനുഷ്യരും ദൈവത്തിൽ നിന്നും അനർഹമായ പ്രസാദം ലഭിച്ചുകൊണ്ടിരിക്കുന്നവരാണ്. അതു കൃപയല്ല "കരുണ'യാണ്. പഴയ ഉടമ്പടിയിലും അവർക്കു കരുണ ലഭിച്ചിരുന്നു. ദൈവത്തിന്റെ കരുണയാലാണ് അവർക്കു പാപക്ഷമ ലഭിച്ചിരുന്നത് (സങ്കീ.103.3) കരുണ നമ്മുടെ കഴിഞ്ഞകാലജീവിതത്തിലെ കുറ്റങ്ങൾ സംബന്ധിച്ച ദൈവിക ഇടപെടലുമായി ബന്ധപ്പെട്ടിരിക്കുന്നു. കൃപ ഭാവിജീവിതത്തിൽ നമുക്കു പാപത്തിന്മേൽ ജയം നേടിത്തരുന്നു.

മറ്റെല്ലാ സുവിശേഷങ്ങളിലേതും പോലെ യേശു ആളുകളെ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കും (നിമജ്ജനം) എന്ന വാഗ്ദാനത്തോടെയാണ് യോഹന്നാനും എഴുതിത്തുടങ്ങുന്നത് (1.33) മുഴുകൽ രണ്ടുതരത്തിൽ സാദ്ധ്യമാണ്. ഒരു നദിയിലോ കുളത്തിലോ മുങ്ങിക്കൊണ്ടും ഒരു വെള്ളച്ചാട്ടത്തിന്റെ കീഴിൽ നിന്നുകൊണ്ടും മുഴുകൽ സാദ്ധ്യമാണ്. ജലത്തിലുള്ള മുഴുകൽ സ്നാനം നൽകുന്നത് നദിയിലോ ജലസംഭരണിയിലോ ആണ്. പെന്തെക്കോസ്ത് നാൾ മുതൽ ദൈവസിംഹാസനത്തിൽ നിന്നും ഭൂമിയിലേക്കു പ്രവഹിച്ചു കൊണ്ടിരിക്കുന്ന ഒരു പ്രവാഹത്തിൽ നിന്നാണ് പരിശുദ്ധാത്മസ്നാനം ലഭിക്കുന്നത്. താഴ്മ എന്ന ഒരു സ്ഥലത്തേക്കാണ് ആ പ്രവാഹം ഒഴുകി വീഴുന്നത്. നമ്മുടെ ജീവിതത്തിലെ എല്ലാ നാളുകളിലും നാം താഴ്മയിൽ നില്ക്കുന്നവരെങ്കിൽ ആ പ്രവാഹം നമ്മിലേക്കും നമ്മിലൂടെ മറ്റനേകരിലേക്കും പ്രവഹിക്കും.

യോഹന്നാന്റെ ശിഷ്യന്മാർ യേശുവിനോടു "ഗുരോ നീ എവിടെ പാർക്കുന്നു?" എന്നു ചോദിച്ചു. "വന്നു കാണുക" എന്ന് യേശു മറുപടി നൽകി. (1.39) പഴയ ഉടമ്പടിയിൽ ദൈവഭൃത്യന്മാർ "വന്നു കേൾക്കുക" എന്നായി





രിക്കും മറുപടി നൽകുക. പുതിയ ഉടമ്പടിയിലെ ദൈവഭൃത്യൻ പറയുന്നു. "വന്നു കാണുക" "മോശെ പർവ്വതത്തിൽ നിന്നും ദൈവീക സന്ദേശങ്ങളുമായി വന്നിരിക്കുന്നു. വന്നു കേൾക്കുക." ഇതായിരുന്നു പഴയ ഉടമ്പടിയിലെ ക്ഷണം. എന്നാൽ പുതിയ ഉടമ്പടിയിൽ "ഇതാ യേശു സ്വർഗ്ഗത്തിൽനിന്നും ഭൂമിയിൽ വന്നിരിക്കുന്നു. അവന്റെ ജീവിതം വന്നുകാണുക." എന്നതാണു ക്ഷണം. പുതിയ ഉടമ്പടിയിൽ സന്ദേശത്തിനല്ല സന്ദേശവാഹകനാണ് പ്രാധാന്യം. നാം തന്നെയാണു സന്ദേശം. അതുകൊണ്ടു നാം പറയുന്നു. "ഞാൻ എന്റെ ഭാര്യയോടൊപ്പം എങ്ങനെ ജീവിക്കുന്നു എന്നും സഹപ്രവർത്തകരോട് എങ്ങനെ പെരുമാറുന്നു എന്നും സഭയിലെ യുവസഹോദരങ്ങളോട് എങ്ങനെ വർത്തിക്കുന്നു എന്നും എന്റെ പണവും കണക്കുകളും എങ്ങനെ സൂക്ഷിക്കുന്നു എന്നും എന്റെ കുട്ടികളെ എങ്ങനെ വളർത്തുന്നു എന്നും വന്നു കാണുക. എന്റെ ജീവിതത്തിന്റെ എല്ലാ മേഖലകളും വന്നു കാണുക. ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതുപോലെ നിങ്ങൾക്ക് എന്നെ അനുകരിക്കുവാൻ കഴിയും." (1 കൊരി 11.1).

ഇക്കാലത്ത് അമേരിക്കയിൽ നിന്നും ഇന്ത്യയിലേക്കു വരുന്ന ധാരാളം പ്രസംഗകരെ കാണുവാൻ കഴിയും. അത്തരമൊരു വ്യക്തി അമേരിക്കയിലെ തന്റെ കുടുംബത്തിൽ ഭാര്യയോടൊത്ത് എങ്ങനെ വസിക്കുന്നു എന്നും അയാൾ വിവാഹമോചനം നടത്തിയ ഒരാളാണോ എന്നും മക്കളെ എങ്ങനെ വളർത്തി എന്നും എങ്ങനെയുള്ള സഭയാണ് അയാളുണ്ടാക്കിയതെന്നും ഒക്കെ അറിയാൻ കഴിയുന്നില്ലെങ്കിൽ ഞാൻ അയാളെ എന്റെ സഭയിൽ ശുശ്രൂഷിക്കുവാൻ അനുവദിക്കില്ല. ശക്തമായ പ്രഭാഷണം ഒരിക്കലും എന്നിൽ മതിപ്പുളവാക്കുന്നില്ല. "എന്റെ ജീവിതം വന്നു കാണുക" എന്നു പറയുന്ന ഒരു വ്യക്തി മാത്രമേ എന്നിൽ മതിപ്പുളവാക്കുന്നുള്ളു. "എനിക്ക് എത്ര നന്നായി പ്രസംഗിക്കുവാനും രോഗശാന്തിശുശ്രൂഷ ചെയ്യുവാനും കഴിയുമെന്നു ശ്രദ്ധിക്കുക" എന്നാണു നിങ്ങൾ പറയുന്നതെങ്കിൽ എനിക്കതിൽ താത്പര്യമില്ല. നിങ്ങൾ പഴയ ഉടമ്പടിയിലുള്ള ഒരു വ്യക്തിയാണ്. നിങ്ങൾ പണിയുന്നതും പഴയ ഉടമ്പടിയിൻ പ്രകാരമുള്ള ഒരു സഭയായിരിക്കും. "വന്നു കേൾക്കുക" എന്നു പറയുന്നവരാണു ബാബിലോൺ പണിയുന്നതും. അവർ ശരിയായ ഉപദേശം ശ്രദ്ധയോടെ പഠിപ്പിക്കുന്നവരും അതിനുവേണ്ടി പോരാടുന്നവരുമായിരിക്കും. അവരുടെ ഉപദേശം വിശുദ്ധജീവിതത്തെ ഉളവാക്കുന്നില്ല എങ്കിൽ അതിലെന്തോ പിശകുണ്ട്. യേശുവിൽ ജീവിനുണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. യോഹന്നാന്റെ മുഖ്യപ്രമേയം തന്നെ ജീവനാണ്. സുവിശേഷത്തിലും ലേഖനങ്ങളിലുമെല്ലാം തന്നെ. സഹസ്രാബ്ദങ്ങളോളം ഈ ജീവൻ മറഞ്ഞു കിടന്നു. മനുഷ്യനു ദൈവത്തിൽ നിന്നു മാത്രമേ വചനം ലഭിക്കുന്നുള്ളു. എന്നാൽ വചനം ജഡമായിത്തീർന്നതോടെ നമുക്കും നിത്യസുവിശേഷം ലഭ്യമായി.അതുകൊണ്ടാണ് പൗലോസ് ധൈര്യത്തോടെ പറഞ്ഞത്. "ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുമ്പോലെ നിങ്ങൾ എന്റെ അനുകാരികൾ ആകുവിൻ." (1 കൊരി. 11.1) ഇന്ന് എല്ലാ ദൈവഭൃത്യന്മാരും ഇതു പറയുവാൻ പ്രാപ്തരാകണം.

ചില പ്രസംഗകർ പറയാറുണ്ട്. "ക്രിസ്തുവിനെ അനുഗമിക്കുക. എന്നെ അനുഗമിക്കേണ്ടാ." അതു താഴ്മയുടെ ശബ്ദമായി നമുക്കു തോന്നാമെങ്കിലും വചനാനുസൃതമല്ല. എന്തുകൊണ്ടാണ് ഒരാൾ അങ്ങനെ പറയുന്നത്? തന്റെ ജീവിതം മാതൃകാപര

*ചില പ്രസംഗകർ പറയാറുണ്ട്. "ക്രിസ്തുവിനെ അനുഗമിക്കുക. എന്നെ അനുഗമിക്കേണ്ടാ." അതു താഴ്മയുടെ ശബ്ദമായി നമുക്കു തോന്നാമെങ്കിലും വചനാനുസൃതമല്ല. എന്തുകൊണ്ടാണ് ഒരാൾ അങ്ങനെ പറയുന്നത്? തന്റെ ജീവിതം മാതൃകാപരമല്ല എന്ന ബോധ്യം ആ വ്യക്തിക്കുള്ളതുകൊണ്ടായിരിക്കാം. അങ്ങനെയെങ്കിൽ പ്രസംഗം തുടരാതിരിക്കയാണ് ആ വ്യക്തിചെയ്യേണ്ടത്. വീട്ടിലേക്കു പോവുകയും ജീവിതത്തെ യഥാസ്ഥാനപ്പെടുത്തുകയുമാണ് അടിയന്തരമായി ചെയ്യേണ്ടകാര്യം.*

മല്ല എന്ന ബോധ്യം ആ വ്യക്തിക്കുള്ളതുകൊണ്ടായിരിക്കാം. അങ്ങനെയെങ്കിൽ പ്രസംഗം തുടരാതിരിക്കയാണ് ആ വ്യക്തിചെയ്യേണ്ടത്. വീട്ടിലേക്കു പോവുകയും ജീവിതത്തെ യഥാസ്ഥാനപ്പെടുത്തുകയുമാണ് അടിയന്തിരമായി ചെയ്യേണ്ടകാര്യം. നാം ക്രിസ്തുവിനെപ്പോലെ ആയതുകൊണ്ടല്ല നാം മറ്റു വ്യക്തികളോടു 'ഞാൻ ക്രിസ്തുവിനെ അനുഗമിക്കുന്നതുപോലെ എന്നെ അനുഗമിക്കുക' എന്നു പറയുന്നത്. നാം ആ പർവ്വതത്തിനു മുകളിൽ എത്തിയിട്ടില്ല. അതു ക്രിസ്തുവിന്റെ രണ്ടാം വരവിൽ മാത്രമേ സാദ്ധ്യമാകൂ. എന്നാൽ നാം പർവ്വതത്തിനു ചുവട്ടിലിരിക്കുകയല്ല. സുവിശേഷം നമ്മുടെ ജീവിതത്തെയും ചിന്തയേയും സംഭാഷണത്തേയും പണം കൈകാര്യം ചെയ്യുന്ന രീതിയേയും എല്ലാ പെരുമാറ്റരീതിയെയും മാറ്റിക്കൊണ്ടിരിക്കുന്നു എന്ന കാര്യമത്രേ നാം പറയുന്നത്.

ക്രിസ്തുസാദൃശ്യത്തിലേക്കു രൂപാന്തരപ്പെടുക എന്ന പർവ്വതത്തിലേക്കു നമ്മോടൊപ്പം കയറുവനാനാണ് നാം മറ്റുള്ളവരോട് ആഹ്വാനം ചെയ്യുന്നത്.

ഒരിക്കൽ ഇന്ത്യ സന്ദർശിച്ച പാശ്ചാത്യനായ ഒരു സഹോദരൻ ഫസ്റ്റ്ക്ളാസ് ട്രെയിൻ ടിക്കറ്റുമായി ട്രെയിനിൽ കയറിയ സംഭവം ഞാൻ കേട്ടിട്ടുണ്ട്. തന്റെ സീറ്റു മറ്റൊരാൾ കൈക്കലാക്കിയിരിക്കുന്നതാണ് അദ്ദേഹം കണ്ടത്. എന്നു മാത്രമല്ല മാറിത്തരുവാൻ അയാൾ വിസമ്മതിക്കയും ചെയ്തു. അദ്ദേഹം ആ മനുഷ്യനോടു വഴക്കിനൊന്നും പോയില്ല. പത്രക്കടലാസ് വിരിച്ച് ടോയ്‌ലറ്റിനു സമീപം നിലത്തിരുന്നു. ടിക്കറ്റ് പരിശോധകൻ വന്നപ്പോൾ അദ്ദേഹം തറയിലിരിക്കുന്നതിന്റെ കാരണം അന്വേഷിച്ചു. മറ്റൊരാൾ തന്റെ ഇരിപ്പിടത്തിലിരിക്കുന്നതുകൊണ്ടാണെന്നറിയിച്ചപ്പോൾ ടിക്കറ്റ് പരിശോധകൻ വിസ്മയിച്ചു. പാശ്ചാത്യരായ ആളുകളിൽ നിന്നും അത്തരം പെരുമാറ്റം ഒരിക്കലും അദ്ദേഹം പ്രതീക്ഷിച്ചിരുന്നില്ല. "താങ്കൾ എന്തുകൊണ്ടാണിങ്ങനെ?" തന്റെ ഉള്ളിലെ അത്ഭുതം ഉദ്യോഗസ്ഥന് അടക്കാനായില്ല. "'ഞാനൊരുക്രിസ്ത്യാനിയാണ്. ഞാൻ ഒരിക്കലും ആരോടും വഴക്കിടാറില്ല.'' ആ സാക്ഷ്യം ആ ഉദ്യോഗസ്ഥന്റെ മാനസാന്തരത്തിനു കാരണമായിത്തീർന്നു. ഒരു വലിയ പ്രസംഗമാണോ അദ്ദേഹത്തിൽ മാനസാന്തരമുള്ളവാക്കിയത്? അല്ല. ആ പാശ്ചാത്യസഹോദരന്റെ പെരുമാറ്റം അതിശക്തമായ ഒരു പ്രഭാഷണം തന്നെയായിരുന്നു. ലോകത്തിന്റെ വെളിച്ചമെന്നാൽ അങ്ങനെയായിരിക്കുക എന്നതാണ്. ട്രെയിനുകളിലും ബസുകളിലും യാത്ര ചെയ്യുമ്പോഴാണ് സ്വാർത്ഥതയുടെ ഇരുണ്ടമുഖങ്ങൾ അതിന്റെ ഏറ്റവും മോശമായ അവസ്ഥയിൽ നാം കാണുന്നത്. അങ്ങനെയുള്ള സ്ഥലത്ത് നമുക്ക് ക്രിസ്തുവിന്റെ സൗന്ദര്യവും താഴ്മയും ക്ഷമയും ഈ ദുഷ്ടലോകത്തിനു വെളിപ്പെടുത്തുന്നവരാകാം.

1.47-ൽ നഥനയേലിനെക്കുറിച്ചു യേശു പറയുന്ന പരാമർശം നമുക്കു

*ശേഷം പേജ് 38 ൽ*





**അനുഭവം**

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം-3

**കഥ ഇതുവരെ..** *വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന ആളായിരുന്നെങ്കിലും റീസ് ഹൊവൽസിന് ക്രിസ്തുവുമായി ബന്ധമുണ്ടായിരുന്നില്ല. റീസ് പണസമ്പാദനത്തിനായി അമേരിക്കയിൽ എത്തി. അവിടെ മൗറീസ് രൂബേന്റെ സാക്ഷ്യത്തിലൂടെ റീസിനെ ദൈവം സന്ദർശിച്ചു. അവൻ ദൈവത്തിനായി സമർപ്പിച്ചു. വെയിൽസിലേക്കു മടങ്ങി.*

**തുടർന്നു വായിക്കുക**

## വെയിൽസിലെ ഉണർവ്വ്

ജന്മനാട്ടിൽ, വെയിൽസിൽ, റീസ് മടങ്ങിയെത്തിയത് നിർണായകമായ സമയത്താണ്.

1904. വെയിൽസിലെ പ്രശസ്തമായ ഉണർവ്വിന്റെ സമയം.

അമേരിക്കയിൽ വച്ച് റീസിനുണ്ടായ പരിവർത്തനം മൂലം ഈ ഉണർവ്വിനെ അർഥപൂർണമായി നോക്കിക്കാണുവാൻ അദ്ദേഹത്തിന് ഇടയായി.

വെയിൽസിലെ ഉണർവ്വ് റീസിന്റെ വാക്കുകളിൽ തന്നെ കേൾക്കുക:

"ചുരുങ്ങിയ സമയംകൊണ്ട് രാജ്യം മുഴുവൻ അഗ്നിയാൽ ജ്വലിക്കുന്നതുപോലെ ഒരനുഭവമായി. ഓരോ സഭയും ആഴത്തിൽ ഉണർത്തപ്പെട്ടു.

ശക്തരായ പുരുഷന്മാർ പശ്ചാത്താപത്തിന്റെ കണ്ണുനീരണിഞ്ഞു. സ്ത്രീകൾ പുതിയ ആത്മീയ താൽപര്യത്താൽ നിറഞ്ഞു. പെന്തക്കോസ്തു നാളിലേപോലെ ആളുകൾ പരിശുദ്ധാത്മശക്തിക്ക് അധീനരായി. പുതുവീഞ്ഞുകുടിച്ചവരെപ്പോലെയായിരുന്നു. അവരുടെ പെരുമാറ്റം. മീറ്റിംഗുകളിൽ അവർ പ്രാർത്ഥിക്കുവാനും പാടുവാനും സാക്ഷ്യങ്ങൾ പ്രസ്താവിക്കുവാനും തിരക്കുകൂട്ടി. അതു സഭയുടെ ഒരു ഉണർവ്വായിരുന്നു. എവിടെയും ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ സാക്ഷികളാകാൻ തയ്യാറായി.'' ഞങ്ങൾ കണ്ടും കേട്ടുമിരിക്കുന്നതു ഞങ്ങൾക്കു പ്രസ്താവിക്കാതിരിക്കാൻ സാധ്യമല്ല." എന്ന തിടുക്കം.

പരിശുദ്ധാത്മാവിന്റെ ശക്തി സഭകളിൽ എളുപ്പത്തിൽ തിരിച്ചറിയാമായിരുന്നു. അവിടുത്തെ സാന്നിധ്യത്തിനു വേണ്ടി പ്രത്യേകം കാത്തിരിക്കേണ്ടാ. അവിടുത്തെ സാന്നിധ്യത്തെ അംഗീകരിച്ചാൽ മാത്രം മതി, അവിടുത്തെ ശക്തി വേഗത്തിൽ വെളിവാകുമായിരുന്നു. പക്ഷേ ആദ്യം അനുഗ്രഹത്തിനുള്ള തടസ്സങ്ങൾ- അനുസരണക്കേട്, ക്ഷമിക്കാത്ത ഹൃദയം എന്നീ പാപങ്ങൾ- ഗൗരവമായിത്തന്നെ കൈകാര്യം ചെയ്യുമായിരുന്നു. മറുവശത്ത് പരിശുദ്ധാത്മാവിന്റെ ഉദ്യമിപ്പിക്കലുകളോടുള്ള അനുസരണം, ക്രിസ്തുവിനെ ഏറ്റുപറയുക എന്നിവ യഥാർത്ഥ അനുഗ്രഹം യോഗങ്ങളിലേക്കു കൊണ്ടുവന്നു.

ആദ്യത്തെ പാട്ടുപാടിയാൽ മതി. യോഗം സ്വാഭാവികമായിത്തന്നെ അതിന്റെ ചാലിൽ ആയിക്കഴിയും.

നിയന്ത്രിക്കാൻ പ്രത്യേകിച്ച് ആരുമില്ല. എന്നാൽ അദൃശ്യമായ ഒരു ശക്തിയുടെ നിയന്ത്രണം ആളുകൾക്ക് അനുഭവിക്കാമായിരുന്നു. പ്രസംഗത്തിനിടയിൽ പലപ്പോഴും ഒരു പാട്ടോ പ്രാർത്ഥനയോ സദസ്സിൽ നിന്നുയരും. പക്ഷേ അതൊരിക്കലും ഒരു അസ്വാരസ്യം സൃഷ്ടിക്കുകയോ ആത്മാവിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തുകയോ ചെയ്യുമയിരുന്നില്ല.

തീർച്ചയായും മീറ്റിംഗുകളിൽ ശബ്ദവും ആവേശവും വികാരപ്രകടനങ്ങളും ഉണ്ടായിരുന്നു. പക്ഷേ അവയൊക്കെയും ആളുകൾ ബന്ധനങ്ങളിൽനിന്നു മോചിതരാകുന്നതിന്റെ ബഹിർപ്രകടനങ്ങളായിരുന്നു. ആരോ ശബ്ദ ബഹളങ്ങളെക്കുറിച്ചു പരാതിപ്പെട്ടപ്പോൾ ഒരു പ്രായമായ വിശ്വാസിയുടെ മറുപടി ഇങ്ങനെ: "സെമിത്തേരിയിലെ നിശ്ശബ്ദതയെക്കാൾ ഞാനിഷ്ടപ്പെടുന്നത് നഗരത്തിലെ ശബ്ദബഹളങ്ങളെയാണ്."

പെന്തക്കോസ്തു നാളിലെപ്പോലെ ഏകാത്മാവും ഏകമനസ്സും ഉള്ള ഒരു പറ്റം വിശ്വാസികളുടെ സംഘത്തിൽ പരിശുദ്ധാത്മാവിന് എന്തുചെയ്യാൻ കഴിയുമെന്ന് ഉണർവ്വു തെളിയിച്ചു. ഡി. എൽ. മൂഡി, ചാൾസ് ഫിന്നി തുടങ്ങിയ പരിശുദ്ധാത്മാവിനു കീഴ്പ്പെട്ട ഒരു പ്രസംഗകനിലൂടെയോ സുവിശേഷകനിലൂടെയോ ദൈവത്തിന് എന്തു ചെയ്യുവാൻ കഴിയും എന്നു നാം കണ്ടിട്ടുണ്ട്. എന്നാൽ വെയിൽസിലെ ഉണർവ്വിൽ സഭയിലൂടെയാണു ദൈവശക്തിയുടെ പ്രദർശനം ഉണ്ടായത്. 'സഭയെ വളച്ചൊടിച്ചു ലോകത്തെ രക്ഷിക്കുക' എന്നതായിരുന്നു അന്നു മുഴങ്ങിക്കേട്ട പ്രാർത്ഥന. ഫലം വലിയതോതിൽ ആളുകൾക്കു പാപബോധം ഉണ്ടാവുകയും ധാരാളം പേർ മാനസാന്തരപ്പെട്ടു സഭയിലേക്കു വരികയും ചെയ്തു.

പരിശുദ്ധാത്മാവിന്റെ അപ്രതിരോധ്യമായ ശക്തിയാണ് അന്നു സഭകളിൽ പ്രകടമായത്. കൂടിവരവുകളിൽ വലിയ ഹൃദയത്തകർച്ചയും " രക്ഷിക്കപ്പെടുവാൻ ഞങ്ങൾ എന്തു ചെയ്യണം" എന്ന നിലവിളിയും ഉണ്ടായി. പാപത്തെ പൂർണമായികഴുകുന്ന യേശുവിന്റെ രക്തത്തിന്റെ സൗഖ്യദായകശക്തി ജനക്കൂട്ടത്തിന് അനുഭവവേദ്യമായി.

പക്ഷേ ഉണർവ്വിനെ തുടർന്ന് ഒരു വലിയ പ്രശ്നം ഉടലെടുത്തു. 'പിറന്നുവീണ കുഞ്ഞുങ്ങൾ ധാരാളം; പക്ഷേ പരിചരിക്കാൻ ആവശ്യത്തിനു നഴ്സുമാരില്ല' എന്നതായിരുന്നു പ്രശ്നം. മാനസാന്തരപ്പെട്ടവരെ ദൈവവഴിയിൽ ഉറപ്പിച്ചു നിർത്തേണ്ടതുണ്ട് .ഇതായിരുന്നു ഏറ്റവും വലിയ ആവശ്യം. ഇതു നടന്നില്ലെങ്കിൽ ഉണർവ്വിന് അപകടകരമായ നിലയിൽ ബലഹീനത സംഭവിക്കും എന്നതായി സ്ഥിതി.

വികാരാവേശം കെട്ടടങ്ങുമ്പോൾ ദൈവവചനത്തിൽ വേരുകളില്ലെങ്കിൽ പിന്മാറിപ്പോകും. ചിലർ തണുത്തും മറ്റു ചിലർ മാനസിക പോരാട്ടത്തിലും അടിഞ്ഞുപോകും. പിശാച് അവിടെ മുതലെടുക്കുകയും ചെയ്യും.

ഇവിടെയായിരുന്നു റീസ് ഹൊവൽസിനെപ്പോലെയുള്ളവരുടെ പ്രസക്തി.റീസ് ചെറുപ്പമായിരുന്നെങ്കിലും പുതിയ മാനസാന്തരക്കാർക്കു വേണ്ടി മധ്യസ്ഥത അണയ്ക്കുക, പഠിപ്പിക്കുക, അവരെ നയിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യാൻ നിർബന്ധിതനായി.

അമേരിക്കയിൽനിന്നു മടങ്ങിവന്ന റീസ് പഴയ കുടുംബവീട്ടിൽ തന്നെയായിരുന്നു താമസം. കുടുംബാംഗങ്ങൾ നാടുവിട്ടുപോയവന്റെ മടങ്ങിവരവിൽ സന്തോഷിച്ചു; അവനെ ഹാർദ്ദമായി സ്വാഗതം ചെയ്തു.

വീട്ടിൽ താമസമാക്കിയെങ്കിലും പഴയ ടിൻ മില്ലിൽ റീസ് പണിക്കു കയറിയില്ല. ഗ്രാമത്തിൽതന്നെ ഒരു മൈൽ അകലെയുള്ള കൽക്കരി ഖനിയിലായി





രുന്നു ഇക്കുറി ജോലി സ്വീകരിച്ചത്. കൂട്ടിനു സഹോദരങ്ങളിൽതന്നെ പലരുണ്ടായിരുന്നു. ഖനിയിൽ ഭൂമിയുടെ നിരപ്പിനു താഴെ കൽക്കരി ഖനനമായിരുന്നു പണി. എല്ലാ പണികളിലും വച്ചു കഠിനമായിരുന്നു അത്.

ഒഴിവുസമയം മുഴുവൻ റീസ് ഉണർവ്വിന്റെ തുടർപ്രവർത്തനങ്ങൾക്കായി ചെലവിട്ടു. പക്ഷേ അതിൽ വ്യാപൃതനായപ്പോൾ റീസ് വളരെ വേഗം തന്റെ കുറവിനെക്കുറിച്ചു ബോധവാനായി. ശുശ്രൂഷയ്ക്കായുള്ള പരിശുദ്ധാത്മ നിറവിന്റെ കുറവായിരുന്നു അവന്റെ ഏറ്റവും വലിയ പ്രശ്നം.

റീസിനും കൂട്ടുകാർക്കും വ്യക്തിപരമായ ജീവിതത്തിൽ രക്ഷകനോടുള്ള ബന്ധത്തിൽ വലിയ തൃപ്തിയും സന്തോഷവും ഉണ്ടായിരുന്നു. എന്നാൽ ശുശ്രൂഷയ്ക്കു പിന്നിലുള്ള ശക്തിയുടെ രഹസ്യം അവന് അജ്ഞാതമായിരുന്നു.

ആ സാഹചര്യം റീസിന്റെ വാക്കുകളിൽ തന്നെ കേൾക്കുക:

'പുതിയ വിശ്വാസികൾ ഉറച്ചു നിൽക്കാതെ പിന്മാറിപ്പോകുന്നതായി പലരും അവരെ പഴി പറഞ്ഞു. പക്ഷേ ഞങ്ങൾ ഞങ്ങളെത്തന്നെയാണ് കുറ്റപ്പെടുത്തിയത്. കാരണം അവരെ പ്രാർത്ഥിച്ചു വിജയത്തിലേക്കു നടത്തുന്നതിൽ ഞങ്ങൾ പരാജയപ്പെട്ടു. പുതു വിശ്വാസികളെ സാത്താൻ കോതമ്പു പോലെ പാറ്റുമ്പോൾ അതിനു മുൻപിൽ നിസ്സഹായരായി നിൽക്കേണ്ടി വരുന്നത് എത്ര വലിയ ഒരു ദുരന്തമാണ്! യെശയ്യാവ് 59-ൽ ദേശത്തിനു വേണ്ടി ഇടിവിൽ നിൽക്കാനും പക്ഷവാദം ചെയ്യാനും ആരുമില്ലേയെന്നു ദൈവം അത്ഭുതപ്പെട്ടതായി വായിക്കുന്നു. ഞങ്ങളുടെ അനുഭവമായിരുന്നു അത്.

ഉയരത്തിൽനിന്നുതന്നെയുള്ള ശക്തിയാൽ അഭിഷേകം ചെയ്യപ്പെടാൻ ഞങ്ങൾ ആഗ്രഹിച്ചു. 'ഉയരത്തിൽ നിന്നു ശക്തി ലഭിക്കുവോളം' യെരുശലേമിൽ കാത്തിരിക്കാൻ കർത്താവു നിർദ്ദേശിച്ച ശിഷ്യന്മാരെപ്പോലെയായിരുന്നു ഞങ്ങൾ.

'അവർ അവനെ ആരാധിച്ചു, വലിയ സന്തോഷത്തോടെ യെരുശലേമിലേക്കു മടങ്ങിപ്പോന്നു' എന്ന് അവിടെ രേഖപ്പെടുത്തിയിരിക്കുന്നു. ശക്തി ലഭിക്കും മുൻപേ തന്നെ അവർ സന്തോഷമുള്ളവരായിരുന്നു. അവരുടെ സന്തോഷം അവർ ആത്മാവിന്റെ ശക്തി ധരിച്ചതിന്റെ തെളിവായിരുന്നില്ലെന്നു ചുരുക്കം. ഉണർവ്വിൽ ഇതേ സന്തോഷമായിരുന്നു ഞങ്ങൾക്കുണ്ടായിരുന്നത്. ഉയിർത്തെഴുന്നേറ്റ കർത്താവിനെക്കുറിച്ചുള്ള അറിവും നിത്യജീവനെക്കുറിച്ചുള്ള ഉറപ്പും പറഞ്ഞുതീരാത്ത സന്തോഷം തന്നെ ഞങ്ങൾക്കു നൽകി. എന്നാൽ അതേസമയം ശുശ്രൂഷയ്ക്കുവേണ്ട ശക്തിയുടെ അഭാവം ഞങ്ങൾക്ക് അനുഭവപ്പെട്ടു.

ആത്മീയശക്തിക്കുവേണ്ടിയുള്ള ദാഹം ശക്തമായപ്പോൾ റീസും സഹപ്രവർത്തകരും വേനൽക്കാലഅവധി ദൈവത്തെ അന്വേഷിക്കാനായി വേർതിരിക്കാൻ തീരുമാനിച്ചു. 1906-ൽ ആയിരുന്നു അത്. ഇംഗ്ലണ്ടിൽ നടക്കാറുള്ള പ്രശസ്തമായ കെസ്വിക്ക് കൺവൻഷനു പകരം വെയിൽസിൽ നടത്തിയിരുന്ന കൺവൻഷനായിരുന്നു ലാൻഡ്രിൻഡോഡ് വെൽസ് കൺവൻഷൻ. ഈ കൺവൻഷനിൽ സംബന്ധിക്കാൻ ഒരാഴ്ചത്തെ തങ്ങളുടെ വേനൽക്കാല അവധി ചെലവിടാനായിരുന്നു അവരുടെ തീരുമാനം.

ഈ കൺവൻഷനിൽ പോയി സംബന്ധിക്കാൻ തീരുമാനിച്ചതാണ്പുതു ജനനത്തിനുശേഷം റീസ് കൈക്കൊണ്ട ഏറ്റവും നല്ല നിശ്ചയം. റീസിന്റെ ജീവിതത്തിൽ വിപ്ലവകരമായ മാറ്റം സൃഷ്ടിക്കാൻ ഈ തീരുമാനത്തിന് കഴിഞ്ഞു. കൺവൻഷനു പോകുന്നതിനു മുൻപ്

റീസ് ബ്രിനാമനിൽ തന്നെ ഒരു യോഗത്തിൽ പങ്കെടുത്തിരുന്നു. അവിടെ ഒരു വനിത, റോമർ 8:26–30 വചനഭാഗം വായിക്കുന്നത് റീസ് ശ്രദ്ധിച്ചു. അവൾക്കു വേഗത്തിൽ വായിക്കാൻ കഴിവില്ലായിരുന്നു. അതുകൊണ്ട് ഓരോ വാക്കും നിർത്തി നിർത്തി സാവധാനത്തിൽ അവൾ ഇങ്ങനെ വായിച്ചു: "...മുൻനിയമിക്കുകയും...നീതീകരിക്കുകയും... തേജസ്ക്കരിക്കുകയും ചെയ്തു."

അതിലെ ഓരോ വാക്കും റീസിനു ഹൃദയത്തിനു നേരെ അസ്ത്രമായി. അവൻ തന്നോടുതന്നെ പറഞ്ഞു: ''ദൈവത്തിന്റെ മുന്നറിവിനാൽ അവിടുന്ന് എന്നെ മുൻനിർണയിച്ചെന്നും നീതീകരിച്ചെന്നും എനിക്കറിയാം. എന്നാൽ ഞാൻ തേജസ്ക്കരിക്കപ്പെട്ടോ?"

ഇത് അവനൊരു കടങ്കഥയായിത്തോന്നി. ആ ചോദ്യം അവന്റെ മനസ്സിൽ സദാ മുഴങ്ങി: 'തേജസ്കരിക്കപ്പെടുക എന്നാൽ എന്താണ്?'

രണ്ടു ദിവസം കഴിഞ്ഞായിരുന്നു ലാൻഡ്രിൻഡോഡിലേക്കു ട്രെയിൻ യാത്ര. യാത്രയ്ക്ക് ഇറങ്ങിത്തിരിക്കുമ്പോഴും റീസിന്റെ മനസ്സിൽ ഈ ചോദ്യം ഉണ്ടായിരുന്നു." ദൈവം ആഗ്രഹിക്കുന്ന അളവിലുള്ള ഒരു തേജസ്കരണം എനിക്കിപ്പോൾ വന്നിട്ടുണ്ടോ?"

"തിരിച്ചുവരുമ്പോൾ നീ തീർത്തും പുതിയ ഒരു മനുഷ്യനായിരിക്കും" പൊടുന്നനെ ഒരു സ്വരം അവന്റെ ഹൃദയത്തിൽ മുഴങ്ങി.''പക്ഷേ, ഞാൻ ഇപ്പോൾ വെറും ശിശുവാണ്"–"തിരിച്ചുവരുമ്പോൾ നീ പുതിയ മനുഷ്യനായിരിക്കും" ആ സ്വരം വീണ്ടും.

ട്രെയിനിൽ ബ്രിയാനമനിൽ നിന്നുള്ള മറ്റു സഹോദരന്മാർ ഉണർവ്വിന്റെ സമയത്തെ ഏറ്റവും പുതിയ പാട്ട് സംഘമായി ആലപിക്കുകയായിരുന്നു-തേജസ്സിന്റെ പാട്ട്.

പക്ഷേ റീസ് അതു കേട്ടില്ല. വണ്ടി നീങ്ങിത്തുടങ്ങി. റീസ് തന്റെ കംപാർട്ട്മെന്റിന്റെ ഇടനാഴിയിലൂടെ മെല്ലെ അങ്ങോട്ടും ഇങ്ങോട്ടും ഉലാത്തുകയായിരുന്നു. അവന്റെ ചെവിയിൽ അപ്പോഴും ആ ശബ്ദം മുഴങ്ങിക്കൊണ്ടിരുന്നു."തിരിച്ചുവരുമ്പോൾ നീ ഒരു പുതിയ മനുഷ്യനായിരിക്കും."

(തുടരും)

❖

## കളിമൺപാത്രത്തിന്റെ സൗരഭ്യം

ചില്ലറ നാണയങ്ങൾ കൊടുത്ത് ഒരാൾ ഒരു കളിമൺപാത്രം വാങ്ങി. അതിൽ വളരെ നാളുകളോളം റോസാപ്പൂവിന്റെ പരിമളമുള്ള അത്തർ സൂക്ഷിച്ചുവച്ചു. ചില വർഷങ്ങൾക്കൊണ്ട് അത്തർ മുഴുവൻ ഉപയോഗിച്ചു തീർന്നു. കളിമൺപാത്രം ഒഴിഞ്ഞു. പക്ഷേ ആ കളിമൺപാത്രത്തിന്റെ ഓരോ ഭാഗത്തും അത്തറിന്റെ സൗരഭ്യം പരന്നിരുന്നു. ഒരു ദിവസം ആ പാത്രം ജനാലപ്പടിയിൽ നിന്ന് താഴെ നിലത്തു വീണു. അത് ആയിരം കഷണങ്ങളായി നുറുങ്ങിപ്പോയി. എങ്കിലും അതിന്റെ ഓരോ കഷണത്തിലും അത്തറിന്റെ സൗരഭ്യമുണ്ടായിരുന്നു.

നാം ഒക്കെയും സാധാരണ കളിമൺപാത്രങ്ങളാണ്. എന്നാൽ ക്രിസ്തുവിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ സൂക്ഷിച്ചാൽ അത് നമ്മുടെ ജീവിതത്തെ പരിമളപ്പെടുത്തും. നാം തന്നെപ്പോലെ സ്നേഹസമ്പന്നരാകും. ഇങ്ങനെയാണ് 'ക്രിസ്തു സ്നേഹിച്ച ശിഷ്യൻ' സ്നേഹത്തിൽ വളർന്നത്. അവൻ ക്രിസ്തുവിന്റെ മാറോടു ചാരിയിരുന്നു. ക്രിസ്തുവിന്റെ സൗമ്യത അവന്റെ ജീവിതത്തെ നിറയ്ക്കുകയും ചെയ്തു.





വചനം

# വിശുദ്ധിയുടെ മാർഗ്ഗം

ഏലിയാസ് ആസ്‌ലാക്സൻ

ജീവന്റെ മാർഗ്ഗങ്ങൾ എന്നത് വിശുദ്ധിയുടെ മാർഗ്ഗമാണ്. എന്തെന്നാൽ –''അവനിൽ (ക്രിസ്തുവിൽ) ഈ പ്രത്യാശയുള്ളവനെല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെ ത്തന്നെ നിർമ്മലീകരിക്കുന്നു'' 1യോഹ 3:2,3. " ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും." മത്തായി 5:8.

വിശുദ്ധീകരണം രണ്ടു വിധത്തിലുണ്ട്: ഒന്ന്, കഴുകൽ മൂലം പ്രാപിക്കുന്ന ബാഹ്യമായ ശുദ്ധീക്കരണം ; രണ്ട് തീകൊണ്ടുള്ള ആന്തരികമായ ശുദ്ധീകരണം ."അവൻ ഊതിക്കഴിക്കുന്നവന്റെ തീപോലെയും അലക്കുന്നവരുടെ ചാരവെള്ളം പോലെയും ആയിരിക്കും. അവൻ ഊതിക്കഴിക്കുന്നവനെപ്പോലെയും വെള്ളി ശുദ്ധിവരുത്തുന്നവനെപ്പോലെയും ഇരുന്നുകൊണ്ട് ലേവിപുത്രന്മാരെ ശുദ്ധീകരിച്ച് പൊന്നുപോലെയും വെള്ളിപോലെയും നിർമ്മലീകരിക്കും." മലാഖി 3: 2,3. "പലരും തങ്ങളെ 1) ശുദ്ധീകരിച്ച് നിർമ്മലീകരിച്ച്( Putified, made white)

2) ശോധന കഴിക്കും.(തീയിൽ സ്വർണ്ണംപോലെ ശുദ്ധീകരിക്കും) – "ദുഷ്ടന്മാരോ ദുഷ്ടത പ്രവർത്തിക്കും. ദുഷ്ടന്മാരിൽ ആരും അതു തിരിച്ചറിയുകയില്ല. ബുദ്ധിമാന്മാരോ ഗ്രഹിക്കും."

(ദാനിയേൽ 12:10)

നമ്മുടെ ശരീരത്തിനു പ്രകൃത്യാ ലഭിക്കുന്ന ശുദ്ധീകരണത്തിനു തുല്യമാണിത്. ശരീരം പുറമേ വെള്ളത്താൽ കഴുകപ്പെടുന്നു; അകമേ രക്തചംക്രമണത്താൽ ശുദ്ധിപ്രാപിക്കയും ചെയ്യുന്നു. യേശുവിന്റെ വിലാപ്പുറത്തുനിന്ന് രക്തവും വെള്ളവും പുറപ്പെട്ടുവെന്ന് യോഹന്നാൻ പ്രസ്താവിച്ചിട്ടുള്ളതും ദ്വിമുഖമായ ഒരു ശുദ്ധീകരണത്തെ സൂചിപ്പിക്കുന്നു. വെള്ളത്താലുള്ള ബാഹ്യശുദ്ധീകരണം പാപക്ഷമയെ കുറിക്കുന്നു. "ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരായി" – (എബ്രാ. 10 : 22) കാരണം, മനുഷ്യൻ ചെയ്യുന്ന ഏതു പാപവും ശരീരത്തിനു പുറത്താകുന്നു. (1 കൊരി 6 : 18) അതു ശരീരത്തിൽ നിന്നു വിയർപ്പുപോലെ പുറത്തേക്കു വരുന്നു; ശരീരത്തെ പുറമേ അശുദ്ധമാക്കുകയും ചെയ്യുന്നു.

നമ്മുടെ പാപങ്ങളെ നാം ഏറ്റുപറയുമ്പോൾ നാം ശുദ്ധീകരണം അഥവാ കഴുകൽ പ്രാപിക്കുന്നു. എന്നാൽ ഇതിനെത്തുടർന്ന് തീയാലുള്ള ശുദ്ധീകരണം നാം പ്രാപിക്കുന്നില്ലെങ്കിൽ, അകമേയുള്ള അതേ പാപം മുഖാന്തരം പിന്നെയും നാം അതേവിധത്തിൽത്തന്നെ അശുദ്ധിബാധിച്ചവരായിത്തീരും. പാപപ്രവൃത്തി, അഥവാ പാപം ചെയ്യുക എന്ന പരിപാടി ഇപ്രകാരമാണ് തുടരെ സംഭവിക്കുന്നത്. ഒരുവൻ അതിൽ തുടരുന്ന കാലത്തോളം കൂടെക്കൂടെ അതേവിധത്തിൽത്തന്നെ കഴുകൽ പ്രാപിക്കേണ്ടത് അയാൾക്ക് ആവശ്യമായിത്തീരും. എന്നാൽ ഇതല്ല ദൈവം ആഗ്രഹിക്കുന്നത്. ജഡത്തിന്റെ പ്രവൃത്തികൾ, പിശാചിന്റെ പ്രവൃത്തികൾ ഇല്ലാതാകുന്ന ഒരു സ്ഥിതി വന്നു ചേരണം. പാപം വിട്ടൊഴിഞ്ഞവനായി, പരീക്ഷയിൽ വീണുപോകാതെ ജയം പ്രാപിക്കുന്നവനായി ഒരുവൻ തീരണം. ദൈവവചനത്തിൽ ചുരുക്കമായിട്ടെന്നു ചില

*നമ്മുടെ പാപങ്ങളെ നാം ഏറ്റുപറയുമ്പോൾ നാം ശുദ്ധീകരണം അഥവാ കഴുകൽ പ്രാപിക്കുന്നു. എന്നാൽ ഇതിനെത്തുടർന്ന് തീയാലുള്ള ശുദ്ധീകരണം നാം പ്രാപിക്കുന്നില്ലെങ്കിൽ, അകമേയുള്ള അതേ പാപം മുഖാന്തരം പിന്നെയും നാം അതേവിധത്തിൽത്തന്നെ അശുദ്ധിബാധിച്ചവരായിത്തീരും. പാപപ്രവൃത്തി, അഥവാ പാപം ചെയ്യുക എന്ന പരിപാടി ഇപ്രകാരമാണ് തുടരെ സംഭവിക്കുന്നത്.*

പ്പോൾ തോന്നിയേക്കാമെങ്കിലും യഥാർത്ഥത്തിൽ ധാരാളം സ്ഥലങ്ങളിൽ ഈകാര്യം വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. താഴെക്കാണുന്ന വാക്യങ്ങൾ സൂക്ഷിച്ചു പരിശോധിക്കുക:,

“ എന്റെ കുഞ്ഞുങ്ങളെ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്ക് എഴുതുന്നു.’’ (1 യോഹന്നാൻ 2:1)

“ അവനിൽ (ക്രിസ്തുവിൽ) പാപം ഇല്ല: അവനിൽ വസിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല പാപം ചെയ്യുന്നവർ ആരും അവനെ കണ്ടിട്ടില്ല; അറിഞ്ഞിട്ടുമില്ല.......... പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു; പിശാച് ആദിമുതൽ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻതന്നെ ദൈവപുത്രൻ പ്രത്യക്ഷനായി. ദൈവത്തിൽ നിന്നു ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല അവന്റെ വിത്ത് അവനിൽ വസിക്കുന്നു. ദൈവത്തിൽ നിന്നു ജനിച്ചതിനാൽ അവനു പാപം ചെയ്‌വാൻ കഴികയുമില്ല’’ (1 യോഹ. 3 : 6, 8, 9.)

“ ദൈവത്തിൽ നിന്നും ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ.( യോഹ. 5 : 4.

“ ദൈവത്തിൽ നിന്നും ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല എന്നു നാം അറിയുന്നു; ദൈവത്തിൽ നിന്നു ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു. ദുഷ്ടൻ അവനെ തൊടുന്നതുമില്ല.’’ 1 യോഹ. 5 : 18)

“ ആത്മാവിനെ അനുസരിച്ചു നടപ്പിൻ; എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കുകയില്ല.’’ (ഗലാ. 5:16)

“ ഇനി ജീവിക്കുന്നതു ഞാനല്ല. ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു.’’ (ഗലാ. 2:20)

“ ക്രിസ്തുവിൽ ഞങ്ങളെ എപ്പോഴും ജയോത്സവമായി നടത്തുന്ന ദൈവത്തിനു സ്തോത്രം, ” (2 കോരി 2 : 14.)

“ ആകയാൽ നാം എന്തു പറയേണ്ടു? കൃപ പെരുകേണ്ടതിന് പാപം ചെയ്തുകൊണ്ടിരിക്ക എന്നോ? ഒരുനാളും അരുത് ............ നാം ഇനി പാപത്തിന് അടിമപ്പെടാതവണ്ണം പാപശരീരത്തിനു നീക്കം വരേണ്ടതിന് നമ്മുടെ പഴയമനുഷ്യർ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു. അങ്ങനെ മരിച്ചവൻ പാപത്തിൽ നിന്നു മോചനം പ്രാപിച്ചിരിക്കുന്നു............ആകയാൽ പാപം നിങ്ങളുടെ മർത്ത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറ് ഇനി വാഴരുത്. (റോമർ 6 : 1, 6, 7, 12)

ദൈവികോദ്ദേശ്യം ഇതാണ് : നാം പാപക്ഷമയെന്ന കഴുകൽ പ്രാപിച്ച ശേഷം നമ്മിൽ വെളിപ്പെട്ടുകൊണ്ടിരിക്കുന്ന എല്ലാ പാപങ്ങളുടെയും ഉദ്ഭവസ്ഥാനമായ പഴയ മനുഷ്യനെ നാം ഉരിഞ്ഞുകളയണം. പഴയ മനുഷ്യന്റെ പ്രവൃത്തികളെ , ജഡത്തിന്റെ പ്രവൃത്തികളെ, എല്ലാ പാപകർമ്മങ്ങളെയും തന്നെ, നാം വിട്ടൊഴിയണം. (റോമർ 6: 6; എഫേസ്യർ 4 : 21, 22; കൊലോ 3: 9; ഗലാ 5 : 19-21 എന്നീ വാക്യ





ങ്ങൾ നോക്കുക) ഗലാത്യർ 5 : 19-21 വാക്യങ്ങളിൽ പറഞ്ഞിട്ടുള്ള ജഡത്തിന്റെ പ്രവൃത്തികൾ ഏതാനും ദൃഷ്ടാന്തങ്ങൾ മാത്രമാണ്. അതിനാലാണ് മുതലായവ എന്ന പദം അവിടെ പ്രയോഗിച്ചിട്ടുള്ളത്.

ജഡത്തിന്റെ പ്രവൃത്തികളായ മറ്റനേകം കാര്യങ്ങൾ നമുക്ക് ചൂണ്ടിക്കാണിക്കുവാൻ കഴിയും. പിറുപിറുപ്പ്. പരാതിപറച്ചിൽ , അന്യരെ അപമാനിക്കൽ, അനാശാസ്യമായ ജിജ്ഞാസ (മറ്റുള്ളവരുടെ കാര്യങ്ങൾ അറിയാനുള്ള ആഗ്രഹം). ദുരഭിമാനം, മുടിപ്പൊതിഞ്ഞ് ഭംഗിവരുത്തിക്കാണിക്കാനുള്ള വ്യഗ്രത, വ്യാജവാക്ക് , കാപട്യം, മുഖസ്തുതി, പക്ഷപാതം, നിഗളം, ആഡംബരപ്രിയം, അലസത, പരദൂഷണം, ആകുലചിന്ത, ദ്രവ്യസ്നേഹം, മാനുഷഭയം, അഹങ്കാരം, അത്യാഗ്രഹം, ഭീരുത്വം, വ്യർത്ഥഭാഷണം, വാക്കു പാലിക്കായ്ക. എടുത്തുപാട്ടം, അധീശത്വമോഹം, വലിപ്പം ഭാവിക്കൽ, സ്വയസ്നേഹം, കരുണയില്ലായ്മ, അക്ഷമ, സൈരം കെടുത്തൽ, മുൻകോപം, ഉന്നതഭാവം, അവിശ്വാസ്യത, ദുശ്ശാഠ്യം, അന്യരുടെ സമയം, വസ്തുവകകൾ, ബഹുമാനം എന്നിവയുടെ അപഹരണം എന്നിങ്ങനെ ഈ പട്ടിക നീണ്ടു നീണ്ടു പോകുന്നു.

പഴയമനുഷ്യന്റെയോ ജഡത്തിന്റെയോ പ്രവൃത്തികളായി എനിക്കു ബോധ്യമുള്ള ഇത്തരം പാപങ്ങളിൽ നിന്ന് ഞാൻ ബോധപൂർവ്വം വിട്ടുമാറണം. അതോടൊപ്പം തന്നെ ദൈവത്തിന്റെ അഗ്നി എന്റെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന അറിയപ്പെടാത്ത പാപങ്ങളെ ദഹിപ്പിച്ചു കളയുകയും വേണം. ഇതാണ് ദൈവഹിതം. സത്യത്തിന്റെ വചനത്താലും വിശ്വാസത്തിന്റെ ആത്മാവിനാലും ലഭിക്കുന്ന ദൈവികവെളിച്ചം വിചാരം, വാക്ക്, പ്രവൃത്തി എന്നിവയുടെ അന്തർമണ്ഡലങ്ങളിലേക്കു ചുഴിഞ്ഞിറങ്ങി, മറഞ്ഞിരിക്കുന്ന ഈ ആന്തരിക പാപത്തെ കുറേശ്ശെ കുറേശ്ശെയായി ദഹിപ്പിച്ചു ചാരമാക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവം അടുത്തുകൂടാതെ വെളിച്ചത്തിൽ വസിക്കുന്നവനാകയാൽ (1 തിമോഥി. 6:16) നമുക്ക് വീണ്ടും വീണ്ടും കൂടുതൽ കൂടുതൽ അശുദ്ധികളെ കണ്ടെത്തുവാനും അവയെ നീക്കം ചെയ്യുവാനും കഴിയും. നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി കണ്ണഞ്ചിക്കുന്ന ഈ വെളിച്ചത്തിലേക്ക് അധികമധികം കടന്നു ചെല്ലുവാനും ശുദ്ധീകരണം പ്രാപിക്കുവാനും നമുക്ക് കഴിയും, (എഫേ. 3: 18-20)

*പഴയമനുഷ്യന്റെയോ ജഡത്തിന്റെയോ പ്രവൃത്തികളായി എനിക്കു ബോധ്യമുള്ള പാപങ്ങളിൽ നിന്ന് ഞാൻ ബോധപൂർവ്വം വിട്ടു മാറണം. അതോടൊപ്പം തന്നെ ദൈവത്തിന്റെ അഗ്നി എന്റെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന അറിയപ്പെടാത്ത പാപങ്ങളെ ദഹിപ്പിച്ചു കളയുകയും വേണം. ഇതാണ് ദൈവഹിതം.*

ശുദ്ധീകരണത്തിന്റെ ഈ മാർഗ്ഗത്തിലൂടെ വെളിച്ചത്തിൽ നാം മുന്നേറുന്നതിനിടയിൽ 1 യോഹന്നാൻ ഒന്നാമധ്യായത്തിലെ ഏഴാം വാക്യം ആത്മാവിലും സത്യത്തിലും നമ്മിൽ നിറവേറും. പാപക്ഷമയെപ്പറ്റി പ്രസ്താവിക്കുന്ന ഒരു വാക്യമായിട്ടാണ് ഇതിനെ പലരും കരുതിയിട്ടുള്ളത്. അതു ശരിയല്ല. പാപക്ഷമയെപ്പറ്റി പറയുന്ന ഇത

> ബോധപൂർവ്വം പാപം ചെയ്യാതെ ഒരു വിജയജീവിതം നാം നയിക്കുമ്പോൾ ആന്തരികമായ അശുദ്ധിയും അബോധമണ്ഡലത്തിലെ പാപവും നമ്മിലില്ല എന്നു ചിന്തിക്കുവാൻ നാം പ്രേരിതരാകും. എന്നാൽ നാം പൂർണ്ണഹൃദയത്തോടെ ദൈവത്തിനായി ദൈവസാന്നിദ്ധ്യത്തിലും വെളിച്ചത്തിലും ജീവിക്കുമ്പോൾ ശക്തവും ക്രമപ്രവൃദ്ധവുമായ അവിടുത്തെ വെളിച്ചം നമുക്ക് നമ്മുടെ ഉള്ളിൽ മറഞ്ഞിരിക്കുന്ന അബോധപൂർവമായ പാപത്തെ വെളിപ്പെടുത്തുകയും അപ്പോൾ രക്തത്താൽ നാം ശുദ്ധീകരണം പ്രാപിക്കയും ചെയ്യും.

രവാക്യങ്ങൾ തിരുവചനത്തിൽ ധാരാളമായിക്കാണുന്നവരുടെ സ്ഥാനത്തേക്ക് ഈ വാക്യത്തെ വലിച്ചുതാഴ്ത്തുന്നത് ഉചിതമല്ല. “അവൻ വെളിച്ചത്തിലായിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്ക് തമ്മിൽ കൂട്ടായ്മയുണ്ടായിരിക്കയും അവന്റെ പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കയും ചെയ്യും.” (ഈ വാക്യത്തെ രണ്ടായിപ്പിരിച്ച് മലയാളം ബൈബിളിൽ വിവർത്തനം ചെയ്തിട്ടുള്ളതു ശരിയല്ല; അതു വലിയ തെറ്റിദ്ധാരണയ്ക്കിടയാക്കിയിട്ടുമുണ്ട്) ദൈവം വെളിച്ചത്തിലായിരിക്കുന്നതു പോലെ നാം വെളിച്ചത്തിൽ നടക്കുമ്പോൾ നമുക്കു പാപം ചെയ്യുവാൻ സാധ്യമല്ലല്ലോ. അതിനാൽ പാപക്ഷമയെപ്പറ്റിയല്ല, രക്തത്താലുള്ള ആന്തരികശുദ്ധീകരണത്തെപ്പറ്റിയാണ് ഈ വാക്യം പറയുന്നത്.

ഇതിന്റെ അടുത്ത വാകൃത്തിൽപ്പറയുന്ന കാര്യവും ഈ വസ്തുതയ്ക്കു തെളിവാണ്: “ നമുക്ക് പാപമില്ല എന്നു നാം പറയുന്നുവെങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി.” ബോധപൂർവ്വം പാപം ചെയ്യാതെ ഒരു വിജയജീവിതം നാം നയിക്കുമ്പോൾ ആന്തരികമായ അശുദ്ധിയും അബോധമണ്ഡലത്തിലെ പാപവും നമ്മിലില്ല എന്നു ചിന്തിക്കുവാൻ നാം പ്രേരിതരാകും. ഒട്ടനേകംപേർ ഈ വിധത്തിൽ തെറ്റിപ്പോകുവാനിടയായിട്ടുണ്ട്. എന്നാൽ നാം പൂർണ്ണഹൃദയത്തോടെ ദൈവത്തിനായി ദൈവസാന്നിദ്ധ്യത്തിലും വെളിച്ചത്തിലും ജീവിക്കുമ്പോൾ ശക്തവും ക്രമപ്രവൃദ്ധവുമായ അവിടുത്തെ വെളിച്ചം നമുക്ക് നമ്മുടെ ഉള്ളിൽ മറഞ്ഞിരിക്കുന്ന അബോധപൂർവമായ പാപത്തെ, അതായത് ശരീരത്തിന്റെ പ്രവൃത്തികളെ (റോമർ 8:13), വെളിപ്പെടുത്തുകയും അപ്പോൾ രക്തത്താൽ നാം ശുദ്ധീകരണം പ്രാപിക്കയും ചെയ്യും. ആ പാപത്തിനും മരിച്ചവരെന്ന് നമ്മെത്തന്നെ എണ്ണുവാൻ ദൈവം നമ്മെ പ്രാപ്തരാക്കും. ഇതാണ് വിശുദ്ധീകരണത്തിന്റെ മാർഗ്ഗം.

പൗലോസ് തിമോഥിയോസിന്റെ പേർക്ക് ഇപ്രകാരം എഴുതി:–“നിർമ്മലതയിൽ വിശ്വാസികൾക്കു മാതൃകയായിരിക്കുക.” (1 തിമോഥി 4:12) ഇതു സാധ്യമാണ്. തിമോഥിയോസ് ഒരു യുവാവായിരുന്ന സ്ഥിതിയിൽത്തന്നെ അദ്ദേഹത്തിന് ഇതു സാധ്യമായിരുന്നു. അതിനാൽ താരതമ്യേന ചുരുങ്ങിയ ഒരു കാലഘട്ടത്തിനുള്ളിൽ ഇപ്രകാരമൊരു സ്ഥിതിയിലേക്കു വന്നു ചേരുവാൻ ഒരുവനു കഴിയും. ഹാ! വിശ്വസിക്കുന്നവർക്കുവേണ്ടി, പൂർണ്ണഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുന്നവർക്കുവേണ്ടി, വ്യാപരിക്കുന്ന അവിടത്തെ കൃപയും ശക്തിയും എത്ര മഹത്വമാർന്നത് ! നിർമ്മലതയിൽ (വിശുദ്ധിയിൽ) ഒരു ദൃഷ്ടാന്തമായിത്തീരുക – ആ അവസ്ഥ ഒന്നു സങ്കൽപ്പിച്ചു നോക്കുക.

കോരിന്തിലുള്ള മുഴുവൻ സഭയ്ക്കും പൗലോസ് ഇപ്രകാരം എഴുതി : – “





ഞാൻ ക്രിസ്തു എന്ന ഏകപുരുഷന് നിങ്ങളെ നിർമ്മലകന്യകയായി ഏൽപിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു! (2 കോരി 11 : 2) മറ്റുചില ലേഖനഭാഗങ്ങൾ: “ നിങ്ങൾ ക്രിസ്തുവിന്റെ നാളിലേക്ക് നിർമ്മലന്മാരും ഇടർച്ചയില്ലാത്തവരുമായി (pure and blameless) തീരേണം എന്നു ഞാൻ പ്രാർത്ഥിക്കുന്നു.” ഫിലി 1 :10 “ശുദ്ധിയുള്ളവർക്ക് എല്ലാം ശുദ്ധം തന്നെ.” (തീത്തോസ് 1:15.)

ഏതെങ്കിലും ഒരു സമയത്ത് ഇതിൽ നമുക്ക് പ്രാപിക്കുവാൻ കഴിയുന്ന ഏറ്റവും ഉന്നതമായ നിലവാരം ‘ മനസ്സാക്ഷിയിലുള്ള നിർമ്മലത’യാണ്’. അതായത് ഒരു പ്രത്യേക സമയത്ത് നമുക്കു ലഭിച്ചിട്ടുള്ള വെളിച്ചത്തിന്റെ തോതിന് അനുസൃതമായ വിശുദ്ധി തന്നെ. തനിക്കു ലഭിച്ചിട്ടില്ലാത്ത ഒരു വെളിച്ചത്തെ പിന്തുടരുവാൻ ഒരുവനു സാധ്യമല്ല. എങ്കിലും നമുക്കുള്ള വെളിച്ചത്തിന്റെ പരിധി നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുവാൻ സാധ്യമാണ്. അതനുസരിച്ച് വിശുദ്ധിയിലും നാം വളർന്നുകൊണ്ടിരിക്കും. മനസ്സാക്ഷിയിൽ പൂർണ്ണതപ്രാപിക്കുക എന്നതാണ് പാപത്തെ അതിജീവിക്കുന്ന വിജയജീവിതം over comer’s life (എബ്രാ 9 : 9)

എങ്ങനെ നമുക്ക് വിശുദ്ധി പ്രാപിക്കുവാൻ കഴിയും? ദൈവം വിശ്വാസത്താൽ അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിച്ചു. (അപ്പോ. പ്ര. 15: 9). ക്രിസ്തു ചെയ്ത സമ്പൂർണ്ണ പ്രവൃത്തിയിലുള്ള വിശ്വാസത്താലും ദൈവവചനത്തിലുള്ള വിശ്വാസത്താലും കഴിഞ്ഞകാലത്ത് നാം ചെയ്തുപോയ പാപങ്ങളിൽ നിന്നു നാം ശുദ്ധീകരണം പ്രാപിക്കുന്നു; വിശ്വാസത്താൽ നമ്മുടെ ആന്തരികവ്യക്തിത്വത്തിൽ (പഴയ മനുഷ്യനിൽ) ഉള്ള പാപം അഥവാ അശുദ്ധി നാം നീക്കിക്കളയുന്നു; വിശ്വാസത്താൽ ദൈവത്തിന്റെ വെളിച്ചം മുഖാന്തരം നമ്മുടെ ഉള്ളിൽ

> ഏതെങ്കിലും ഒരു സമയത്ത് നമുക്ക് പ്രാപിക്കുവാൻ കഴിയുന്ന ഏറ്റവും ഉന്നതമായ നിലവാരം ‘മനസ്സാക്ഷിയിലുള്ള നിർമ്മലത’യാണ്’. അതായത് ഒരു പ്രത്യേക സമയത്ത് നമുക്കു ലഭിച്ചിട്ടുള്ള വെളിച്ചത്തിന്റെ തോതിന് അനുസൃതമായ വിശുദ്ധിതന്നെ. തനിക്കു ലഭിച്ചിട്ടില്ലാത്ത ഒരു വെളിച്ചത്തെ പിന്തുടരുവാൻ ഒരുവനു സാധ്യമല്ല. എങ്കിലും നമുക്കുള്ള വെളിച്ചത്തിന്റെ പരിധി നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുവാൻ സാധ്യമാണ്.

അബോധമണ്ഡലത്തിലുള്ള പാപത്തെക്കുറിച്ച് നാം ബോധവാന്മാരാകയും അതിനെ ഉരിഞ്ഞുകളയും ചെയ്യുന്നു.

നമുക്കു ബോധമുള്ള പാപങ്ങളിൽ നിന്നല്ലാതെ മറ്റെന്തിലെങ്കിലും നിന്ന് വിശുദ്ധീകരണം പ്രാപിച്ചിട്ടുള്ളതായി വിശ്വസിക്കുക നമുക്കു സാധ്യമല്ല. നമുക്കു ബോധ്യം വന്നിട്ടുള്ള എല്ലാ പാപങ്ങളിൽ നിന്നും നാം ശുദ്ധീകരണം പ്രാപിച്ചു കഴിഞ്ഞാൽ അപ്പോൾ വചനപ്രകാരം ഒരു വിശുദ്ധഹൃദയമുള്ളവരായി നാം തീരുന്നു. ശുദ്ധഹൃദയത്തോടെ കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന ഏവരോടും സമാധാനം ആചരിക്കുവാൻ നാം ബാധ്യസ്ഥരാണ്. (2 തിമോഥി 2: 22) അതിനാൽ ശുദ്ധഹൃദയമുള്ളവരായി ചിലരുണ്ട്. നമ്മുടെ കാഴ്ചപ്പാടിലെത്തുന്ന സകല അശുദ്ധികളിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കുവാൻ നമുക്കു കഴിയും. അതിനാൽ ജാഗ്രതയോടെ വിചാരത്തിലും വാക്കിലും പ്രവൃത്തിയിലുമുള്ള വിശുദ്ധിയെ നമുക്കു പിന്തുടരാം.

❖

# ബൈബിളിലൂടെ

28-ാം പേജിൽ നിന്നു തുടർച്ച

കാണാം. "കാപട്യമില്ലാത്ത ഒരു മനുഷ്യനെ കാണുക." കർത്താവിൽ നിന്നുള്ള മനോഹരമായ ഒരു സാക്ഷ്യം! അതൊരു നേട്ടം തന്നെ. നഥനയേൽ പാപമില്ലാത്ത സമ്പൂർണ്ണനായ വ്യക്തി എന്നല്ല കർത്താവു പറഞ്ഞത് - കാരണം നഥനയേൽ പാപമില്ലാത്തവനോ പൂർണ്ണതയുള്ളവനോ ആയിരുന്നില്ല. നിർമ്മലമായ ഒരു കണ്ണാടി പോലെ തികഞ്ഞ സുതാര്യതയുള്ള ഒരു വ്യക്തിയാണ് നഥനയേൽ എന്നാണു യേശു പറഞ്ഞത്. കർത്താവ് ഒരിക്കലും വ്യാജം പറയുന്നവനല്ല. അധികം ക്രിസ്ത്യാനികളും സുതാര്യമല്ലാത്ത കണ്ണാടി പോലെയാണ്. കണ്ണാടിയുടെ മറുപുറത്ത് അവർ വ്യത്യസ്തമായൊരു ജീവിതം നയിക്കുന്നു. കാപട്യമില്ലാത്ത ജീവിതമെന്നാൽ അകത്തും പുറത്തും ഒരുപോലെ ഒന്നും മറച്ചുവയ്ക്കാനാഗ്രഹിക്കാത്ത ജീവിതം എന്നർത്ഥം. ഒരുപക്ഷേ നമ്മുടെ കോപസ്വഭാവത്താൽ നാം പരാജയപ്പെട്ടവരാകാം. നാം അതു മറച്ചുവയ്ക്കുകയോ അഭിനയിക്കുകയോ ചെയ്യുന്നില്ല. വെളിപ്പാട് 21ൽ യേശുക്രിസ്തുവിന്റെ സഭയാകുന്ന ഒരു പുതിയ യെരുശലേം സ്വച്ഛസ്ഫടിക തുല്യമാണെന്നു പറഞ്ഞിരിക്കുന്നു. ആ സഭയിലായിരിക്കണമെന്നു നാം ആഗ്രഹിക്കുന്നു. എങ്കിൽ അത്തരം ഒരു ജീവിതം നയിക്കുവാൻ നാം തയ്യാറാകണം.

(തുടരും)

**മൊഴിമാറ്റം: സുജ ഏബ്രഹാം**

❖

## എഡിറ്റോറിയൽ തുടർച്ച

മാംസവും ആകുന്നു. ഇവളെ നരനിൽ നിന്ന് എടുത്തിരിക്കയാൽ ഇവൾക്കു നാരി എന്നു പേരാകും' എന്നു പ്രസ്താവിച്ചുകൊണ്ട് അവളെ തന്റെ ഭാര്യയായി സ്വീകരിക്കുന്നു. (ഉൽപ. 2:23) ആദം നേരത്തെ തന്റെ മുൻപിലൂടെ പോയ ജീവജന്തുക്കളെയും കാട്ടു മൃഗങ്ങളെയും ഒന്നും ഭാര്യയായി സ്വീകരിക്കാഞ്ഞതെന്തുകൊണ്ടാണ്? കാരണം അവയൊന്നും അവന്റെ ശരീരത്തിന്റെ ഭാഗമായിരുന്നില്ല. ഒരിക്കൽ തന്റെ ശരീരമായിരുന്നതിനെ മാത്രമേ ആദമിനു ഭാര്യയായി സ്വീകരിക്കാൻ കഴിഞ്ഞുള്ളൂ. ക്രിസ്തു ആദമിന്റെയും സഭ ഹവ്വയുടെയും പൊരുളാണെങ്കിൽ ക്രിസ്തുവിനെ സംബന്ധിച്ചും ഇത് അങ്ങനെ തന്നെയാണ്. തന്റെ ശരീരത്തിന്റെ ഭാഗമായതിനെ മാത്രമേ അവിടുത്തേക്കു കാന്തയായി എടുപ്പാൻ കഴിയുകയുള്ളൂ. കർത്താവിന്റെ ശരീരമാകുന്ന സഭ എത്ര പ്രധാനമാണെന്നതിലേക്കാണ് ഇതെല്ലാം വിരൽ ചൂണ്ടുന്നത്.

ഈ സഭയെ സ്നേഹിക്കണമെന്നാണു ദൈവം നമ്മോടു ആവശ്യപ്പെടുന്നത്. 'നിങ്ങളുടെ ആത്മീയ കുടുംബത്തെ സ്നേഹിപ്പിൻ' (1 പത്രോസ് 2:17 മെസേജ് ബൈബിൾ). നിർഭാഗ്യവശാൽ സഭയെ സ്നേഹിക്കുന്നവരെക്കാൾ സഭയെ ഉപയോഗിക്കുന്നവരാണ് ഇന്നേറെ.

സഭയെ സ്നേഹിച്ചാണു ക്രിസ്തു തന്റെ ജീവനെ നൽകിയതെന്ന് ഓർക്കുക. സഭ, ക്രിസ്തുവിന് വളരെ വിലപ്പെട്ടതാണ്. നമുക്കോ?





Youth Section




# Christians and Higher Education

Sandeep Poonen

***Question:***

I am considering advancing my career by getting a Master's degree. I know that the Bible warns me against loving the world, but is there something wrong in wanting to gain in knowledge and expertise in the things of this world?

***Answer:***

Thank you for your question. This is a very relevant question for many young Christians, since there have been various positions that have been maintained by different Christian groups. I think every single Christian draws the line somewhere. For example, there are some extremely conservative Christian groups who believe that it is wrong to have electricity in the home, to drive cars, etc. So they still light lamps at night and ride on horses and horse-driven carriages to get around.

But Christians are not the only ones who have had to fight this issue. One famous example of this is from the 19th century, when there was a social movement organized by English textile workers to protest (even violently sometimes) the changes from the Industrial Revolution, that was leaving them without work and changing their overall way of life. The movement was named after a mythical person called King Ludd, who (like Robin Hood) was reputed to live in Sherwood Forest. Today, the English word **luddite** is used to describe those who are opposed to industrialisation, automation, and new technologies in general.

So are we to be "luddites" today in some areas? Some might consider it too

worldly to pursue higher education. Others might consider it too worldly to take a well-paying job, or marry a person who is really physically pretty, etc. Let me address the question asked - and talk specifically here about pursuing higher education. But I believe the principle can be applied to many areas in this life.

Now to be sure, there are Biblical verses that warn about the great danger in coveting the appealing things of this world. For example we read these words of Jesus in Luke 16:15: "*You are those who justify yourselves in the sight of men, but God knows your hearts; for that which is highly esteemed among men is detestable in the sight of God.*" Since many of the things that I might desire in this earth are clearly highly esteemed among people, does that mean that these are automatically detestable in the sight of God?

I think we have to be careful to read Scripture carefully and completely. There is a lot of danger that can come from reading God's Word out of context (carelessly). That danger is compounded by not also considering what else the Word of God has to say on a particular topic (incompletely).

In the particular verse in Luke, I see that Jesus is really exposing the Pharisees for justifying themselves and seeking to live their lives in a way that the masses revered them. But to extend the meaning of this verse to then think that something automatically becomes detestable just because the world values it, is very poor logic. For example, every rational and feeling person loves the beauty of nature and the marvel of various animals. Does that mean that these are detestable to God??? We can see how illogical that line of thinking is.

So let me give you other verses that help me understand how I as a Christian might approach higher education:

***1. 1 Corinthians 10:31 - Whether, then, you eat or drink or whatever you do, do all to the glory of God.***

This tells me that the overriding goal of all our endeavors should be the glory of God. So to be sure, even in all of my desire to seek a higher education, the end goal through a higher degree should be to bring glory to God. I see this as an over-arching verse that we can apply at a macro level to ask ourselves whether our END GOAL in any of our endeavors is truly the glory of God. If it is not, we either have to radically change the way with which we view our





endeavors, or we have to be willing to give up those endeavors.

***2. John 17:15-17 - [15]I do not ask You to take them out of the world, but to keep them from the evil one. [16]They are not of the world, even as I am not of the world. [17]Sanctify them in the truth; Your word is truth.***

From this verse, I learn that God does not want me to retreat from being active in this world. This is one reason that I don't think it is God's desire for us to be ascetics who spend all their lives in a secluded monastery. Rather, we are to be present in this world, living amidst a hostile world system, and constantly seeking to be kept from the evil one and his schemes that seek to distract us from loving God most.

The picture of a ship and water can help us understand this. A ship can keep from sinking by staying docked in the harbor. But it is of no use in the harbor. Ships were meant to be out in the mighty oceans and seas. That is where it is of use to us. A ship that has been properly designed and has no leaks will keep the water out of it and will also be useful in staying afloat. This is also how we ought to be in this world. We are in the world (like a ship sits in the ocean), but the world is not in us (the water does not come into the ship).

***3. 2 Corinthians 12:14 - Here for this third time I am ready to come to you, and I will not be a burden to you; for I do not seek what is yours, but you; for children are not responsible to save up for their parents, but parents for their children.***

This verse teaches me that as a parent, I should work hard and plan financially (to the best of their ability) to provide an inheritance for my children. Now of course, I must keep the glory of God as my over-arching goal. But even in the midst of that goal, I have to wake up every morning, and work hard in oftentimes unpleasant environments - to earn a living. I have to make sacrificial choices in what I buy, what kind of foods I eat, what I do with my free time, how often I go out, etc. In all these details of life, one of the ways I prove that I desire the glory of God is by choosing to save up some money for my children rather than spending all my money on my own pleasure. (I also think that single Christians can prepare for married life by living with this attitude).

***4. 2 Thessalonians 3:7-8,10-12 - [7]For you yourselves know how you ought to follow our example, because we did not act in an undisciplined manner among you, [8]nor did we eat anyone's bread without paying for it,***

***but with labor and hardship we kept working night and day so that we would not be a burden to any of you… [10]For even when we were with you, we used to give you this order: if anyone is not willing to work, then he is not to eat, either. [11]For we hear that some among you are leading an undisciplined life, doing no work at all, but acting like busybodies. [12]Now such persons we command and exhort in the Lord Jesus Christ to work in quiet fashion and eat their own bread.***

I can learn something from the example of Paul here. Another big reason we work hard and even labor in our jobs is so that we do not become a burden to others. We all do not have the ability to make a lot of money or have overly comfortable lives. But I believe it is the will of the Lord that we work in our secular jobs even "with labor and hardship" - so that we are not a burden to others.

So these verses give me confidence that I CAN freely pursue higher education with a clear conscience. Gaining a higher degree will almost always help me secure a better-paying job. Now of course, I do not relish a higher-paying job because I am "of this world." I have to definitely guard against all those thoughts. I must keep reminding myself that any higher degree that I gain, any promotion that I receive, and any better job that I accept, must be used and leveraged to bring greater glory to Jesus Christ. So as I battle to keep this as my overall goal, I can freely pursue a higher degree, accept a better-paying job, etc - because it is helpful in other practical matters. It helps me take care of my family; it helps me save up an inheritance for my children; and it helps me be self-sufficient and not a burden to others.

But let me also say this in closing. If what I have written fails to convince you about pursing a higher education, then live according to your conscience and how you understand these verses I have mentioned to be understood. Also seek godly counsel from people whom you respect and are living a holy life, not just theorists. That said, do not push your personal belief on others, and judge others as being spiritually inferior for having a different opinion. Live your life in the freedom of our conscience, and let others live in the freedom of theirs.

(please mail your genuine doubts to: **sandeep@poonen.org**)

# ജീവമൊഴികൾ

എഡിറ്റോറിയൽ ബോർഡ്

വാർഷിക വരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു പുറത്ത് | Rs.500/- |

എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം :

ജീവമൊഴികൾ

കേരള - 686 014,

ഫോൺ: 0481 - 2393755,

9495234087, 9349518334

വിദേശപ്രതിനിധികൾ

U.S.A - Biney James

DUBAI - Shabu Kuruvilla

Phone: 050-7970039


മൊഴിമുത്ത്

## യേശുവും പരിശുദ്ധാത്മാവും



യേശുവും പരിശുദ്ധാത്മാവും നമുക്കു വേണ്ടി മധ്യസ്ഥത ചെയ്യുന്നു. എന്നാൽ ഇരുവരുടെയും മധ്യസ്ഥതയ്ക്ക് ഒരു വ്യത്യാസമുണ്ട്. ക്രിസ്തുവിനു നമ്മുടെ സഹായം കൂടാതെ നമുക്കുവേണ്ടി മധ്യസ്ഥത ചെയ്യാൻ കഴിയും. യേശു നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നതു നമ്മെ തന്റെ പ്രാർത്ഥനയുടെ വിഷയമാക്കിക്കൊണ്ടാണ്.

എന്നാൽ പരിശുദ്ധാത്മാവിനു മധ്യസ്ഥത ചെയ്യണമെങ്കിൽ നമ്മുടെ സഹകരണം വേണം. നമ്മെ വേണ്ടുംപോലെ പ്രാർത്ഥിക്കാനായി ശക്തരാക്കിക്കൊണ്ടും നമ്മുടെ ബലഹീനതകളിൽ തുണ നിന്നുംകൊണ്ടാണ് പരിശുദ്ധാത്മാവു നമ്മെ സഹായിക്കുന്നത്. പരിശുദ്ധാത്മാവു നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നത് നമ്മെ തന്റെ പ്രാർത്ഥനയുടെ വാഹനമാക്കിക്കൊണ്ടാണെന്നു പറയാം

-ആർതർ വാലിസ്

## മാനസികരൂപാന്തരം




ഈ ലോകത്തിനനുരൂപമാകരുത്; മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ; എന്നാൽ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു നിങ്ങൾ തിരിച്ചറിയും. (റോമ.12: 2)

# TASTE AND SEE GOD IS GOOD

At the University of Chicago Divinity School, each year, they have what is called "Baptist Day." On this day, each one is to bring a lunch to be eaten outdoors in a grassy picnic area. Every "Baptist Day" the school would invite one of the greatest minds to lecture in the theological education center.

One year they invited Dr. Paul Tillich. Dr.Tillich spoke for two and one-half hours attempting to prove that the resurrection of Jesus was false. He quoted scholar after scholar and book after book. He concluded that since there was no such thing as the historical resurrection, the religious tradition of the church was groundless.He then asked if there were any questions.

After about 30 seconds, an old, dark skinned preacher with a head of short-cropped, woolly white hair stood up in the back of the auditorium. "Docta Tillich, I got one question," he said as all eyes turned toward him.

He reached into his sack lunch and pulled out an apple and began eating it. "Docta Tillich... CRUNCH, MUNCH... My question is a simple question... CRUNCH, MUNCH... "Now, I ain't never read them books you read... CRUNCH, MUNCH... and I can't recite the Scriptures in the original Greek... "

He finished the apple... "All I wanna know is: This apple I just ate... was it bitter or sweet? Dr. Tillich paused for a moment and answered in exemplary scholarly fashion... "I cannot possibly answer that question, for I haven't tasted your apple."

The white-haired preacher dropped the core of his apple into his crumpled paper bag, looked up at Dr. Tillich and said calmly, "Neither have you tasted my Jesus." The 1,000 plus in attendance could not contain themselves. The auditorium erupted with applause and cheers.

Dr. Tillich thanked his audience and promptly left the platform.

Have you tasted Jesus? Psalm 34:8



## *Just a minute*

*".....and a dimly burning wick He will not extinguish"*
*...Isaiah 42:3*

***Pheba Cleetus***